ISSN-0971-8397

# യോജന

ജൂൺ 2014 ഒരു വികസനപത്രിക ₹10



## കാർഷിക മേഖല

**കാർഷിക മേഖലാ നയങ്ങളും കർമ്മ പരിപാടികളും**
സി.എസ്.സി. ശേഖർ

**സമ്പത്തിന്റെ കർഷക ശാസ്ത്രം**
ആർ. സുരേഷ്

**വികസ്വര രാജ്യങ്ങളും ലോകവ്യാപാര സംഘടനയും**
ഡോ. ജെ. പി. സിംഗ്

പ്രത്യേക ലേഖനം

**ബലാൽസംഗവും അതിനുള്ള ശിക്ഷയും**
പ്രതീക്ഷാ ബക്ഷി




കൊച്ചി നാവിക ആസ്ഥാനത്ത് കമ്മീഷൻ
ചെയ്ത നീലം എന്ന കപ്പൽ

ജൂൺ 2014

വാല്യം 42 | ലക്കം 11

# യോജന

*ചീഫ് എഡിറ്റർ:*
**രാജേഷ് കെ. ഝാ**

**മലയാളം പതിപ്പ്**

*എഡിറ്റർ:*
**ആർ.കെ. പിള്ള**





ഈ ലക്കത്തിൽ

## കാർഷിക മേഖല


**മലയാളം പതിപ്പ്** : റ്റി.സി 25/139, ഗവൺമെന്റ് പ്രസ്സ് റോഡ്, തിരുവനന്തപുരം - 695 001, ഫോൺ : 0471 - 2323826
ഇ-മെയിൽ : yojanamal50@yahoo.co.in, yojanamalayalam@gmail.com

**വെബ്സൈറ്റ്** : www.yojana.gov.in

**ഇ-മെയിൽ** : yojanace@gmail.com

വരിസംഖ്യ/ബിസിനസ് സംബന്ധമായ വിവരങ്ങൾക്ക് : pdjucir@gmail.com

ആസൂത്രണവും വികസനവും ലക്ഷ്യമാക്കി മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ബംഗാളി, തമിഴ്, അസമിയ, മറാഠി, തെലുങ്ക്, ഗുജറാത്തി, ഉറുദു, പഞ്ചാബി, കന്നട, ഒറിയ എന്നീ 13 ഭാഷകളിൽ പ്രസിദ്ധീകരിക്കുന്നത്.

ഇംഗ്ലീഷ് യോജനയുടെ വരിസംഖ്യാ സംബന്ധമായ അന്വേഷണങ്ങൾക്ക് എഴുതേണ്ട വിലാസം:

അഡ്വർടൈസിങ് ആന്റ് സർക്കുലേഷൻ മാനേജർ, ഈസ്റ്റ് ബ്ലോക്ക് - 4, ലെവൽ - 7, ആർ.കെ.പുരം, ന്യൂഡൽഹി - 110066, ഫോൺ : 26105590



യോജനയിൽ അച്ചടിച്ചു വരുന്ന ലേഖനങ്ങളിലെ അഭിപ്രായം ലേഖകരുടേതായിരിക്കും; അവ സർക്കാരിന്റേതാകണമെന്നില്ല. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും യോജനയ്ക്ക് ഉത്തരവാദിത്തമില്ല.


യോജനയുടെ ഉദ്ദേശ്യം വികസനത്തിന്റെ സന്ദേശം നാടെങ്ങും എത്തിക്കുകയാണ്. പക്ഷേ ഇതിൽ ഔദ്യോഗികാഭിപ്രായങ്ങൾക്കു മാത്രമല്ല സ്ഥാനം നല്കപ്പെടുക. ജനാഭിലാഷങ്ങളുടെയും നൈരാശ്യങ്ങളുടെയും കണ്ണാടി കൂടിയാണ് യോജന.


കവർ. പി.ജി ധോപെ

യോജന ജൂൺ 2014




# ലേഖനങ്ങൾ ക്ഷണിയ്ക്കുന്നു

**സമ്പദ് വ്യവസ്ഥ, ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹ്യക്ഷേമ മേഖലകളിലെ പ്രവണതകൾ എന്നിവ സ്ഥിതിവിവര കണക്കുകളോടെ വിശകലനം ചെയ്യുന്ന**

## ലേഖനങ്ങൾ

**വിദഗ്ദ്ധരിൽ നിന്നും ഗവേഷണ വിദ്യാർത്ഥികളിൽനിന്നും**

## ക്ഷണിക്കുന്നു


**വിലാസം:**

**പത്രാധിപർ, യോജന, ഗവ. പ്രസ്സ് റോഡ്, തിരുവനന്തപുരം – 695 001**

**ഫോൺ നമ്പർ : 0471 – 2323826**

**ഇ–മെയിൽ:**

yojanamalayalam@gmail.com,yojanamal50@yahoo.co.in

യോജന
● ജൂൺ 2014 ● വാല്യം 42 ● ലക്കം പതിനൊന്ന്

# ഉള്ളടക്കം

## കാർഷിക മേഖല

7 കാർഷിക മേഖലാ നയങ്ങളും കർമ്മ പരിപാടികളും
– സി.എസ്.സി. ശേഖർ

13 കാർഷിക മേഖലാ പ്രവർത്തനങ്ങൾ – തൊണ്ണൂറുകളും അതിനുശേഷവും
– ഡോ. രമേശ് ചന്ദ്

18 സമ്പത്തിന്റെ കർഷക ശാസ്ത്രം
– ആർ. സുരേഷ്

23 പുതിയ ചുവടു വെയ്പുകളോടെ കാർഷിക മേഖല
– സുരേഷ് മുതുകുളം

28 കേരളത്തിലെ നെൽകൃഷി : സമൂഹ പാടത്തേയ്ക്ക്
– ഡോ. ജോമോൻ മാത്യു

31 വികസ്വര രാജ്യങ്ങളും ലോകവ്യാപാര സംഘടനയും
– ഡോ. ജെ.പി. സിംഗ്

36 ഇന്ത്യൻ കാർഷിക മേഖലയും അവധി വ്യാപാരവും
– സംന, ഡോ. ഷാഹുൽ ഹമീദ്

41 ഇന്ത്യയുടെ വിഭവശേഷി നിർമാണം
– അജയ് ഷാ

## പ്രത്യേക ലേഖനം

46 ബലാൽസംഗവും അതിനുള്ള ശിക്ഷയും
– പ്രതീക്ഷാ ബക്ഷി

51 അനന്തപുരിയുടെ സ്വന്തം കുരുവികൾ
– സി. റഹിം

53 നല്ല ശീലങ്ങൾ

54 നിങ്ങൾക്കറിയാമോ ?

## വരും ലക്കങ്ങൾ

| ജൂലൈ 2014 | ആഗസ്റ്റ് 2014 |
|---|---|
| ജനാധിപത്യവും തെരഞ്ഞെടുപ്പ് പരിഷ്ക്കാരവും | നഗരവികസന പദ്ധതി |

# പത്രാധിപകുറിപ്പ്

## തൊഴിലാളി, കർഷകൻ, ഉടമസ്ഥൻ

ഇന്ത്യയുടെ കാർഷിക മേഖല കഷ്ടപ്പാടിന്റെ ഒരു കാഴ്ചയാണ് പ്രദാനം ചെയ്യുന്നത്. രാജ്യത്തിന്റെ സാമ്പത്തിക വികസനത്തിൽ കൃഷിയുടെ പങ്ക്, വ്യവസായിക, സേവന മേഖലകളുമായി തട്ടിച്ചുനോക്കുമ്പോൾ ഈ മേഖലയുടെ പ്രാധാന്യം, കാർഷിക മുന്നേറ്റത്തിനുള്ള സാമ്പത്തിക സഹായം എന്നിവയുമായി ബന്ധപ്പെട്ട ചർച്ചകളെല്ലാം വളരെയധികം വ്യത്യസ്തമായ നിലപാടുകളിലേക്ക് നമ്മേ നയിക്കുന്നതായി കാണാം. അതേ സമയം രാഷ്ട്രത്തിന്റെ വികസന നയം രൂപീകരിക്കുന്നവർക്ക് കടുത്ത വെല്ലുവിളി ഉയർത്തുന്ന കാര്യങ്ങളാണ് പല പ്രദേശങ്ങളിലേയും പിന്നാക്കാവസ്ഥ, ആരോഗ്യ വിദ്യാഭ്യാസ മേഖലകളിലെ മോശമായ സൗകര്യങ്ങൾ എന്നിവ.

രാജ്യത്തിന്റെ പൊതുവായ ക്ഷേമം ഉറപ്പാക്കുന്നതിൽ കാർഷികമേഖല നിർണ്ണായക പങ്കു വഹിക്കുന്നു എന്നതിൽ സംശയം ഏതുമില്ല. തൊഴിലവസരങ്ങളിൽ പകുതിയും സൃഷ്ടിക്കുന്നതും 70% ജനങ്ങൾക്കും ജീവനോപാധി ആകുന്നതും കാർഷിക പ്രവർത്തനമാണ്. 1950-51ൽ നമ്മുടെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 51.9 ശതമാനം സംഭാവന ചെയ്തിരുന്ന കാർഷികമേഖലയുടെ പങ്ക് 2012-13 ആയപ്പോഴേക്കും കേവലം 13.7 ശതമാനമായി കുറഞ്ഞു എന്നത് ശ്രദ്ധിക്കപ്പെടേണ്ട കാര്യമാണ്. ഈ അവസ്ഥ രാജ്യത്തെ തൊഴിൽ, വരുമാനം എന്നിവയിൽ അസമത്വം സൃഷ്ടിക്കുകയും കാർഷിക, കാർഷികേതര മേഖലകളിലും നഗര-ഗ്രാമ മേഖലകളിലും വരുമാനത്തിൽ കാര്യമായ മാറ്റങ്ങൾക്കു വഴിതെളിക്കുകയും ചെയ്തു. ഈ പ്രവണതകൾ സസൂക്ഷമം വിശകലനം ചെയ്യേണ്ടതുണ്ട്. കാർഷിക മേഖലയിലെ ചാലകശക്തികളെക്കുറിച്ചും മാറ്റങ്ങളുടെ പ്രത്യേകതകളെകുറിച്ചും നല്ല രീതിയിൽ മനസ്സിലാക്കിയാൽ മാത്രമേ ഈ മേഖലയുടെ ഭാവി ശോഭനമാക്കാനുള്ള രൂപരേഖ തയ്യാറാക്കാൻ കഴിയൂ.

മറ്റ് മേഖലകളെ അപേക്ഷിച്ച് കാർഷിക മേഖലയിലുണ്ടാകുന്ന വളർച്ച ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് രണ്ടിരട്ടി പ്രയോജനം ചെയ്യുന്നതിനാൽ ഈ മേഖല സർവ്വ പ്രധാനമാണ്. എന്നാൽ നമ്മുടെ കാർഷിക രംഗത്തെ വളർച്ച ഇനിയും വളരെയേറെ മെച്ചപ്പെടേണ്ടിയിരിക്കുന്നു. 1951-52 മുതൽ 1965-66 വരെ 2.18 ശതമാനം ആയിരുന്ന കാർഷിക വളർച്ച 2005-2006 മുതൽ 2011-12 വരെ 3.89 ശതമാനമായി വർദ്ധിച്ചു എന്നത് പ്രത്യേകതയാണ്. എന്നാൽ ഇതേ കാലയളവിൽ സമ്പദ്ഘടനയുടെ മറ്റു മേഖലകൾ കൈവരിച്ച നേട്ടം കാർഷികമേഖലയിൽ ഉണ്ടായില്ല. കൃഷിയിലെ പൊതുനിക്ഷേപം കുറഞ്ഞു. കാർഷിക സബ്സിഡികൾ വിപുലീകരിച്ചതാണ് ഇതിനു കാരണമായി പറയപ്പെടുന്നത്. അതേസമയം 9-ാം പഞ്ചവത്സരപദ്ധതി മുതൽ ഈ പ്രവണതയിൽ മാറ്റമുണ്ടായി. 10-ാം പദ്ധതിയിൽ 13.9 ശതമാനമായിരുന്ന കാർഷിക മേഖലയിലെ മൊത്തം മൂലധന രൂപീകരണം 11-ാം പദ്ധതിക്കാലത്ത് 19 ശതമാനമായി കൂടി.

ആധുനിക കോർപ്പറേറ്റ് കാർഷിക രീതിയിലേക്ക് നീങ്ങുന്നതിലാണോ കാർഷിക മേഖലയുടെ ഭാവി എന്നത് വ്യക്തമല്ല. അതുപോലെതന്നെ കൃഷിയിടങ്ങൾ തുണ്ടു ഭൂമികളാകുന്ന പ്രവണത ഈ മേഖലയിലെ സംഘർഷത്തിന്റെ രൂപം മാറ്റിയിട്ടുണ്ട്. ഇപ്രകാരമാണെങ്കിലും കാർഷിബന്ധങ്ങൾക്ക് ഇപ്പോഴും നിർണ്ണായകമായ രാഷ്ട്രീയ മാനങ്ങൾ ഉണ്ട്. ഗ്രാമീണ ജനതയെ തൊഴിലാളി, കർഷകൻ, ഉടമസ്ഥൻ എന്നിങ്ങനെ സാമ്പത്തിക ശാസ്ത്രജ്ഞൻ ഡാനിയൽ തോർണർ തരംതിരിച്ചതിന് ഇപ്പോൾ പ്രസക്തി കുറഞ്ഞിട്ടുണ്ടാകാം. എന്നാൽ കാർഷികമേഖലയെ സാമ്പത്തികമായി മനസ്സിലാക്കുന്നതിനും ഈ മേഖലയുടെ പൊതുവായ ചട്ടക്കൂട് വിശകലനം ചെയ്യുന്നതിനും തോർണറുടെ പരാമർശത്തിന് ഇപ്പോഴും പ്രസക്തിയുണ്ട്.

# കാർഷിക മേഖലാ നയങ്ങളും കർമ്മപരിപാടികളും

സി. എസ്. സി. ശേഖർ

**കാർഷിക മേഖലയുടെ വളർച്ചയെ ബാധിക്കുന്ന ഘടകങ്ങളെ പ്രകൃതിസംബന്ധം, സാങ്കേതികം, സാമ്പത്തികം, സ്ഥാപനപരം, നയപരം എന്നിങ്ങനെ പൊതുവിൽ തരംതിരിക്കാം. കാർഷിക മേഖലയുടെ വികസനം മേൽപ്പറഞ്ഞ ഘടകങ്ങളുടെ ഒരു മേളനമാണ്.**

ഇന്ത്യയുടെ കാർഷിക നയങ്ങളും, കഴിഞ്ഞ കാലങ്ങളിൽ നമ്മുടെ കാർഷിക മേഖലയ്ക്കുണ്ടായ പുരോഗതിയെ അത് എത്രമാത്രം സ്വാധീനിച്ചു എന്നതുമാണ് ഈ ലേഖനത്തിൽ ചർച്ച ചെയ്യുന്നത്. ആദ്യം അപഗ്രഥന ഘടനയും തുടർന്ന് നയങ്ങളുടെ വികാസ പരിണാമങ്ങളുമാണ് വിശകലനം ചെയ്യുന്നത്.

രാജ്യത്തിന്റെ വികസന പ്രക്രിയയിൽ കാർഷിക മേഖല വഹിച്ച പങ്ക്, കാർഷിക വളർച്ചയെ ബാധിക്കുന്ന വിവിധ ഘടകങ്ങൾ എന്നിവയുടെ പശ്ചാത്തലത്തിലാണ് ഇന്ത്യയുടെ കാർഷിക നയത്തിന്റെ വികാസ പരിണാമങ്ങൾ ഇവിടെ വിശകലനം ചെയ്യുക.

രാജ്യത്തിന്റെ വികസന പ്രക്രിയയിൽ കാർഷിക മേഖല പ്രധാനമായും മൂന്നു ദൗത്യങ്ങളാണ് നിർവഹിച്ചത്. 1) സമ്പദ്‌വ്യവസ്ഥയുടെ ഇതര മേഖലകൾക്ക് ആവശ്യമായ പ്രാരംഭ വിഭവങ്ങൾ ലഭ്യമാക്കി. 2) വ്യവസായ മേഖലയ്ക്ക് ആവശ്യമായ വേതന ഉത്പ്പന്നങ്ങൾ നല്കി. 3) ഫോർവേഡ് ലിങ്കേജ്, (വ്യവസായ മേഖലയ്ക്ക് ആവശ്യമായ വിഭവവിതരണം) ബാക്ക്വേർഡ് ലിങ്കേജ്, (കാർഷിക മേഖലയിൽ വ്യവസായമേഖലയിൽ നിന്നുള്ള വിഭവങ്ങളുടെ ഉപയോഗം) എന്നിവവഴി വളർച്ച ത്വരിതപ്പെടുത്തി. ഇതിൽ ഒന്നാമത്തെയും മൂന്നാമത്തെയും പ്രവർത്തനങ്ങൾക്ക് ശക്തവും സമഗ്രവുമായ കാർഷിക വളർച്ച ആവശ്യമാണ്. എന്നാൽ രണ്ടാമത്തെ പ്രവർത്തനത്തിന് ഭക്ഷ്യസാധനങ്ങളുടെ പര്യാപ്തമായ വിതരണമാണ് വേണ്ടത്. അതിനാൽ സുസ്ഥിര സാമ്പത്തിക പുരോഗതിക്ക് കാർഷിക മേഖലയിലും, ഭക്ഷ്യോത്പാദനത്തിലും വളർച്ച അനിവാര്യമാകുന്നു.

കാർഷിക മേഖലയുടെ വളർച്ചയെ ബാധിക്കുന്ന ഘടകങ്ങളെ പ്രകൃതിസംബന്ധം, (കാലാവസ്ഥ), സാങ്കേതികം, സാമ്പത്തികം, സ്ഥാപനപരം, നയപരം എന്നിങ്ങനെ പൊതുവിൽ തരംതിരിക്കാം. കാർഷിക മേഖലയുടെ വികസനം എന്നാൽ മേൽപ്പറഞ്ഞ ഘടകങ്ങളുടെ ഒരു മേളനമാണ്. പ്രകൃതിയിലെ ഘടകങ്ങൾ എന്നു പറയുമ്പോൾ മണ്ണ്, മഴ, താപനില തുടങ്ങിയവയാണ്. വിത്ത്, വളം, കീടനാശിനികൾ, കൃഷി യന്ത്രങ്ങൾ തുടങ്ങി രാജ്യത്ത് ലഭ്യമായിട്ടുള്ള സാങ്കേതിക വിദ്യകളാണ് സാങ്കേതിക ഘടകങ്ങൾ. മൂന്നാമത്തെ വിഭാഗം അതിന്റെ സാമ്പത്തിക സ്വഭാവമാണ്. അതായത് കൃഷിയിലെ ലാഭസാധ്യത. കാർഷിക മേഖലയിലെ ലാഭം ഇതര മേഖലകളെ സ്വാധീനിക്കുകയും കൃഷിയിൽ മൂലധന നിക്ഷേപത്തിന് സ്വകാര്യ മേഖലയെ പ്രേരിപ്പിക്കുകയും ചെയ്തു തുടങ്ങി. വിള പരിക്രമത്തിലൂടെ കൂടുതൽ ലാഭം ലഭിച്ചപ്പോൾ ഏതൊക്കെ വിളകൾ കൃഷി ചെയ്യണമെന്നും അതിന് എത്ര സ്ഥലവും വിഭവങ്ങളും വിനിയോഗിക്കണമെന്നും കൃഷിക്കാർക്കു മനസിലായി. നാലാമത്തെ ഘടകം സ്ഥാപനങ്ങളാണ്. അധികമാർക്കും ഇനിയും മനസിലാകാത്ത ഒരു ആശയം. സ്ഥാപനം എന്നാൽ സാമ്പത്തിക ഇടപാടുകാരുടെ പ്രവർത്തനങ്ങൾ നിശ്ചയിക്കുന്ന ഔപചാരിക നിയമങ്ങളും അനൗ

പചാരിക നിയമങ്ങളും തന്നെ. ഗ്രാമങ്ങളിലെ കർഷകരിൽ നിന്ന് ഭക്ഷ്യധാന്യങ്ങൾ വിലയ്ക്കു വാങ്ങുന്ന ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയും, ഗ്രാമതലത്തിൽ കർഷകർക്കു പണം പലിശയ്ക്കു നല്കുന്ന ഹുണ്ടിക വ്യാപാരിയും - ഇതു രണ്ടു മാണ് മുകളിൽ സൂചിപ്പിച്ച രണ്ടു തരം സ്ഥാപനങ്ങൾക്കുദാഹരണം. സ്ഥാപനങ്ങളാണ് കൈമാറ്റ ചെലവുകൾ നിശ്ചയിക്കുന്ന പ്രധാന ഘടകം.

അവസാനത്തെ ഘടകം നയങ്ങളുമായി ബന്ധപ്പെട്ടതാണ്. മേൽ വിവരിച്ച ഒട്ടുമുക്കാൽ ഘടകങ്ങളുടെയും മേൽ ഇതിനു വലിയ സ്വാധീനമാണുള്ളത്. ഉദാഹരണത്തിന് ഗ്രാമീണ മേഖലയിൽ റോഡുകൾ, വൈദ്യുതീകരണം, വിപണികൾ തുടങ്ങിയവയുടെ വികസനത്തിന് രാജ്യം വൻ നിക്ഷേപം നടത്തിയാൽ അത് കൃഷിയെ ലാഭകരമാക്കി മാറ്റും. പാട്ടനിയമങ്ങൾ ഉദാരമാക്കിയാൽ ഭൂമി പാട്ടത്തിനെടുത്ത് കൃഷി നടത്തുക എളുപ്പമാകും. ഇതിലൂടെ പുത്തൻ സാങ്കേതിക വിദ്യകൾ കാർഷിക രംഗത്തേയ്ക്ക് പ്രവഹിക്കും. കാർഷിക മേഖലയിൽ ഗവേഷണത്തിനും വികസനത്തിനുമായി നിക്ഷേപങ്ങൾ വരും. പൊതു മുതൽമുടക്കിനും ഇത്തരത്തിൽ കാർഷിക പുരോഗതിയെ പ്രോത്സാഹിപ്പിക്കുന്ന അനുകൂല ഫലങ്ങളുണ്ടാകും. അതായത് പ്രകൃതിശക്തികൾ ഒഴികെയുള്ള എല്ലാ ഘടകങ്ങളെയും നയത്തിനു സ്വാധീനിക്കാനാവും.

### ഇന്ത്യൻ കാർഷിക മേഖലയുടെ കഴിഞ്ഞ ആറു ദശകങ്ങൾ

ഇന്ത്യൻ കാർഷിക നയത്തിന്റെ പരിണാമ വികാസങ്ങളെ പൊതുവെ അഞ്ചു ഘട്ടങ്ങളായി വിഭജിക്കാം. ഒന്നാം ഘട്ടം 1951 –1956 വരെയാണ്. ഈ കാലഘട്ടത്തിൽ ഊന്നൽ പ്രധാനമായും വ്യവസായത്തിനായിരുന്നു. കൃഷിക്ക് പരിമിതമായ പരിഗണനയേ ലഭിച്ചുള്ളു. രണ്ടാം ഘട്ടം 1966 – 1981 വരെയായിരുന്നു. ഇന്ത്യൻ കാർഷിക മേഖലയിൽ ഹരിതവിപ്ലവം അരങ്ങേറിയ കാലം. അത്യുത്പാദന ശേഷിയുള്ള വിത്തിനങ്ങൾ രാജ്യമെമ്പാടും വ്യാപകമായി ഉപയോഗിക്കപ്പെട്ടു. ഇക്കാലത്താണ് സാങ്കേതിക വിദ്യയുടെയും, ശരിയായ ആസൂത്രണത്തിന്റെയും, മികച്ച സ്ഥപാനങ്ങളുടെയും സഹകരണത്തോടെ ഇന്ത്യ ഭക്ഷ്യ സ്വയം പര്യാപ്തത നേടിയത്. മൂന്നാമത്തെ ഘട്ടം 1981 മുതൽ 1991 വരെയായിരുന്നു. ഹരിതവിപ്ലവത്തിന്റെ സാങ്കേതിക വിദ്യ രാജ്യമെമ്പാടും വ്യാപകമായ കാലഘട്ടം. കാർഷിക മേഖലയിൽ വൻ കുതിപ്പിനു സാക്ഷ്യം വഹിച്ചു. പക്ഷെ പിന്നീട് കാണുന്നത് കൃഷിയിൽ ഗവൺമെന്റിന്റെ മൂലധന നിക്ഷേപം കുറഞ്ഞുവരുന്ന കാഴ്ച്ചയാണ്. നാലാം ഘട്ടം തുടങ്ങുന്നത് 1992 വൻ സാമ്പത്തിക പരിഷ്കാരങ്ങളുടെ സമാരംഭത്തോടെയാണ്. ഇത് 2004 വരെ ദീർഘിച്ചു. ഈ കാലഘട്ടത്തിൽ കാർഷിക മേഖലയ്ക്ക് വിരുദ്ധമായ ചില മുൻവിധികൾ ലഘൂകരിച്ച് കൊണ്ടുവരുവാനുള്ള ശ്രമങ്ങൾ നടന്നു. അതോടൊപ്പം കൃഷിയിൽ രാജ്യത്തിന്റെ പങ്കാളിത്തവിഹിതം കുറഞ്ഞും വന്നു. മുൻ കാലഘട്ടങ്ങളിൽ കാർഷിക മേഖലയ്ക്ക് നല്കിയിരുന്ന വിഹിതം കുറയാൻ തുടങ്ങിയതോടെ അത് കാർഷിക വളർച്ചയേയും പ്രതികൂലമായി ബാധിച്ചു. 2005 ൽ തുടങ്ങിയ ഇപ്പോഴത്തെ ഘട്ടത്തിൽ വീണ്ടും കാർഷിക രംഗത്ത് രാജ്യത്തിന്റെ പൊതു നിക്ഷേപ വിഹിതം വർധിപ്പിച്ചു. കാർഷിക വളർച്ച ലക്ഷ്യമാക്കി വിവിധ പദ്ധതികൾ ആരംഭിക്കുകയും ചെയ്തു.

ആദ്യ ഘട്ടത്തിൽ (1951–1965) ആസൂത്രണം മുഴുവൻ പൊതുവെ വ്യാവസായിക വളർച്ചയ്ക്കുള്ള വികസന നടപടികളായിരുന്നു. ആ കാലഘട്ടത്തിൽ ആരംഭിച്ചു പൂർത്തിയായ മൂന്നു പഞ്ചവത്സര പദ്ധതികളുടെയും പ്രധന ലക്ഷ്യം വ്യവസായ വളർച്ചയായിരുന്നു. അതിനാൽ കൃഷിക്ക് അത്ര വലിയ പരിഗണന കിട്ടിയില്ല. വ്യവസായ വളർച്ചക്കാവശ്യമായ വിശാലമായ തന്ത്രങ്ങളാണ് ആവിഷ്കരിക്കപ്പെട്ടത്. അക്കാലത്തെ ഭക്ഷ്യ വസ്തുക്കളുടെ ആവശ്യം പ്രധാനമായും നിറവേറ്റപ്പെട്ടത് അമേരിക്കയിൽ നിന്നുള്ള സൗജന്യ ഭക്ഷ്യ ധാന്യവിതരണ പദ്ധതി വഴിയായിരുന്നു. ജലസേചനം, വൈദ്യുതി തുടങ്ങി കാർഷിക അടിസ്ഥാന സൗകര്യ മേഖലയിൽ ചില നിക്ഷേപങ്ങൾ നടത്തുകയും ചെയ്തു. ഈ കാലഘട്ടത്തിൽ ഉണ്ടായ എടുത്തു പറയാവുന്ന കാർഷിക പുരോഗതി കൃഷി ഭൂമിയുടെ വിസ്തൃതി വർധിച്ചു എന്നതു മാത്രമാണ്. ഉത്പാദനക്ഷമത ഒട്ടു വർധിച്ചതുമില്ല.

രണ്ടാം ഘട്ടത്തിൽ (1966 –11980) പദ്ധതി ആസൂത്രണത്തിന്റെ പ്രധാന ലക്ഷ്യം ഭക്ഷ്യസ്വയം

പര്യാപ്തത നേടുക എന്നതായിരുന്നു. 1960 കളിൽ രാജ്യം നേരിട്ട കടുത്ത ഭക്ഷ്യക്ഷാമത്തിന്റെയും തുടർന്ന് അമേരിക്കയിൽ നിന്ന് പിഎൽ -480 പദ്ധതി പ്രകാരം ഗോതമ്പും എണ്ണയും ഇറക്കുമതി ചെയ്തതിൽ സംഭവിച്ച പാകപ്പിഴകളുടെയും പശ്ചാത്തലത്തിലായിരുന്നു ഈ തീരുമാനം. ഏറ്റവും ചുരുങ്ങിയ സമയപരിധിക്കുള്ളിൽ ഭക്ഷ്യോത്പാദനം വർധിപ്പിക്കുക എന്നതായിരുന്നു അന്നത്തെ മുഖ്യ ലക്ഷ്യം. അതിന് രാജ്യത്തെ ജലസേചന സൗകര്യമുള്ള കാർഷിക മേഖലകളുടെ സാധ്യതകൾ ചൂഷണം ചെയ്യുന്നതിനായിരുന്നു ഊന്നൽ. ജലസേചന സൗകര്യങ്ങൾ, വളം, വൈദ്യുതി, വായ്പകൾ എന്നിവ സൗജന്യ നിരക്കിൽ യഥേഷ്ടം ലഭ്യമാക്കി. ഭക്ഷ്യ ധാന്യങ്ങൾക്ക് താങ്ങുവില പോലുള്ള സഹായ സംവിധാനങ്ങൾ ഏർപ്പെടുത്തി. ഉത്പ്പന്നങ്ങൾക്ക് വിപണി ഉറപ്പാക്കാൻ കർഷകരിൽ നിന്ന് പൊതു സ്ഥാപനങ്ങൾ വഴി ധാന്യങ്ങൾ സംഭരിക്കാനും പൊതു വിതരണ സംവിധാനത്തിലൂടെ അവ പാവപ്പെട്ട ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാനുമുള്ള നടപടികളും തുടങ്ങി. പ്രാദേശിക ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി ഭക്ഷ്യധാന്യങ്ങളുടെ ക്രയവിക്രയത്തിൽ നിയന്ത്രണം ഏർപ്പെടുത്തി. കാർഷിക വില നിർണയ കമ്മിഷൻ, ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ, നാഷണൽ ഡയറി ഡവലപ്മെന്റ് ബോർഡ് തുടങ്ങി രാജ്യത്തെ പ്രധാനപ്പെട്ട പല പൊതു സ്ഥാപനങ്ങളും ഈ കാലഘട്ടത്തിലാണ് രൂപീകരിപ്പെട്ടത്. കാർഷിക മേഖലയിൽ ഗവേഷണത്തിനും വികസനത്തിനുമായി വൻ നിക്ഷേപവും ഉണ്ടായി. ഈ പദ്ധതികളെല്ലാം വൻ വിജയമായിരുന്നു. **എഴുപതുകളുടെ മധ്യത്തോടെ, ഇന്ത്യ ഭക്ഷ്യോത്പാദനത്തിൽ സ്വയം പര്യപ്തമായി. പാൽ, പഞ്ചസാര എന്നിവയുടെ ഉത്പ്പാദനത്തിലും രാജ്യം വൻ നേട്ടമുണ്ടാക്കി. ഈ കാലഘട്ടത്തിലെ എടുത്തു പറയാവുന്ന പുരോഗതി ഉത്പാദനക്ഷമതയിലുണ്ടായ വൻ വളർച്ചയാണ്. ഇത്തരത്തിൽ അറുപതുകളുടെ മധ്യത്തിൽ തുടങ്ങിയ സപ്ലൈ - ഡിമാന്റ് എന്ന വ്യവസ്ഥാപിത പ്രവർത്തന ഘടന നേരിയ ചില മാറ്റങ്ങളുമായി ഏതാണ്ട് 1990 കൾ വരെ തുടർന്നു.** സമ്മിശ്രഫലങ്ങളാണ് ഈ നയഭരണത്തിലൂടെ സംജാതമായത്. വിതരണ മേഖലയിലെ നയങ്ങൾ മാന്യമായ കാർഷിക വളർച്ച രേഖപ്പെടുത്തി. അത് ഭക്ഷ്യസ്വയം പര്യാപ്തത നേടുന്നതിന് രാജ്യത്തെ ഏറെ സഹായിച്ചു. എന്നാൽ ചില പ്രത്യേക മേഖലകൾക്ക് മാത്രമായി നല്കിയ ഊന്നൽ പ്രാദേശിക വളർച്ചയിൽ വലിയ അന്തരങ്ങൾ ഉണ്ടാക്കി. ഉപഭോക്തൃതലങ്ങളിലെ നയങ്ങൾ - മിച്ച ശേഖരവും പൊതുവിതരണ സംവിധാനവും - രാജ്യത്തെ ഒരു വലിയ വിഭാഗം ജനങ്ങൾക്ക് ന്യായവിലയ്ക്ക് ഭക്ഷ്യധാന്യങ്ങളുടെ ലഭ്യത ഉറപ്പാക്കി. വൻ പട്ടിണികൾ രാജ്യത്ത് നിന്ന് എന്നേയ്ക്കുമായി ഉന്മൂലനം ചെയ്യപ്പെട്ടു എന്നത് ഈ നയങ്ങളുടെ ഏറ്റവും വലിയ നേട്ടമായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

മൂന്നാം ഘട്ടം(1981 - 1991) സാക്ഷ്യം വഹിച്ചത് കാർഷിക രംഗത്ത് (വടക്കു കിഴക്കൻ മേഖലയിൽ ഒഴികെ) എല്ലാ സംസ്ഥാനങ്ങളിലും അത്യുത്പാദന ശേഷിയുള്ള വിത്തിനങ്ങളുടെ ഉപയോഗവും നൂതന സാങ്കേതിക വിദ്യയുടെ പ്രയോഗവുമാണ്. പ്രാദേശിക തലത്തിൽ കാർഷിക മേഖലയിൽ എല്ലായിടത്തും ഒരേപോലെ വൻ വളർച്ച രേഖപ്പെടുത്തിയ സുവർണ കാലഘട്ടമായിരുന്നു ഇത്. ഭക്ഷ്യസ്വയം പര്യപ്തത നേടിയതോടെ ഊന്നൽ ഇതര മേഖലകളിലേയ്ക്കു മാറി. വളർച്ച മുരടിച്ചു നിന്ന എണ്ണക്കുരുക്കൾ, പയർ വർഗ്ഗ വിളകൾ എന്നിവയുടെ ഉത്പാദനം വർധിപ്പിക്കുക എന്നതായി അടുത്ത ലക്ഷ്യം. ഇതിന്റെ ഭാഗമായി 1986 ൽ ടെക്നോളജി മിഷൻ ഓൺ ഓയിൽ സീഡ്സ് ആന്റ് പൾസസ് (ടിഎംഒപി) പദ്ധതിക്ക് ആരംഭമായി. എണ്ണക്കുരുക്കളുടെ ഉത്പാദനത്തിൽ വൻ വർധനയാണ് ഈ പദ്ധതിയിലൂടെ കൈവരിക്കാൻ സാധിച്ചത്. എന്നാൽ ഉത്പാദനച്ചെലവ് വളരെ കൂടുതലായിരുന്നു. വിഭവശേഷി ഫലപ്രദമായി ഉപയോഗിക്കുന്നതിൽ സംഭവിച്ച പരാജയം പ്രധാനപ്പെട്ട എണ്ണക്കുരുക്കളുടെ ഉത്പാദനച്ചലവ് കുത്തനെ ഉയർത്തി. പക്ഷെ ആ സമയത്തും ഭക്ഷ്യധാന്യ ഉത്പ്പാദനം ഉയർന്നുകൊണ്ടേയിരുന്നു. എങ്കിലും ഭക്ഷ്യധാന്യങ്ങളുടെ ക്രയവിക്രയ നിയന്ത്രണവും പൊതു വിതരണ സമ്പ്രദായവും മാറ്റമില്ലാതെ തുടർന്നു.

നാലാം ഘട്ടത്തിൽ (1992 -2004) 1991 വർഷം വൻ സാമ്പത്തിക പരിഷ്കാരങ്ങളുടെ ആരംഭം അടയാളപ്പെടുത്തി. ഇതിന്റെ ഭാഗമായി 1994 ൽ ഭക്ഷ്യ എണ്ണയുടെ ഇറക്കുമതിയിൽ ഉദാരവത്ക്കരണം നടപ്പിലായി. ഈ കാലഘട്ടത്തെ വേണമെങ്കിൽ വീണ്ടും

രണ്ട് ഉപ ഘട്ടങ്ങളായി തിരിക്കാം. 1992 മുതൽ 1997 വരെയും, 1997 മുതൽ 2004 വരെയും എന്ന്. ആദ്യ ഉപഘട്ടത്തിൽ സാമ്പത്തിക പരിഷ്കാരങ്ങൾ കാർഷിക മേഖലയ്ക്ക് എതിരെയുള്ള ചായ്‌വ് ലഘൂകരിക്കാൻ കാരണമായി. കാർഷിക മേഖല യുടെ കുത്തനെയുള്ള തളർച്ചക്കാണ് രണ്ടാം ഉപ ഘട്ടം സാക്ഷ്യം വഹിച്ചത്. അതോടെ മേഖലയിലെ മൂലധന നിക്ഷേപം കുറഞ്ഞു, കൃഷിയിൽ നിന്നുള്ള ലാഭവും കുറഞ്ഞു. 1990 കളിൽ തന്നെ കൃഷിയോടുള്ള താല്പര്യം ഗണ്യമായി കുറ ഞ്ഞുതുടങ്ങിയിരുന്നു. സാമ്പത്തിക പരിഷ്കാര ങ്ങൾ മൂലം നിർമ്മാണ മേഖലയ്ക്കു ലഭിച്ച സംര ക്ഷണവും വിനിമയ നിരക്കിൽ വന്ന തിരുത്ത ലുമാണ് ഇതിനു കാരണം. വ്യാവസായിക ഉത്പ്പ ന്നങ്ങളുടെ ഉയർന്ന നിരക്ക് 1991– 92 ൽ ഏതാണ്ട് 300 ശതമാനത്തിൽ നിന്ന് 2002 ആയപ്പോൾ 30 ശത മാനത്തിലേയ്ക്കു താഴ്ന്നു. അതുപോലെ 1991 –92 ൽ എല്ലാ ഉത്പ്പന്നങ്ങളുടെയും തന്നെ ഇറക്കുമതി നിയന്ത്രണങ്ങൾ പിൻവലിച്ചു. ഇതിന്റെ ഒരു പ്രയോ ജനം കാർഷിക വ്യാപാരത്തിൽ പുരോഗതി ഉണ്ടായി എന്നതാണ്. കാർഷിക വ്യാപാര സൂചിക (1990 –91 = 100) 1990 കാലഘട്ടം മുഴുവൻ 100 നു മുകളിൽ തന്നെ നിന്നു (അഗ്രിക്കൾച്ചർ സ്റ്റാറ്റി സ്റ്റിക്സ് അറ്റ് എ ഗ്ലാൻസ് – 2011). കാർഷിക വ്യാപാ രത്തിലുണ്ടായ ഈ മുന്നേറ്റത്തിന്റെ ഫലമായി സ്വകാര്യ മേഖല കാർഷിക രംഗത്ത് മൂലധന നിക്ഷേപം ആരംഭിച്ചു. 1990 –91 ൽ ഇത് 11424 കോടി യായിരുന്നു. 2000 – 01 ൽ 14931 കോടിയായി ഈ നിക്ഷേപം ഉയർന്നു. വളർച്ചാ നിരക്ക് 80 കളെ അപേക്ഷിച്ച് 2.5 ശതമാനം. കാർഷിക മേഖലയിൽ സ്വകാര്യ നിക്ഷേപം നേരിയ തോതിൽ വർധന രേഖപ്പെടുത്തിയെങ്കിലും ഉയർന്നുകൊണ്ടിരുന്ന സാമ്പത്തിക കടം പൊതു മേഖലയിൽ തളർച്ചയു ണ്ടാക്കി. 1981 – 82 ലെ പൊതു നിക്ഷേപം 7130 കോടിയായിരുന്നു. ഇത് 1990 – 91 ൽ 4992 കോടി യിലേയ്ക്കു താഴ്ന്നു. 2000 –01 ൽ വീണ്ടും താഴ്ന്ന് 4520 ൽ എത്തി. തത്ഫലമായി അടിസ്ഥാന സൗകര്യ മേഖലകളായ ജലസേചനം, ഗ്രാമീണ വൈദ്യുതീകരണം, ഗ്രാമീണ റോഡുകൾ, വിപണി കൾ എന്നിവയുടെ വികസനം മന്ദഗതിയിലായി. ഈ തളർച്ച 1990 കളിൽ രാജ്യത്തെ കാർഷിക മേഖ ലയെ വളരെ പ്രതികൂലമായി ബാധിച്ചു. കാർഷിക മൊത്ത ആഭ്യന്തര ഉത്പ്പാദനം 1990 ൽ 3.1 ശതമാന ത്തിലേയ്ക്കു താഴ്ന്നു. 1980 കളിൽ ഇത് 3.5 ശത മാനമായിരുന്നു. പ്രധാന വിളകളുടെ ഉത്പ്പാദനം പ്രതിവർഷം 3.19 ശതമാനമായിരുന്നു 80 കളിൽ. എന്നാൽ 90കളിൽ ഇത് 2.28 ശതമാനമായി.

പൊതു നിക്ഷേപത്തിലെ തുടർച്ചയായ ഈ അവഗണന 1990 കളിൽ കാർഷിക മേഖലയിൽ വലിയ പ്രതിസന്ധിയുണ്ടാക്കി. ഹരിതവിപ്ലവ ത്തിനു മുമ്പ് ശരാശരി കാർഷിക വളർച്ച 2.1 ശത മാനമായിരുന്നു. ഇതു പിന്നീട് 3 ശതമാനവും 3.5 ശതമാനവുമായി. തുടർന്നുള്ള രണ്ടു ഘട്ടങ്ങളിലും യഥാക്രമം ഉയരുകയുണ്ടായി. പക്ഷെ 1997 –2004 ൽ ഇത് 2.2 ശതമാനത്തിലേയ്ക്ക് താഴ്ന്നു. അതാ യത് ഏതാണ്ട് ഹരിതവിപ്ലവത്തിനു മുമ്പുണ്ടായി രുന്ന അവസ്ഥയിലേയ്ക്ക് രാജ്യത്തെ കാർഷിക മേഖല തലകുത്തി വീണു. വൈരുദ്ധ്യമെന്നു പറ യട്ടെ ഈ ഘട്ടത്തിലും കാർഷിക മൊത്ത ആഭ്യ ന്തര ഉത്പാദനം മറ്റ് മേഖലകളുമായി വലിയ അന്തരം സൃഷ്ടിച്ചുകൊണ്ട് പ്രതിവർഷം 7 ശത മാനം കണ്ട് വളർച്ച രേഖപ്പെടുത്തിയിരുന്നു. പൊതുമേഖലാ നിക്ഷേപം ഗണ്യമായി കുറഞ്ഞതും, കൃഷിയിൽ വേണ്ടത്ര വിഭവങ്ങൾ ഉപയോഗപ്പെടു ത്താത്തതും ആയിരുന്നു കാർഷിക മേഖലയിലു ണ്ടായ ഈ തളർച്ചയ്ക്കു കാരണം.

ഇന്ത്യയുടെ ഇതപര്യന്തമുള്ള കാർഷിക നയങ്ങളുടെ വിജയത്തെകുറിച്ച് എന്തു പറയാൻ? മൊത്തത്തിൽ ഇന്ത്യയുടെ പ്രകടനം തൃപ്തികരമാ ണ്, അതിൽ സംശയമില്ല. ഭക്ഷ്യധാന്യ ഉത്പ്പാദനം പതിന്മടങ്ങായി വർധിച്ചു. മാത്രവുമല്ല 1951 ൽ മൊത്ത ഇറക്കുമതി രാജ്യമായിരുന്ന ഇന്ത്യ 2013 ൽ എത്തിയപ്പോഴേയ്ക്കും മൊത്ത കയറ്റുമതി രാജ്യമായി മാറി. ജലസേചന സൗകര്യങ്ങൾ 11 ശതമാനത്തിൽ നിന്ന് 45 ശതമാനമായി വർധിച്ചു. നേരത്തെ കൃഷിയിൽ വളങ്ങളുടെ ഉപയോഗം നാമ മാത്രമായിരുന്നു. ഈ കാലഘട്ടത്തിൽ അത് ഹെക്ട റിന് 141 കിലോഗ്രാം എന്ന നിരക്കിൽ ഉയർന്നു. അറുപതുകൾക്കു മുമ്പ് ഉത്പാദനം വർധിപ്പിക്കാ നുള്ള സംവിധാനം കൃഷിഭൂമിയുടെ വ്യാപ്തി കൂട്ടുക എന്നതുമാത്രമായിരുന്നു. ഹരിത വിപ്ലവ ത്തിനു ശേഷം ഉത്പാദനം ഗണ്യമായി വർധിച്ചു എന്നു മാത്രമല്ല, എല്ലാ വിളകളിലും അത് നിശ്ചിത

പരിധി കടക്കുകയും ചെയ്തു. രാജ്യത്ത് സ്ഥിരമായി സംഭവിച്ചിരുന്ന വൻ തോതിലുള്ള പട്ടിണി എന്നേയ്ക്കുമായി നിർമാർജ്ജനം ചെയ്യപ്പെട്ടു എന്നതാണ് ഇക്കാലയളവിലെ ഏറ്റവും വലിയ നേട്ടം.

### നാലാം ഘട്ടത്തിലെ (2005-2013) സംരംഭങ്ങൾ

ഇന്ത്യയിൽ രാഷ്ട്രീയ കൃഷി വികാസ് യോജന (ആർകെവിവൈ) ക്ക് തുടക്കം കുറിച്ചത് 2007-ലാണ്. കാർഷിക മേഖലയിൽ കൂടുതൽ നിക്ഷേപം നടത്തുന്നതിന് സംസ്ഥാനങ്ങളെ പ്രോത്സാഹിപ്പിക്കുകയും (കാരണം കൃഷി സംസ്ഥാന വിഷയമാണ്) ഈ നിക്ഷേപം ഉപയോഗപ്പെടുത്തി കർഷകരുടെ ആവശ്യങ്ങൾ നിറവേറ്റുക എന്നതുമായിരുന്നു ഈ പദ്ധതിയുടെ ലക്ഷ്യം. ഈ രണ്ടു ലക്ഷ്യങ്ങളും നേടുന്നതിന്, (മൊത്തം ചെലവുകൾക്ക് ആനുപാതികമായി) കൃഷിക്ക് കൂടുതൽ തുക ചെലവഴിക്കാനും, സംസ്ഥാനങ്ങളിലുടനീളം അടിസ്ഥാന തലം മുതലുള്ള ആസൂത്രണത്തിലൂടെ ജില്ലാതല കാർഷിക പദ്ധതികൾ രൂപവത്ക്കരിക്കാനും കേന്ദ്രഗവൺമെന്റ് നിർദ്ദേശം നല്കി. ഇതിന് ആവശ്യമായ തുക ആർകെവിവൈ ഫണ്ടിൽ നിന്ന് ഉപയോഗിക്കാനും അനുവദിച്ചു. ആരംഭത്തിൽ വളർച്ചാ നിരക്കിൽ ഗണ്യമായ പുരോഗതി കാണാൻ സാധിച്ചു. കാർഷിക മൊത്ത ആഭ്യന്തര ഉത്പാദനം ഉയരുകയും സ്ഥിരപ്പെടുകയും ചെയ്തു. പക്ഷെ ജില്ലാതല കാർഷിക പദ്ധതികൾ തയാറാക്കാൻ ജനങ്ങളുടെ പങ്കാളിത്തം വളരെ കുറവായിരുന്നു.

രണ്ടാമത്തെ വലിയ കർമപരിപാടി, പതിനൊന്നാം പദ്ധതിയുടെ സമാപനത്തോടെ ഭക്ഷ്യോത്പാദനം വർധിപ്പിക്കുക എന്നതായിരുന്നു. 2007 ലാണ് ദേശീയ ഭക്ഷ്യ സുരക്ഷാ ദൗത്യം(എൻഎഫ്എസ്എം) ആരംഭിച്ചത്. പതിനൊന്നാം പദ്ധതി പൂർത്തിയാകുമ്പോൾ അരി, ഗോതമ്പ്, പയർവർഗ്ഗങ്ങൾ എന്നിവയുടെ ഉത്പാദനം യഥാക്രമം 10, 8, 2 ദശലക്ഷം ടൺ വീതം വർധിപ്പിക്കുക എന്നതായിരുന്നു തുടക്കത്തിലെ ലക്ഷ്യം. ഹരിതവിപ്ലവ കാലഘട്ടത്തിലെന്ന പോലെ ഈ പദ്ധതിയിലും, രാജ്യത്തെ തെരഞ്ഞെടുക്കപ്പെട്ട ജില്ലകൾ മാത്രം കേന്ദ്രീകരിച്ചായിരുന്നു ഓരോ വിളകളുടെയും കൃഷി നടന്നത്. നിർദ്ദിഷ്ട ലക്ഷ്യം നേടാൻ പദ്ധതിക്ക് സാധിച്ചു എന്നാണ് ഫലം വ്യക്തമാക്കുന്നത്.

മൂന്നാമത്തെ കർമപരിപാടി ദേശീയ ഭക്ഷ്യ സുരക്ഷാ നിയമമാണ്. എല്ലാവർക്കും ഭക്ഷണം ലഭ്യമാക്കുക എന്നതായിരുന്നു ഇതുകൊണ്ട് ഉദ്ദേശിച്ചത്. അന്ത്യോദയ അന്ന യോജന(എഎവൈ) പദ്ധതിയിൽ വരുന്ന കുടുംബങ്ങൾക്ക് പ്രതിമാസം 35 കിലോഗ്രാമും മറ്റുള്ള കുടുംബങ്ങൾക്ക് (മുൻഗണന നിശ്ചയിക്കുന്നത് ഓരോ സംസ്ഥാനത്തെയും ഗവൺമെന്റുകളാണ്) മാസം 25 കിലോഗ്രാമും വീതം അരി,ഗോതമ്പ്, പരിപ്പ് വർഗ്ഗങ്ങൾ എന്നീ ഭക്ഷ്യധാന്യങ്ങൾ യഥാക്രമം മൂന്ന്, രണ്ട്, ഒന്ന് രൂപ നിരക്കിൽ നല്കാനുള്ള നിയമമാണ് പ്രബല്യത്തിൽ വന്നത്. മൊത്തത്തിൽ 75 ശതമാനം ഗ്രാമീണർക്കും 50 ശതമാനം നഗരവാസികൾക്കും പ്രയോജനം ലഭിക്കത്തക്ക വിധമാണ് ഈ പദ്ധതിയുടെ ക്രമീകരണം. മുലയൂട്ടുന്ന അമ്മമാർ, കുട്ടികൾ, അനാഥർ, ഭവനരഹിതർ തുടങ്ങിയ വിഭാഗങ്ങൾക്ക് കൂടി ആനുകൂല്യം ലഭിക്കുമെന്നതാണ് ഈ പദ്ധതിയുടെ മറ്റൊരു പ്രത്യേകത. മതിയായ ആഭ്യന്തര ഉത്പാദനം, വേണ്ടത്ര ഭക്ഷ്യധാന്യങ്ങളുടെ സംഭരണം, വിപണിയിലെ വിലകളുടെ സ്വാധീനം, ഉത്പാദനം കുറഞ്ഞാൽ ഇറക്കുമതിക്കുള്ള സാധ്യതകൾ, സബ്സിഡി നിലവാരം, പൊതുവിതരണ സംവിധാനത്തിന്റെ അപര്യാപ്തത തുടങ്ങിയ വിഷയങ്ങൾക്കാണ് പദ്ധതി പ്രത്യേകമായി ഊന്നൽ നല്കിയത്.

ഇപ്പോഴത്തെ ഉത്പാദന സംഭരണ നിലവാരം പദ്ധതിയുടെ ആവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമാണെന്നാണ്. അടുത്ത നാളിലെ പഠനം സൂചിപ്പിക്കുന്നത്. സബ്സിഡികൾ അല്പം കൂടുതലാണ്. വിവിധ സംസ്ഥാനങ്ങളിൽ പൊതുവിതരണ സമ്പ്രദായവും മെച്ചപ്പെട്ടിട്ടുള്ളതായി പഠനം വ്യക്തമാക്കുന്നു. ഇറക്കുമതി സാധ്യതകൾ നമുക്കു മുന്നിൽ ചോദ്യമായി അവശേഷിക്കുന്നു. ഇന്ത്യ പോലെ വിശാലമായ ഒരു രാജ്യത്തിന് ഈ പ്രശ്നം അതീവ പ്രാധാന്യമർഹിക്കുന്നതാണ്.

### വിവിധ ഘട്ടങ്ങളിൽ നയത്തിന്റെയും മറ്റു ഘടകങ്ങളുടെയും പങ്ക്

ആദ്യഘട്ടത്തിൽ(1950 - 1964) പ്രധാനമായും സ്വാഭാവിക ഘടകങ്ങളാണ് കൃഷിയെ മുന്നോട്ടു നയിച്ചത്. രണ്ടാം ഘട്ടത്തിൽ (1965 - 1980) അത്യുത്പാദന ശേഷിയുള്ള വിത്തിനങ്ങളുടെ ഉപയോഗം

പോലെ സാങ്കേതിക വിദ്യയിലുണ്ടായ മുന്നേറ്റം നയങ്ങളെ സഹായിച്ചു. കാരണം അതുവഴിയാണ് ഭക്ഷ്യോത്പാദനം ഉയർന്നത്. കൂടാതെ കാർഷിക വില നിർണയ കമ്മിഷൻ, ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ, നാഷണൽ ഡയറി ഡവലപ്മെന്റ് ബോർഡ് തുടങ്ങിയ സ്ഥാപനങ്ങൾ രൂപീകരിക്കുകയും അവയിലൂടെ ഈ നയങ്ങൾ നടപ്പിലാക്കുകയും ചെയ്തു. അങ്ങനെ സാമ്പത്തിക - സാങ്കേതിക - സ്ഥാപന - നയ ഘടകങ്ങളുടെ സങ്കലനം ഈ ഘട്ടത്തിൽ സംഭവിക്കുകയും തത്ഫലമായുണ്ടായ വൻ കാർഷിക പുരോഗതിക്ക് രാജ്യം സാക്ഷ്യം വഹിക്കുകയും ചെയ്തു.

മൂന്നാം ഘട്ടത്തിൽ അത്യുത്പാദന വിത്തിനങ്ങളുടെ സാങ്കേതിക വിദ്യ രാജ്യത്തിന്റെ ഇതര ഭാഗങ്ങളിലേയ്ക്കും വ്യാപിപ്പിക്കുകയും അതിലൂടെ രണ്ടാം ഘട്ടത്തിലെ വളർച്ച തുടർന്നും ഉറപ്പാക്കുകയും ചെയ്തു. അതല്ലാതെ പുതിയ സാങ്കേതിക വിദ്യകളുടെ മുന്നേറ്റമൊന്നും മൂന്നാം ഘട്ടത്തിൽ ഉണ്ടായില്ല. ഈ കാലഘട്ടത്തിലും ഊന്നൽ പയർവർഗ്ഗവിളകൾക്കും എണ്ണക്കുരുക്കൾക്കും ആയിരുന്നു. എല്ലാ സംസ്ഥാനങ്ങളും ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തുകയും ചെയ്തു. എന്നാൽ 1990 കളിൽ ഭക്ഷ്യഎണ്ണയ്ക്ക് നല്കിയിരുന്ന സഹായം പിൻവലിച്ചതോടെ ഈ വളർച്ചയും നിലച്ചു. ഈ കാലയളവിൽ സംഭവിച്ച മറ്റൊരു പ്രശ്നമായിരുന്നു ഇത്. ചില തല്പരവിഭാഗങ്ങൾക്ക് വേണ്ടിയായിരുന്നു ഈ നടപടി. 1960 കൾ മുതൽ രാജ്യത്തിന്റെ സഹായം ലഭിച്ചിരുന്ന ഹരിത വിപ്ലവ മേഖലകൾ, തുടർന്നും സാമ്പത്തിക സഹായത്തിനായി കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുകയുണ്ടായി. പക്ഷെ കാർഷിക മേഖലയിലെ പൊതു നിക്ഷേപം കുറയുകയാണുണ്ടായത്. ഭക്ഷ്യ, വള, ഊർജ്ജ, ജലസേചന മേഖലകളിലെ സബ്സിഡികൾക്കായി വിഭവങ്ങൾ വിനിയോഗിക്കപ്പെട്ടു. പൊതു നിക്ഷേപം സബ്സിഡികൾക്കായി ചെലവഴിക്കപ്പെട്ടതോടെ കാർഷിക മേഖലയുടെ വളർച്ച 1990 കൾ മുതൽ മുരടിക്കുകയും 1997 ൽ അതു വൻ പ്രതിസന്ധിയായി രാജ്യത്തെ ഗ്രസിക്കുകയും ചെയ്തു. സാധാരണക്കാർക്ക് ഭക്ഷ്യസാധനങ്ങളുടെ വില താങ്ങാൻ സാധിക്കാത്ത നില വന്നു.

ഈ പ്രതിസന്ധി പൊതുസമൂഹത്തിലും മാധ്യമങ്ങളിലും വലിയ ചർച്ചാവിഷയമായി. രാഷ്ട്രീയ കൃഷി വികാസ യോജന, ദേശീയ ഭക്ഷ്യ സുരക്ഷാ ദൗത്യം, ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം തുടങ്ങിയവ ഈ ചർച്ചകളുടെ അനന്തര ഫലമായി രൂപംകൊണ്ട ക്ഷേമ പദ്ധതികളാണ്. കൃഷി ആദായകരമാക്കാനും ഭക്ഷണത്തിന്റെ സാമ്പത്തിക, ഭൗതിക ലഭ്യത വർധിപ്പിക്കാനുമുള്ള കർമ്മ പരിപാടിയാണ് ഇതിലൂടെ നടപ്പാക്കപ്പെട്ടത്.

**ഉപസംഹാരം**

ഇന്ത്യ ഭക്ഷ്യസ്വയം പര്യാപ്തത നേടിയത് സാങ്കേതികവും - നയപരവും - സ്ഥാപനപരവുമായ പ്രവർത്തനങ്ങളുടെ ഏകോപനത്തിലൂടെയാണ്. കാർഷിക മേഖലയിലെ മറ്റു പ്രവർത്തനങ്ങൾ അതായത് കാർഷികേതര മേഖലകളുമായുള്ള ബന്ധം ഇനിയും യാഥാർത്ഥ്യമായിട്ടില്ല. കാർഷികോത്പാദന നിരക്ക് ഉയർത്താനും, ഗ്രാമീണ തൊഴിലാളികൾക്ക് വിദഗ്ധ പരിശീലനം നല്കാനും, കാർഷിക മേഖലയിൽ മനുഷ്യാധ്വാനം കുറച്ചു കൊണ്ടുവരുവാനും, ഗ്രാമീണ വ്യവസായങ്ങൾ വികസിപ്പിക്കുവാനും പൊതു നയങ്ങൾ ഇനിയും പൊളിച്ചെഴുതേണ്ടിയിരിക്കുന്നു. കർഷകർക്ക് ആവശ്യമായ സാധനങ്ങൾ ലഭിക്കുന്ന വിപണികൾ, സാങ്കേതിക വിദ്യകൾ, ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനം എന്നിവ ഇനിയും ഉണ്ടാകേണ്ടവയാണ്. രാഷ്ട്രീയ കൃഷി വികാസ് യോജന, ദേശീയ ഭക്ഷ്യ സുരക്ഷാ ദൗത്യം എന്നിവ ഈ മേഖലയിൽ തൃപ്തികരമായ സേവനമാണ് നടത്തുന്നത്. കാർഷിക മേഖലയിൽ കൂടുതൽ മൂലധന നിക്ഷേപത്തിന് ഈ സംരംഭങ്ങൾ സ്വകാര്യ മേഖലയെ കൂടുതൽ പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു. ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം ചുരുങ്ങിയ കാലഘട്ടത്തിലേയ്ക്ക് തുഛമായ വിലയ്ക്ക് ഭക്ഷ്യ ലഭ്യത ഉറപ്പാക്കുന്നു എങ്കിലും തൊഴിൽ സുരക്ഷയിലൂടെ ഗ്രാമീണ ജനങ്ങളുടെ വരുമാനം വർധിപ്പിക്കാനുള്ള സുസ്ഥിര നയങ്ങൾ ഇനിയും ഉണ്ടാകേണ്ടതുണ്ട്.

**ഡൽഹിയിലെ ഇൻഗ്രോത്തിൽ**
**അസോസിയേറ്റ് പ്രൊഫസറാണ് ലേഖകൻ**



# കാർഷിക മേഖല പ്രവർത്തനങ്ങൾ– 1990 കളും അതിനു ശേഷവും

ഡോ. രമേശ് ചന്ദ്

**2004-05 മുതൽ 2012-12 വരെയുള്ള ഒൻപത് വർഷക്കാലം കാർഷികേതര മേഖലകളിൽ മാന്ദ്യം നിലനിൽക്കുമ്പോൾ, കാർഷികമേഖലയിൽ വളർച്ചാ നിരക്ക് ക്രമമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. കേവലം വളർച്ചാ നിരക്കിലെ നേട്ടത്തിനതീതമായി ഗുണപരമായി മുന്നേറുവാനും കഴിഞ്ഞിട്ടുണ്ട്. സർവ്വതല സ്പർശിയായ വളർച്ച, പ്രാദേശിക സന്തുലിത, പോഷകസുരക്ഷിതത്വം എന്നീ കാര്യങ്ങളിൽ നേട്ടങ്ങളുണ്ടായിട്ടുണ്ട്.**

## മുഖവുര

1995 ൽ ആഗോളവ്യാപാര സംഘടന കരാർ നടപ്പിലാക്കാൻ തുടങ്ങിയശേഷമുള്ള രണ്ട് വർഷക്കാലം ഇൻഡ്യയിലെയും ഇതര രാജ്യങ്ങളിലെയും കാർഷികമേഖല നിരവധി കഠിന വെല്ലുവിളികൾ നേരിടുകയുണ്ടായി. കാർഷിക ഉൽപന്നങ്ങൾക്കുണ്ടായ വിലത്തകർച്ചയാണ് ഏറ്റവും പ്രധാനമായത്. വിലതകർച്ച ഉല്പാദന മാന്ദ്യത്തിലേക്കും നയിക്കുകയുണ്ടായി. ഈ അവസ്ഥയിൽ കാർഷികമേഖലയുടെ പുനരുജ്ജീവനം കടുത്തവെല്ലുവിളിയായി, കരുത്തുറ്റ പ്രതിരോധം അനിവാര്യമാക്കി. കേന്ദ്രസംസ്ഥാന ഗവൺമെന്റുകളുടെ ആഭിമുഖ്യത്തിൽ പല രീതിയിലുള്ള പരിശ്രമങ്ങൾ ഉണ്ടായി. 2004–05 മുതൽ 2012–12 വരെയുള്ള ഒൻപത് വർഷക്കാലം, കാർഷികേതര മേഖലകളിൽ മാന്ദ്യം നിലനിൽക്കുമ്പോൾ, കാർഷികമേഖലയിൽ വളർച്ചാ നിരക്ക് ക്രമികമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. കേവലം വളർച്ചാനിരക്കിലെ നേട്ടത്തിനതീതമായി ഗുണപരമായി മുന്നേറുവാനും കഴിഞ്ഞിട്ടുണ്ട്. സർവ്വതല സ്പർശിയായ വളർച്ച, പ്രാദേശിക സന്തുലിത, പോഷകസുരക്ഷിതത്വം എന്നീ കാര്യങ്ങളിൽ നേട്ടങ്ങളുണ്ടായിട്ടുണ്ട്. ഈ കാര്യങ്ങളിലുണ്ടായ നേട്ടങ്ങളുടെ തനിമയും പ്രത്യേകതയും തിരിച്ചറിയുവാനും അംഗീകരിക്കാനും നമുക്ക് സാധിച്ചിട്ടില്ല എന്നതാണ് ദുഃഖസത്യം. **ഹരിതവിപ്ലവകാലത്തെ നേട്ടങ്ങളെ കലവറ ഇല്ലാതെ പ്രശംസിക്കുന്ന നമ്മൾ സമീപകാലത്തുണ്ടായ, ഒന്നോ രണ്ടോ ഇനം വിളകളിൽ മാത്രം കേന്ദ്രീകൃതമല്ലാത്ത ദേശവ്യാപക സ്വഭാവമുള്ള ഗുണപരമായ നേട്ടങ്ങൾ കാണാതിരിക്കുകയാണ്.** ഭക്ഷ്യവിലക്കയറ്റം ന്യായമായും അതിന് ഒരു കാരണമാണ്. അതിനാൽ ഉത്പാദന രംഗത്തുണ്ടായ വർദ്ധനയും വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെ പോയിട്ടുണ്ട്. എന്നാൽ 90 കളുടെ മദ്ധ്യഘട്ടം മുതലുള്ള ആശാസ്യമായ വളർച്ചയെക്കുറിച്ച് ശരിയായ ധാരണ ഉണ്ടാക്കുന്നത് കാർഷികമേഘലയുടെ ഭാവി രൂപപ്പെടുത്താൻ സഹായകരമാകുന്നതാണ്. കഴിഞ്ഞ രണ്ട് ദശാബ്ദങ്ങളിലെ വളർച്ചയെ വേർതിരിച്ച് താരതമ്യം ചെയ്യുന്നതിനുള്ള പരിശ്രമമാണ് ഈ ലേഖനത്തിൽ

കൈക്കൊള്ളുന്നത്. കാർഷികരംഗത്ത് നിർണ്ണായകമായ നേട്ടം എപ്പോൾ, എങ്ങനെ ഉണ്ടായി എന്ന വിഷയവും തെളിവുകളുടെ അടിസ്ഥാനത്തിൽ ചർച്ചചെയ്യേണ്ടതാണ്.

### വളർച്ചയുടെ ഘടനയും പ്രവണതയും

**8-ാം പഞ്ചവത്സരകാലയളവിൽ (1992-93 മുതൽ 1996-97 വരെ) 5 % വളർച്ചാനിരക്കാണ് കൃഷിരംഗത്തുണ്ടായത്. 9-ാം പദ്ധതിക്കാലത്ത് (1977 -2002) 4.5 % വളർച്ചയാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ഒൻപതും പത്തും പദ്ധതികാലയളവിൽ 2.48 % വളർച്ച മാത്രമേ സംഭവിച്ചുള്ളൂ. 11 -ാം പദ്ധതിയിൽ 4 % വളർച്ചാ നിരക്ക് ലക്ഷ്യം വച്ചു. 12 -ാം പദ്ധതിയിലും ഇത് ആവർത്തിച്ചു. 11-ാം പദ്ധതി കാലത്തെ യഥാർത്ഥ നേട്ടം 4.06% ആയിരുന്നു, 2012-13 ലേത് 1.4% മാത്രവും. 2013-14 ലെ പ്രതിശീർഷ കാർഷിക വളർച്ചാനിരക്ക് 4.6 % ആണ്. ഒൻപതും പത്തും പഞ്ചവത്സരക്കാലത്ത് 4.5% വളർച്ചാനിരക്ക് നേടുകയും പിൽക്കാലത്ത് അത് ശരാശരി 3.5 % ലേക്ക് താഴുകയും ചെയ്തു എന്നതാണ് നാം കാണുന്നത്.** വളർച്ചാനിരക്കിലെ ഗതിഭേദം കൃത്യമായി എപ്പോൾ സംഭവിച്ചു എന്ന് ഇതിന് മുൻപും പിൻപും ഉള്ള കാലഘട്ടങ്ങളുടെ താരതമ്യം എന്തെന്നു പരിശോധിക്കാവുന്നതാണ്.



രമേശ് ചന്ദ്, പാറപ്പുറത്ത് എന്നിവർ ചേർന്നു നടത്തിയ പഠന (2012) -ത്തിന്റെ അടിസ്ഥാനത്തിൽ 1995-96 വളർച്ചയുടെ പോഷകശക്തികളിൽ ഘടനാപരമായ വ്യത്യാസം ഉണ്ടാവുകയും വളർച്ചാനിരക്ക് പ്രതിലോമകരമാവുകയും ചെയ്തു. പിന്നീട് 2004-05 ൽ വളർച്ചാനിരക്കിൽ പുരോഗതി അനുഭവപ്പെടുന്ന രീതിയിലേക്ക് കാര്യങ്ങൾ മാറുന്നു. ഇതിനോട് സമാനതയുള്ള അനുഭവങ്ങൾ 1972-81 ദശകത്തിലും 2004-2013 ദശകത്തിലും ഉണ്ടായിട്ടുണ്ട്. ഓരോ ദശകങ്ങൾ പ്രത്യേകം പഠിക്കുമ്പോൾ പ്രതിലോമ, അനുലോമ വളർച്ചാനിരക്കുകളുടെ ഗതിഭേദം നടക്കുന്ന നിശ്ചിത ഘട്ടങ്ങൾ കണ്ടെത്തെവുന്നതാണ്.

കാർഷിക മേഖലയുടെ ഗതിയെ രണ്ടു ഘട്ടങ്ങളായി വേർതിരിക്കാം :ഒന്നാം ഘട്ടം - 1995-6 മുതൽ 2005-06 വരെയുള്ള മാന്ദ്യത്തിന്റെ ഘട്ടവും 2005-06 മുതൽ ആരംഭിക്കുന്ന പുനരുദ്ധാനത്തിന്റെയും വളർച്ചയുടെയും രണ്ടാംഘട്ടവും. 2004-05 മുതലുള്ള ദശകത്തിന്റെ വളർച്ചനിരക്കിനെ മുൻപുള്ള രണ്ടുദശകങ്ങളിലെ വളർച്ചയുടെ സ്ഥിതിവിവരവുമായി താരതമ്യം ചെയ്തിട്ടുണ്ട്. ഇപ്പോൾ ഏറ്റവും അവസാനത്തെ 9 വർഷത്തെ കാർഷിക വളർച്ചാനിരക്ക് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാണ്. 1988-89 മുതൽ 1996-97 വർഷങ്ങളിൽ 3.15 % വളർച്ചാ നിരക്ക് നേടിയ കാർഷിക മേഖല പിന്നീടുള്ള ഒൻപത് വർഷങ്ങളിൽ 1.92 ശതമാനം വളർച്ചയിലേക്ക് കൂപ്പുകുത്തുകയായിരുന്നു. ഇതിന്റെ ഫലമായി കാർഷിക സമ്പദ്‌വ്യവസ്ഥയുടെ ശോഷണം, ഉപജീവന സമ്പ്രദായങ്ങളുടെ തകർച്ച, പോഷകാഹാര അരക്ഷിതാവസ്ഥ എന്നീ ദുരനുഭവങ്ങൾക്ക് തീക്ഷ്ണതയേറി.

10-ാം പഞ്ചവത്സര പദ്ധതിയുടെ അന്തിമ ഘട്ടത്തിലും 11 -ാം പദ്ധതിക്കാലത്തും ഏതാനും പുതിയ നടപടികൾ കൈക്കൊള്ളുകയുണ്ടായി. അതിന്റെ ഫലമായി 2004-05 മുതൽ 2012-13 വരെയുള്ള വർഷങ്ങളിൽ 3.75 ശതമാനം വളർച്ചാനിരക്ക് കൈവരിക്കാൻ കഴിഞ്ഞു. ഇത് രാജ്യത്തെ സംബന്ധിച്ച് വളരെ അഭിമാനകരമാണ്. വരുംകാലങ്ങളിൽ 4 % വളർച്ച പ്രതീക്ഷിക്കാവുന്നതാണ്.

### വിപുലമായ അടിസ്ഥാനത്തിലുള്ള വളർച്ച

ഇപ്പോൾ കാർഷികമേഖലയിലെ വളർച്ചാനിരക്ക് പഠിക്കുന്നത് ഒന്നോ രണ്ടോ വിളകളെ മാത്രമൊ അല്ലെങ്കിൽ പ്രമുഖ വിളകളെ മാത്രമൊ കേന്ദ്രീകരിച്ചുകൊണ്ടല്ല; എല്ലാത്തരം വിളകളെയും ഉൾപ്പെടുത്തികൊണ്ടാകുന്നു. ധാന്യവിളകൾ 3.3%

വളർച്ച നേടിയപ്പോൾ പഴം പച്ചക്കറി 5.3 % വളർച്ചാ നിരക്ക് നേടുകയുണ്ടായി. മൃഗവിഭവങ്ങളുടെ വളർച്ച നിരക്ക് 4 % വും മത്സ്യമേഖലയുടെത് 4.5% എന്ന രീതിയിലാണ്. സമകാലീന ദശകത്തിലെ വളർച്ചാനിരക്ക് ചരിത്രത്തിലെ ഏറ്റവും ഉയർന്ന രീതിയിലാണ് എന്ന് പറയേണ്ടിയിരിക്കുന്നു. ധാന്യ വിളകളുടെ ദശാബ്ദ വളർച്ചാനിരക്ക് 75 % കൂടുത ലായിരുന്നു, മുൻദശകത്തെ അപേക്ഷിച്ച്, മത്സ്യ മേഖലയിലേത് 48% ശതമാനവും.

**ധാന്യവിളകളുടെ ഉല്പാദനം**

1995–97 മുതൽ 2003–05 വരെയുള്ള കാലഘ ട്ടത്തിൽ ഭക്ഷ്യധാന്യങ്ങളുടെ ഉല്പാദനം 190 ദശലക്ഷം ടണ്ണിൽ നിന്നും 206 ദശലക്ഷം ടൺ ആയി വർദ്ധിച്ചു. 8 വർഷം കൊണ്ട് 16 ദശലക്ഷം ടണ്ണിന്റെ വർദ്ധനവ്. പിന്നീടുള്ള 8 വർഷത്തിൽ ഇത് വീണ്ടും 50 ദശലക്ഷം കൂടി വർദ്ധിച്ച്, 2011–13 –ൽ 257 ദശലക്ഷം ടണ്ണിലെത്തി. 2003–05 നു ശേഷം റെക്കോർഡ് വിള വർദ്ധനയാണ് നേടിയത് നെല്ല്, ഗോതമ്പ്, ചോളം എന്നീ ധാന്യ ഇനങ്ങളാണ്. ചോളത്തിന്റെ വിളവ് 15 വർഷത്തിൽ ഇരട്ടിച്ച് 21 ദശലക്ഷം ടണ്ണിലെത്തി. പയറുവർഗ്ഗങ്ങളുടെ ഉല്പാദനം 1990–91 മുതൽ 2005–06 വരെ 13 ദശ ലക്ഷം ടൺ പരിധിയിൽ തന്നെ തുടർന്നു. അവ യുടെ കാര്യത്തിൽ റെക്കോർഡ് വിളവ് നേടാൻ കഴിഞ്ഞത് 2010–11 ലാണ്. 14.6 ദശലക്ഷം ടണ്ണിൽ നിന്നും 25% വർദ്ധിച്ച് 18.2 ദശലക്ഷം ടണ്ണായി.

**സോയബീനും പരുത്തിയുമാണ് അത്ഭുതാ വഹമായ വളർച്ച പ്രദർശിപ്പിച്ച രണ്ട് ഇനങ്ങൾ. ഇപ്പോൾ ഇൻഡ്യയിൽ 13.4 ദശലക്ഷം ടൺ സോയയും 34.6 ദശലക്ഷം ബേൽസ് പരുത്തിയും ഉല്പാദിപ്പിക്കുന്നുണ്ട്. 2003–05 ലെ ഉല്പാദന ത്തിന്റെ ഇരട്ടിയിൽ അധികമാണിത്, കരിമ്പ് ഉല്പാ ദനരംഗത്ത് ഇൻഡ്യ വൻ നേട്ടം കൊയ്തിട്ടുണ്ട്. 1999–2000–ൽ 300 ദശലക്ഷം ടൺ കരിമ്പ് വിളയി ക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ഇന്ന് ഇത് 350 ദശ ലക്ഷം ടണ്ണാണ്. പഞ്ചസാരയുടെ മിച്ചശേഖരം നില നിർത്തുന്ന രാജ്യമാണ് നമ്മുടേത്.**

1990 കളിൽ ഉദ്യാന വിളവുകൾ 114 ദ.ല.ടണ്ണാ യിരുന്നു. 2003 –05 മുതൽ 2011–13 വരെയുള്ള കാലത്ത് പഴം–പച്ചക്കറി ഉല്പാദനം 235 ദശലക്ഷം ടൺ വരെ വർദ്ധിച്ചു. കഴിഞ്ഞ 8 വർഷത്തിൽ (2003 –05 നു ശേഷം) 60% വളർച്ചയാണ് ഈ മേഖലയി ലുണ്ടായത്. 2011–13 ൽ ഫലങ്ങളുടെ ഉല്പാദനം 77 ദശലക്ഷം ടണ്ണും പച്ചക്കറി ഉല്പാദനം 158 ദശ ലക്ഷം ടണ്ണും ആകുന്നു.

ഉള്ളി, ഉരുളക്കിഴങ്ങ് എന്നിവയുടെ വിള വിലും ശ്രദ്ധേയമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഉള്ളിയുടെ ഉല്പാദനം 2003–05 ൽ 6.18 ദശലക്ഷം, 2011–13 ൽ 16.9 ദശലക്ഷം ടൺ, 2003–5നു ശേഷ മുള്ള 8 വർഷത്തിനുള്ളിൽ ഉരുളക്കിഴങ്ങിന്റെ വിള വർദ്ധന 20 ദശ ലക്ഷം ടൺ രേഖപ്പെടുത്തി.

1994–95 – 2003–04 (8 വർഷം) – ൽ ഒട്ടുമു ക്കാലും വിളവുകൾ മുരടിപ്പ് നേരിട്ടുണ്ട്. എന്നാൽ അതിനുശേഷം മുരടിപ്പിന്റെ പ്രവണത മാറി മറി യുകയും പ്രകടമായ വളർച്ചാനിരക്ക് നേടുകയും ചെയ്തിട്ടുണ്ട്. പരുത്തി ഉല്പാദനത്തിൽ രണ്ടക്ക ശതമാനത്തിലും, സോയ, കടല, ചോളം ഇവയുടെ കാര്യങ്ങൾ 5 ശതമാനത്തിലും വളർച്ചയാണ് ഈ ദശകത്തിൽ അനുഭവപ്പെടുന്നത്. പയറുവർഗ്ഗങ്ങൾ 3 ശതമാനത്തിൽ ഏറെയും.

പഠന വിധേയമായ രണ്ട് വ്യത്യസ്ത ദശക ങ്ങളിൽ ഉദ്യാനവിളകളിൽ മഹത്തായ വിജയം ഉണ്ടായിട്ടുണ്ട്. ഉള്ളി (13%) ഉരുളക്കിഴങ്ങ് (8.9%) വാഴപ്പഴങ്ങൾ (7.57%) എന്നിവയിൽ വാർഷികവ ളർച്ചാനിരക്ക് ശ്രദ്ധേയമാണ്.

**കാർഷിക – സംസ്ഥാനതല വിശ്ലേഷണം**

ഈ വിഷയത്തെ സംബന്ധിച്ച് സംസ്ഥാന തല താരതമ്യം നടത്തുമ്പോൾ കേരളത്തിൽ (–) 1.15% ആയിരുന്നു എന്നു കാണാം. ഏറ്റവും കൂടിയ വളർച്ചാനിരക്കായ 5.91% ശതമാനം ഛത്തിസ്ഗഡി ലായിരുന്നു. 5% കൂടുതൽ വളർച്ചനേടിയ സംസ്ഥാ നങ്ങൾ മദ്ധ്യപ്രദേശ്, രാജസ്ഥാൻ, ജാർഖണ്ഡ്, ഛത്തിസ്ഗഡ് എന്നിവയാണ്. ഗുജറാത്ത്, തമിഴ്നാ ട്, മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാ നങ്ങൾ ദേശീയ ലക്ഷ്യത്തിന് മുകളിൽ തന്നെ യാണ് നിലയുറപ്പിച്ചിട്ടുള്ളത്. ഹരിയാനയുടെ നേട്ടവും ശ്രദ്ധേയമാണ്. പൂർവ്വ ഇൻഡ്യയിൽ

അസ്സം, ബീഹാർ സംസ്ഥാനങ്ങൾ 3 % വളർച്ച നിരക്ക് നേടിയിട്ടുണ്ട്.




**ഉത്തർപ്രദേശും ഒഡിഷയും മുരടിപ്പിന്റെ കെണിയാലാണ്. പഞ്ചാബിന്റെ വളർച്ച നിരക്ക് 1.5% മാത്രമാണെന്നത് പ്രതിസന്ധിയെ സൂചിപ്പിക്കുന്നു. ഹിമാലയൻ സംസ്ഥാനങ്ങളാൽ 2% വളർച്ചയുണ്ട്. കേരളത്തിലെ കാർഷികമേഖല ശുഷ്കിക്കുന്നതാണ് ഏറ്റവും വ്യത്യസ്തമായ വസ്തുത.**

### നേട്ടങ്ങളിലേക്ക് നയിച്ച ഘടകങ്ങളം ഉദ്യമങ്ങളും

കാർഷിക മേഖലയുടെ ഉയർന്നതലത്തിലുള്ള പ്രകടനം സാദ്ധ്യമായത് സമുചിതമായ നയപരമായ പിൻതുണ നൽകാൻ കഴിഞ്ഞതിനാലാണ്. ഈ ദിശയിലുള്ള പ്രധാന ഘടകങ്ങൾ ഇവയാണ്.

കഴിഞ്ഞ ദശകത്തിൽ കാർഷികോല്പന്നങ്ങൾക്ക് അനുകൂലമായ വ്യാപാരധാരണകൾ ഉരുത്തിരിയുകയും ആദായകരമായ വിലനിലവാരം യാഥാർത്ഥ്യമാവുകയും ചെയ്തു.

ഉല്പാദന ക്ഷമതയ്ക്ക് ആക്കം കൂട്ടാൻ കെല്പുള്ള രാസവളങ്ങളും ഗുണമേന്മയുള്ള വിത്തുകളും കൂടുതലായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

കാർഷിക മേഖലയിൽ ജലസേചനം, നിക്ഷേപം, മൂലധന സ്വരൂപണം എന്നീമേഖലകളിൽ വികസനം സാദ്ധ്യമായി.

കൃഷി ആവശ്യങ്ങൾക്ക് വായ്പ വർദ്ധിച്ച തോതിൽ ലഭ്യമാക്കാൻ സാധിച്ചു.

സാങ്കേതിക വിദ്യയിലും വിജ്ഞാന വ്യാപനത്തിലും ഉണ്ടായ നേട്ടങ്ങൾ

### കാർഷികോല്പന്നങ്ങൾക്ക് ആകർഷകമായ വില

1997-98 നും 2004-05 നും ഇടയിൽ ദേശീയ വരുമാനത്തിൽ കാർഷികോല്പന്നങ്ങളും കാർഷികേതര ഉല്പന്നങ്ങളും നിലിനിർത്തിപോന്നിരുന്ന അനുപാതത്തിൽ വ്യതിയാനം സംഭവിച്ചു. കാർഷികമേഖല ആപേക്ഷികമായി 7% പിന്നോട്ട് നീങ്ങുകയുണ്ടായി. ഇതേതുടർന്ന് ഭക്ഷ്യധാന്യസംഭരണം, മിനിമം താങ്ങുവില, അഭ്യന്തരവിപണിയിൽ ഭക്ഷ്യവസ്തുക്കളുടെ വർദ്ധിച്ച ചോദനം, അന്താരാഷ്ട്ര നിലവാരത്തിലെ ഉയർച്ച എന്നിങ്ങനെ അനുകൂല ഘടകങ്ങളുടെ സംയുക്ത സ്വാധീനം മേഖലയ്ക്ക് ലഭ്യമായിട്ടുണ്ട്. കാർഷിക ഉല്പന്നങ്ങളുടെ വില കാർഷികേതര ഉല്പന്നങ്ങളെ അപേക്ഷിചച്ച് 2005 -12 കാലയളവിൽ 30% വരെ നേട്ടം ഉണ്ടാക്കുകയും ചെയ്തു.

### ഉല്പാദനോപാധികളുടെ വർദ്ധിച്ച ഉപയോഗം

1998-2005 കാലയളവിൽ ഗുണമേന്മയേറിയ, സാക്ഷ്യപ്പെടുത്തിയ വിത്തിനങ്ങളുടെ ഉപയോഗം 50 % വർദ്ധിച്ചു. അതിനുശേഷമുള്ള എട്ട് വർഷങ്ങളിൽ വർദ്ധനവ് 100% ആയിരുന്നു. ഇതേരീതിയിൽ രാസവസ്തുക്കളുടെ ഉപയോഗത്തിൽ 1998 -2005 ൽ 14% വളർച്ചമാത്രം ഉണ്ടായപ്പോൾ പിന്നീടുള്ള 7 വർഷങ്ങളിൽ 50% വർദ്ധനവുണ്ടായി. 2004 -05 ൽ 18.4 ദശലക്ഷം ടൺ രാസവസ്തുക്കൾ ഉപയോഗിച്ചിരുന്നത് 2011-12 ൽ 28 ദശ ലക്ഷം ടണ്ണായി വർദ്ധിച്ചിട്ടുണ്ട്.

### വൈദ്യുതിയുടെ ഉപഭോഗം, ജലസേചന വികസനം

ജലസേചന സൗകര്യം യഥാർത്ഥത്തിൽ ഉപയോഗപ്പെടുത്തുന്നതിന്റെ ഒരു സൂചികയാണ് കാർഷികമേഖലയിലെ വൈദ്യുതിയുടെ ഉപഭോഗം.

### അനുമാനങ്ങളും പാഠങ്ങളും

1995 നു ശേഷമുള്ള രണ്ട് ദശകങ്ങളിൽ രണ്ട് വ്യത്യസ്ത ഘട്ടങ്ങളെ വേർതിരിച്ച് കാണേണ്ടതുണ്ട്. 1995 മുതൽ 2005 വരെയുള്ള ഘട്ടത്തിൽ കാർഷികമേഖലയിലെ വളർച്ച മന്ദീഭവിക്കുകയും



2 ശതമാനത്തിന് താഴെ എത്തിച്ചേരുകയും ഉണ്ടായി. 2005–06 നു ശേഷം പുനരുജ്ജീവനം സംഭവിക്കുകയും വളർച്ചാ നിരക്ക് 3.5 ശതമാനത്തിലേക്ക് തിരിച്ചെത്തുകയും ചെയ്തു. കാർഷികവിളകൾക്ക് മാന്യമായ വില ലഭ്യമായി എന്നതാണ് ഈ കാലഘട്ടത്തിന്റെ പ്രധാന സവിശേഷത. ഇതിലേക്ക് നയിച്ച ഘടകങ്ങളാകട്ടെ, മെച്ചപ്പെട്ട താങ്ങുവില, വർദ്ധിച്ചതോതിലുള്ള ഭക്ഷ്യധാന്യ സംഭരണം, ആഗോളതലത്തിലെ ഉയർന്ന വിലനിലവാരം എന്നിവയാണ്. ആഭ്യന്തര വിപണിയിൽ ഭക്ഷ്യധാന്യങ്ങൾക്ക് ആവശ്യം കൂടുതലാണ്. നല്ലവില ലഭിക്കുന്ന സാഹചര്യത്തിൽ കൃഷിക്കാർ മുന്തിയ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിനും വൈവിധ്യവൽക്കരണത്തിനും സന്നദ്ധരായിട്ടുണ്ട്. വായ്പസൗകര്യങ്ങളും ജലസേചനസൗകര്യങ്ങളും കൃഷിക്കാർക്ക് കടുതൽ സൗഹൃദപരമായിരിക്കുന്നു. അനുകൂലസാഹചര്യങ്ങളോട് അർത്ഥപൂർണ്ണമായി പ്രതികരിക്കാൻ രാജ്യത്തെ കൃഷിക്കാർക്ക് കെല്പുണ്ട് എന്നതും ശ്രദ്ധേയമാണ്. ജനങ്ങൾക്ക് കാർഷികവൃത്തിയിൽ താല്പര്യം കുറയുന്നു എന്ന പ്രചരണത്തിന് ഇത് തിരിച്ചടി ആയിട്ടുണ്ട്. കാർഷിക വൃത്തിയുടെ ലാഭദായകത്വം മാത്രമാണ് നിർണ്ണായക ഘടകം.

ദേശീയ നയങ്ങളും ദേശീയ സാഹചര്യങ്ങളും പ്രയോജനപ്പെടുത്തി 5 ശതമാനത്തിൽ കൂടിയ വളർച്ചാനിരക്ക് സാധിതപ്രായമാക്കാനും, സുസ്ഥിര ലാഭദായകത്വം ലക്ഷീകരിക്കാനും പല സംസ്ഥാനങ്ങൾക്കും കഴിഞ്ഞിട്ടുണ്ട്. കാർഷികോല്പന്നങ്ങൾക്ക് അന്തിമ ഉപഭോക്താക്കൾ നൽകുന്ന വിലയുടെ ഗണ്യമായ ഭാഗം കർഷകർക്ക് ലഭ്യമാക്കാൻ സാധിക്കുക എന്നതാണ് കാർഷിക മേഖലയുടെ സുസ്ഥിരതയെ ഉറപ്പാക്കുന്നത്. എന്നാൽ 3 ശതമാനം വളർച്ചാനിരക്ക് നേടാൻ കഴിയാത്ത സംസ്ഥാനങ്ങളും ഉണ്ട്. ഒഡീസക്കും ഉത്തർപ്രദേശിനും വൻനേട്ടങ്ങളുണ്ടാക്കിയ സംസ്ഥാനങ്ങളുടെ അനുഭവത്തിൽ നിന്നും പാഠങ്ങൾ പഠിക്കാനുണ്ട്. 2005 മുതൽ 2014 വരെയുള്ള ഘട്ടത്തിലെ അഭൂതപൂർവ്വമായ വളർച്ച നിലനിർത്തുക എന്നതാണ് നാം ഇപ്പോൾ നേരിടുന്ന വെല്ലുവിളി. കാർഷികോല്പന്നങ്ങളുടെ വില തുടർച്ചയായി ഊതിവീർപ്പിച്ചുകൊണ്ട് മുന്നോട്ട് പോകാൻ ഒരു സമ്പദ്വ്യവസ്ഥയ്ക്കും സാദ്ധ്യമല്ല. അതിനാൽ കൃഷിക്കാർക്ക് മറ്റുരീതിയിലുള്ള ആകർഷണങ്ങൾ/പ്രോത്സാഹനങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. ആത്യന്തിക ഉപഭോക്തൃ വിലയുടെ കൂടിയ പങ്ക് കൃഷിക്കാരന് കിട്ടാവുന്ന വ്യവസ്ഥ നിലവിൽ വരണം. കൃഷിചെലവ് കുറയ്ക്കുന്നതിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന സാങ്കേതിക സമീപനം ഏർപ്പെടുത്തണം. സംഭരണത്തിലും താങ്ങുവിലയിലും വലിയ താല്പര്യം പ്രകടിപ്പിച്ചുപോരുന്നുണ്ട്. എന്നാൽ കാർഷിക വിപണി സംബന്ധമായ പരിഷ്കാരങ്ങൾ, അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, മൂലധന വിന്യാസം, നൂതന വാണിജ്യ മാതൃകകൾ ഏർപ്പെടുത്തൽ തുടങ്ങിയ നടപടികളിലേക്ക് കടക്കേണ്ടതുണ്ട്. കാർഷികവിപണനം ഒരു പുതിയ ഘട്ടത്തിലേക്ക് ത്വരിതമായി നീങ്ങേണ്ടതുണ്ട്, അതായിരിക്കണം കാർഷിക വികസന തന്ത്രത്തിലെ പുതിയ ആഭിമുഖ്യം. മാത്സര്യം, കാര്യക്ഷമത, നൂതന സമ്പ്രദായങ്ങൾ തുടങ്ങിയ കാര്യങ്ങൾ വിപണനത്തിന്റെ പ്രാണവായു ആയി അംഗീകരിക്കപ്പെടണം. ഇതിലൂടെ ഉല്പാദകന് ഉല്പന്നമൂല്യത്തിന്റെ സിംഹഭാഗം ഉറപ്പാക്കാൻ കഴിയണം. ഈ ഉന്നിലൂടെ മാത്രമേ കാർഷിക വികസനത്തിന് സുസ്ഥിരത ഉറപ്പാക്കാൻ കഴിയൂ.

**–ഇന്ത്യൻ കൗൺസിൽ ഫോർ അഗ്രികൾച്ചർ റിസേർച്ചിൽ പ്രഫസറാണ് ലേഖകൻ**




# സമ്പത്തിന്റെ കർഷകശാസ്ത്രം

ആർ. സുരേഷ്

**മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ കണക്കിൽ ലോകത്തിൽ ഒമ്പതാം സ്ഥാനത്താണ് ഇന്ത്യയുടെ സമ്പദ്ഘടന. അവിടെയാണ് കാർഷികമേഖല ഇപ്പോൾ താഴോട്ടുപോകുന്നത്. 1990-91ൽ രാജ്യത്തിന്റെ മൊത്ത ആഭ്യന്തര ഉൽപ്പാദനത്തിന്റെ 32 ശതമാനവും കാർഷികമേഖലയുടെ സംഭാവനയായിരുന്നു. 2005-06ൽ അത് 20 ശതമാനായി മാറി. 2010ൽ അത് 16 ശതമാനത്തിൽ എത്തിനിൽക്കുകയാണ്.**

കൃഷി ഇന്ത്യയുടെ വികാരമാണ്, അത് ഇവിടുത്തെ മനുഷ്യരുടെ മതമാണ്. മണ്ണും മനുഷ്യനും തമ്മിലുള്ള പ്രണയമാണ് ഇന്ത്യയുടെ മാതൃക. രാജ്യത്താകമാനം ഒന്നുപോലെയല്ലെങ്കിലും കാർഷികവൃത്തിക്ക് അനുഗ്രഹീതമായ ഭൂപ്രദേശങ്ങളും കാലാവസ്ഥയുമാണ് ഇന്ത്യയുടെ പ്രത്യേക. അതുകൊണ്ടുതന്നെ പല നാട്ടുരാജ്യങ്ങളായി പിരിഞ്ഞിരുന്ന ഇന്ത്യയുടെ ചരിത്രം ആരംഭിക്കുമ്പോൾ മുതൽ ഇവിടെ കാർഷികവൃത്തിക്കായിരുന്നു പ്രാധാന്യം. ഒരു കാർഷിക സംസ്കൃതിയുടെ പിന്തുടർച്ചക്കാരാണ് ഇന്നും ഇന്ത്യൻ യൂണിയൻ. അതുകൊണ്ടുതന്നെ തകർച്ചകൾ പലതും നേരിടുന്നുണ്ടെങ്കിലും വേണ്ടത്ര പ്രാധാന്യം ലഭിക്കുന്നില്ലെങ്കിലും നമ്മുടെ സമ്പദ്ഘടനയെ മുന്നോട്ടു നയിക്കുന്നത് കാർഷികമേഖലതന്നെയെന്ന് പറയാം. ഗ്രാമങ്ങൾ നഗരങ്ങളെ വളയുന്നതിന് പകരം ഗ്രാമങ്ങൾ നഗരങ്ങളായി രൂപാന്തരപ്പെടുന്നുണ്ടെങ്കിലും കൃഷി ജീവവായുവായി കാണുന്ന ഒരു വലിയ സമൂഹം ഇവിടെയുണ്ട്. അവരാണ് ഈ രാജ്യത്തെ മുന്നോട്ടുനയിക്കുന്നത്.

### സമ്പദ്ഘടനയും കാർഷികമേഖലയും

ഇന്ത്യയുടെ സമ്പദ്ഘടയുടെ പ്രധാന സംഭാവനകൾ വരുന്നത് കാർഷികമേഖലയിൽ നിന്നാണ്. രാജ്യത്തെ 60 ശതമാനം ജനങ്ങളുടെയും ജീവിതവൃത്തിയെന്ന് പറയുന്നതും കൃഷിയാണ്. രാജ്യത്തിന്റെ ഭൂപ്രകൃതിയുടെ 43 ശതമാനവും കൃഷിഭൂമിയാണ്. രാജ്യത്തിന്റെ ആഭ്യന്തരഉൽപ്പാദനത്തിൽ കാർഷികമേഖലയുടെ സംഭാവന കുറഞ്ഞുപോയിട്ടുണ്ടെങ്കിലും ഇപ്പോഴും ഇതിന്റെ ഏറ്റവും വലിയ വിഹിതമായ 16 ശതമാനം സംഭാവന വരുന്നത് കാർഷികമേഖലയിൽ നിന്നുതന്നെയാണ്. ഇതിനൊക്കെ ഉപരിയായി ഇന്ത്യയുടെ സാമൂഹിക-സാമ്പത്തിക മേഖലകളിൽ സുപ്രധാനമായ പങ്കാണ് കൃഷിവഹിക്കുന്നത്.

കാർഷികസമൂഹമായി അറിയപ്പെട്ടിരുന്നെങ്കി

ലും ഒരിക്കൽ നാം അന്നന്നത്തെ അന്നത്തിനുപോലും മറ്റുള്ളവരെ ആശ്രയിച്ചിരുന്ന കാലമുണ്ടായിരുന്നു. പഴയതലമുറകളിൽ നിന്നും കേട്ടുപഴകിയ ഒരു സംഭവം തന്നെ അതിന് ഉദാഹരണമാണ്. സ്വതന്ത്രമായ ഇന്ത്യ അതികഠിനമായ ഭക്ഷ്യധാന്യ ക്ഷാമം നേരിട്ടപ്പോൾ അന്ന് അമേരിക്കൻ ഐക്യ നാടുകളോട് കുറച്ച് ഗോതമ്പ് ചോദിച്ചെന്നും അവരും നമ്മളുമായുള്ള ബന്ധം അത്ര മെച്ചമല്ലാതിരുന്നതുകൊണ്ട് നമുക്ക് നൽകുന്നതിന് പകരം കടലിൽ കെട്ടിതാഴ്ത്തിയെന്നൊക്കെയുള്ള കഥകൾ. അൽപം നിറംപിടിപ്പിച്ച കഥയാകാം ഇത്. എന്നാലും നാം ഭക്ഷ്യധാന്യത്തിൽ സ്വയം പര്യാപ്തരായിരുന്നില്ല. ഒരുനേരത്തെ അന്നത്തിന് മറ്റുള്ളവരുടെ മുന്നിൽ കൈനീട്ടേണ്ട ഗതികേടിലായിരുന്നു. പ്രത്യേകിച്ചും 1960 കളിലെ ഭക്ഷധാന്യക്ഷാമത്തെത്തുടർന്ന്. അവിടെ നിന്നും ഇന്ന് ഭക്ഷ്യധാന്യമിച്ചത്തിലേക്ക് നമ്മെ എത്തിച്ചത് കാലാകാലങ്ങളായി രാജ്യം ഭരിച്ച ഭരണകർത്താക്കളുടെ ദീർഘവീക്ഷണമാണ്. പ്രത്യേകിച്ചും രാഷ്ട്രശിൽപ്പിയായ ജവഹർലാൽ നെഹ്റുവിന്റെ കാലാതീതമായ ചിന്തയായിരുന്നു അതിന് പ്രചോദനമായത്. 60 കളിലെ അനുഭവങ്ങളിൽ നിന്നും ഉദയം കൊണ്ട ഹരിതവിപ്ലവമാണ് ഈ ലക്ഷ്യം കൈവരിക്കാൻ നമ്മെ സഹായിച്ചത്. ഭഷ്യധാന്യ ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത നേടുകയെന്ന ലക്ഷ്യത്തോടെയാണ് ഹരിത വിപ്ലവം ആസൂത്രണം ചെയ്തത്.

കൂടുതൽ ഭൂമി കൃഷിയോഗ്യമാക്കുകയും അത്യന്താധുനിക യന്ത്രസമാഗ്രികളും വിത്തിനങ്ങളും ഉപയോഗിച്ചുകൊണ്ട് കൂടുതൽ കാർഷികോൽപ്പാദനം നടത്തുകയെന്നതായിരുന്നു ഹരിതവിപ്ലവം ലക്ഷ്യമിട്ടത്. ഇവയെല്ലാം കൊണ്ട് അരി, ഗോതമ്പ് എന്നിവയുടെ ഉൽപ്പാദനത്തിൽ വൻ വർദ്ധനവ് വരുത്താനും നമുക്ക് കഴിഞ്ഞു. ഭക്ഷ്യധാന്യങ്ങളുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തനേടിയശേഷം എണ്ണക്കുരു കൃഷിക്കും പ്രാധാന്യം നൽകി. ഇന്ത്യയുടെ കാർഷികസമ്പദ്ഘടനയിൽ 1986 കളിൽ നടപ്പാക്കിയ ഈ പദ്ധതിയുണ്ടാക്കിയ മാറ്റം വളരെ വലുതാണ്. ഇതേത്തുടർന്നാണ് ഭക്ഷ്യധാന്യം പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവയുടെയെല്ലാം ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള മികച്ച വിത്തനങ്ങളുടെ ഉപയോഗം ആരംഭിച്ചത്. അങ്ങനെ ഇന്ത്യയുടെ സാമ്പത്തികമേഖലയിൽ കൃഷിക്ക് കൂടുതൽ പ്രാധാന്യം നൽകുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചത്.

ഇപ്പോഴും ഇന്ത്യൻ സമ്പദ്വ്യവസ്ഥയിൽ മുന്തിയസംഭാവന നൽകുന്നത് കാർഷികമേഖലയാണെങ്കിലും 90 കൾ മുതൽ ഇതിന്റെ പ്രാധാന്യം കുറഞ്ഞുവരികയാണോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. സമ്പദ്ഘടനയിൽ കാർഷികമേഖല മുന്നിൽ നിൽക്കുന്നുണ്ടെങ്കിലും ദേശീയ ആഭ്യന്തര ഉൽപ്പാദത്തിൽ കാർഷികമേഖലയുടെ പങ്ക് കുറയുകയാണ്. ലോകത്ത് പലതരത്തിലുള്ള രാജ്യങ്ങളുണ്ട്. സമ്പന്നമായവയും ദരിദ്രവും ഇതിനിടയിലുള്ളതും. നമ്മെ വളർന്നുവരുന്ന ഒരു സാമ്പത്തികശക്തിയായാണ് ഇപ്പോൾ വിലയിരുത്തുന്നത്. ഒരു സാമ്പത്തികശക്തിയായി വളരാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടെന്നാണ് ആഗോളതലത്തിലുള്ള വിലയിരുത്തൽ. സമൂഹത്തിലെ ജനങ്ങളുടെ ജീവിത നിലവാരവും ആ സമൂഹത്തിന്റെ തന്നെ മൊത്തം ഉയർച്ചയും താഴ്ചയുമൊക്കെ പരിഗണിക്കുന്നത് മൊത്ത ആഭ്യന്തര ഉൽപ്പാദനത്തിന്റെ അടിസ്ഥാനത്തിലാണ്. മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ കണക്കിൽ ലോകത്തിൽ ഒമ്പതാം സ്ഥാനത്താണ് ഇന്ത്യയുടെ സമ്പദ്ഘടന. അവിടെയാണ് കാർഷികമേഖല ഇപ്പോൾ താഴോട്ടുപോകുന്നത്. 1990-91ൽ രാജ്യത്തിന്റെ മൊത്ത ആഭ്യന്തരഉൽപ്പാദനത്തിന്റെ 32 ശതമാനവും കാർഷികമേഖലയുടെ സംഭാവനയായിരുന്നു. 2005-06ൽ അത് 20 ശതമാനായി മാറി. 2010ൽ അത് 16 ശതമാനത്തിൽ എത്തിനിൽക്കുകയാണ്. ഭക്ഷ്യധാന്യ ഉൽപ്പാദനത്തിൽ നാം വളരെ മുന്നേറിയെങ്കിലും സമ്പദ്ഘടനയ്ക്ക് വേണ്ടതുപോലെ സംഭാവനചെയ്യാൻ കാർഷികമേഖലയ്ക്ക് കഴിയാത്തത് അപകടരമായ സ്ഥിതിവിശേഷമായാണ് സാമ്പത്തികശാസ്ത്രജ്ഞർ വിലയിരുത്തുന്നത്.

**ഇന്ത്യയിലെ കാർഷികവിളകൾ**

ഇന്ത്യയിലെ കാർഷികവിളകൾ പ്രദേശങ്ങൾക്കനുസരിച്ച് വ്യത്യസ്തമാണ്. ഉത്തരേന്ത്യയിൽ ഗോതമ്പ് കൃഷി ചെയ്യുമ്പോൾ ദക്ഷിണേന്ത്യയിലും തീരദേശങ്ങളിലും അരിയാണ് പ്രധാനകൃഷി.

ഭക്ഷ്യവിളയായി ചാമയും നാണ്യവിളയായി പരുത്തിയും എണ്ണക്കുരുവായി നിലക്കടലയുമാണ് മദ്ധ്യേന്ത്യയിൽ കൃഷി ചെയ്യുന്നത്. ജോവർ, ബജ്ര എന്നിങ്ങനെ ചാമയുടെ രണ്ടു വകഭേദങ്ങളാണ് പ്രധാനമായും കൃഷി ചെയ്യുന്നത്. ഡെക്കാൻ മേഖല

യിലാണ് ജോവർ കൂടുതലായും കൃഷി ചെയ്യുന്നത്. ഇത് വിളയുന്നതിന് നാലുമാസം മാത്രമേ എടുക്കുകയുള്ളൂ. അതുകൊണ്ട് ഇടവിളയായി പരുത്തികൃഷി ചെയ്യുന്നു. ജോവറിനേക്കാൾ കൂടുതൽ കടുത്ത ചാമയുടെ വകഭേദമാണ് ബജ്ര അഥവാ പേൾ മില്ലറ്റ്. വരണ്ട പ്രദേശങ്ങൾക്ക് അനുയോജ്യമായ വിളയാണിത്. രാജസ്ഥാനിൽ പ്രത്യേകിച്ച് ഥാർ മരുഭൂമി പ്രദേശങ്ങളിൽ ഇത് കൃഷി ചെയ്യുന്നു. വർഷത്തിൽ 90 സെന്റീമീറ്ററിലധികം മഴ ലഭിക്കുന്ന ഇടങ്ങളിൽ കൃഷി ചെയ്യുന്നതിന് ഇത് യോഗ്യമല്ല. ദക്ഷിണമൈസൂരിലെ ലാറ്ററൈറ്റ്, ഗ്രാനൈറ്റ് മണ്ണിൽ കൃഷി ചെയ്യുന്ന മറ്റൊരിനം ചാമയാണ് റാഗി. മൺസൂണിനെ ആശ്രയിച്ചോ ജലസേചനം നൽകിയോ ആണ് ഇത് കൃഷി ചെയ്യുന്നത്. പ്രകൃതിചൂഷണം അധികമായതും കാലാവസ്ഥയിലുണ്ടായ വ്യതിയാനവും രാജ്യത്തിന്റെ കാർഷികമേഖലയെ കാർന്നുതിന്നുകയാണ്.

### സാമ്പത്തിക പരിഷ്ക്കരണം

ഇവയ്ക്കൊപ്പമാണ് സാമ്പത്തികപരിഷ്ക്കരണ നടപടികളും ഉണ്ടാകുന്നത്. ഇന്ത്യൻ സമ്പദ്വ്യവസ്ഥ അതീവഗുരുതരമായ പ്രതിസന്ധി നേരിടുന്ന സമയത്ത് 1991ൽ വിദേശ നാണ്യശേഖരം ശൂന്യമായ സാഹചര്യത്തിലാണ് പുതിയ സാമ്പത്തിക നയത്തിലേക്ക് മാറാൻ നാം നിർബന്ധിതരായത്. ഇന്ത്യയുടെ സാദ്ധ്യതകൾ തുറന്നിട്ടുകൊണ്ട് കഴിയുന്നത്ര വികസനം സാദ്ധ്യമാക്കുകയെന്നതായിരുന്നു ഇതിന്റെ ഉദ്ദേശ്യം. ഇതിന്റെ അടിസ്ഥാനത്തിൽ സ്വദേശിയും വിദേശിയുമായ മൂലധനത്തിന് സമസ്ത മേഖലകളിലും മുതൽ മുടക്കി. ഇത് രാജ്യത്ത് വികസനവും, പുരോഗതിയും, മെച്ചപ്പെട്ട ജീവിതനിലവാരവും തൊഴിലുകളും ഉറപ്പ് വരുത്തുമെന്നായിരുന്നു സർക്കാരിന്റെ ഉദ്ദേശം. എന്നാൽ വൻ ധനകുത്തൊഴുക്ക് വന്നപ്പോൾ പരമ്പരാഗത കുടിൽവ്യവസായ മേഖലകൾ തകർന്നു.

**പുത്തൻ സാമ്പത്തികനയം വന്നതോടെ കാർഷിക മേഖലയ്ക്കും ചില തിരിച്ചടികൾ ഉണ്ടായി. വിത്തിനും, വളത്തിനും, ജലത്തിനും, വൈദ്യുതിക്കും ലഭിച്ചിരുന്ന സബ്സിഡികൾ കുറഞ്ഞു. വായ്പകൾക്കും തടസ്സം ഏർപ്പെട്ടു. ഇതിന് പുറമെ സ്വതന്ത്ര വ്യാപാരക്കരാറുകൾ വഴി വിദേശ കാർഷിക ഉൽപ്പന്നങ്ങൾ ഇന്ത്യൻ വിപണിയിലേക്ക് വന്നതുമൂലം അവിടെ പിടിച്ചുനിൽക്കാൻ നമ്മുടെ കർഷകർക്ക് കഴിയാതെ വന്നു.** വിപണിയിലെ ഇടത്തട്ടുകാരുടെ ചൂഷണവും, സംഭരണവിതരണ കാര്യങ്ങളിൽ പശ്ചാത്തല സൗകര്യങ്ങളുടെ അപര്യാപ്തയും കൂടി ആയപ്പോൾ കാർഷികമേഖല തകർന്നു. ഇതോടെ ലക്ഷക്കണക്കിന് ചെറുകിടഇടത്തരം കൃഷിക്കാർ കർഷകത്തൊഴിലാളികളായി മാറി. വലിയൊരു വിഭാഗം നഗരമേഖലകളിലേക്ക് കുടിയേറാൻ നിർബന്ധിതരായി. എന്നാൽ ഒരുപരിധി വരെ ഇത് മറികടക്കുന്നതിനുള്ള നടപടികൾ ആവിഷ്ക്കരിക്കാൻ തുടർന്നുവന്ന സർക്കാരുകൾ ശ്രമം നടത്താതിരുന്നിട്ടുമില്ല.

### കാർഷികമേഖലയിലെ പ്രതിസന്ധി

ആളോഹരി വരുമാനത്തിന്റെ കാര്യത്തിലും കാർഷികമേഖലയ്ക്ക് വലിയ ഇടിവാണുണ്ടായിക്കൊണ്ടിരിക്കുന്നത്. ഇന്ന് അത് മൂന്നിലൊന്നായി കുറഞ്ഞിരിക്കുകയാണ്. അതായത് കാർഷികവൃത്തിയെ ആശ്രയിച്ചു ജീവിക്കുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നു. കൃഷിഭൂമിയും കുറയുന്നുവെന്നാണ്. ഇത് വല്ലാതെ അലോസരമുണ്ടാക്കുന്ന ഒരു സ്ഥിതിവിശേഷമാണെന്നാണ് വിദഗ്ധ മതം.

ആഗോളതലത്തിൽ കയറ്റുമതിയുടെ കാര്യത്തിൽ പത്തൊമ്പതാം സ്ഥാനത്തും, ഇറക്കുമതിയുടെ കാര്യത്തിൽ പത്താം സ്ഥാനത്തും ആണ് ഇന്ത്യ. 2012-2013 സാമ്പത്തികവർഷത്തെ സാമ്പത്തിക വളർച്ച 5.0% ആണ്, ഇതിനു മുമ്പിലത്തെ വർഷത്തിൽ 6.2% ആയിരുന്നു. 2010-11 സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ മൊത്ത ആഭ്യന്തര ഉത്പാദനം 9.3% കണ്ട് വർദ്ധിച്ചിരുന്നു. താൽക്കാലികമായിരുന്നു ഈ വളർച്ചാനിരക്ക്. പിന്നീടുള്ള വർഷങ്ങളിൽ ഇത് കുറഞ്ഞു വന്നു. മാർച്ച് 2013 ൽ ഇത് 4.8% ആയി കുറഞ്ഞു.

**നമ്മുടെ സമ്പദ്വ്യവസ്ഥ പ്രതിസന്ധിയിൽ അകപ്പെട്ട് ഉഴലുകയാണ്. വ്യാവസായിക ഉൽപാദനം കുറഞ്ഞുകൊണ്ടിരിക്കുന്നു. ഉൽപ്പാദനമേഖല ഇപ്പോഴും താഴോട്ടു തന്നെയാണ് നീങ്ങുന്നത്. തൊഴിലില്ലായ്മ വർധിക്കുന്നു. ധനക്കമ്മി വർധിച്ചുകൊണ്ടേയിരിക്കുന്നു. കറന്റ് അക്കൗണ്ട് കമ്മി ഭയാനകമായ വിധത്തിൽ വർധിച്ചിരിക്കുന്നു.** രണ്ടു വർഷം മുമ്പ് ജിഡിപി വളർച്ചാ നിരക്ക് 9.3 ശതമാനമായിരുന്നത് 2013ൽ 5 ശതമാനത്തിൽ താഴെയായി. പൊതുമേഖലാ ബാങ്കുകളുടെ കിട്ടാക്കടം (പ്രവർത്തനക്ഷമമല്ലാത്ത ആസ്തി എന്ന് സാമ്പത്തി

ക ശാസ്ത്രജ്ഞന്റെ ഭാഷ) 6 ലക്ഷം കോടി രൂപയിൽ അധികമായിരിക്കുന്നു.

ഇങ്ങനെ സമ്പദ്വ്യവസ്ഥ പ്രതിസന്ധിയിലേക്ക് മൂക്കുകുത്തിവീഴുമ്പോൾ അതിനെ രക്ഷിയ്ക്കാൻ കഴിയുന്നത് കാർഷിക മേഖലയ്ക്കാണ്. ഗോതമ്പിന്റെയും അരിയുടെയും സ്റ്റോക്ക് സർവകാല റെക്കോർഡായ 823 ലക്ഷം ടൺ ആയി ഉയർന്നിരിക്കുന്നു. ഭക്ഷ്യധാന്യ കയറ്റുമതി 200 ലക്ഷം ടണ്ണിലെത്തി. അരി കയറ്റിയയയ്ക്കുന്ന കാര്യത്തിൽ ഇന്ത്യ ലോകത്തിൽ ഒന്നാം സ്ഥാനത്തെത്തിയിരിക്കുന്നു. കാർഷികോൽപന്നങ്ങളുടെ കയറ്റുമതിയും വർധിച്ചിരിക്കുന്നു. 2010ൽ ഇന്ത്യയിൽനിന്നുള്ള കാർഷിക ഉൽപന്നങ്ങളുടെ കയറ്റുമതിവരുമാനം 12000 കോടി രൂപയായിരുന്നത് 2012-13 വർഷത്തിൽ 20,000 കോടി രൂപയായി വർധിച്ചിരിക്കുന്നു. ബസുമതി അരിയും മാംസവും വൻതോതിൽ കയറ്റുമതി ചെയ്യപ്പെടുന്നുവെന്നത് ശരിയാണെങ്കിലും കാർഷികമേഖലയുടെ സൂചിക ശരിയായ ദിശയിലല്ല.

**മറ്റ് നിലയിൽ സമ്പദ്വ്യവസ്ഥ താളം തെറ്റുമ്പോൾ, അതിന് പരിഹാരം കാണേണ്ടത് കാർഷിക മേഖലയുടെ വളർച്ചയിലൂടെയാണ്. എന്നാൽ 2005നും 2010നും ഇടയിലുള്ള അഞ്ചുവർഷംകൊണ്ട്, 1.4 കോടി കൃഷിക്കാരാണ് കൃഷി ഉപേക്ഷിച്ചു പോയത്.** ജിഡിപി വളർച്ച നല്ല നിരക്കിൽ നിലനിന്ന കാലഘട്ടത്തിലാണിത്. വ്യവസായങ്ങൾക്കും റോഡിനും റെയിൽവെയ്ക്കും മറ്റും വേണ്ടി കൃഷിഭൂമി ഏറ്റെടുക്കുന്നതിനുള്ള പുതിയ നിയമം പ്രാബല്യത്തിൽ വരുമ്പോൾ, കൂടുതൽ കൃഷിക്കാർ കൃഷിയിൽനിന്ന് ആട്ടിയോടിയ്ക്കപ്പെടും. സമ്പദ്വ്യവസ്ഥയെ രക്ഷിയ്ക്കേണ്ടത് കാർഷിക മേഖലയാണ്; കൃഷിക്കാരാണ്. വിനാശത്തിന്റെയും മാന്ദ്യത്തിന്റെയും പരമ്പരകൾക്കിടയിൽ ഒരിക്കൽപ്പോലും കാര്യമായ പരിഗണന ലഭിക്കാത്തത് കാർഷിക മേഖലയ്ക്കു മാത്രമാണ്. ഇന്ത്യ തിളങ്ങുമ്പോഴും മുങ്ങുമ്പോഴുമെല്ലാം സമ്പദ്വ്യവസ്ഥയുടെ നട്ടെല്ല് കാർഷിക മേഖലതന്നെയായിരുന്നു. കാർഷിക മേഖലയോടുള്ള പൂർണ ഉദാസീനതയും അവഗണനയും കർഷകരെ ആത്മഹത്യയിലേക്ക് നയിക്കുന്നു. ഒട്ടേറെപ്പേർ കാർഷികവൃത്തി ഉപേക്ഷിക്കുന്നു.

**കർഷകരുടെ പലായനം**

**കഴിഞ്ഞ ഏഴുവർഷത്തിനുള്ളിൽ 3.2 കോടി കൃഷിക്കാർ കൃഷി ഉപേക്ഷിച്ച് നഗരങ്ങളിലേക്ക് ചേക്കേറി; കൂലിപ്പണി ചെയ്ത് ജീവിക്കുന്നു! കഴിഞ്ഞ 18 വർഷത്തിനിടയിൽ 3 ലക്ഷത്തോളം കൃഷിക്കാർ ആത്മഹത്യ ചെയ്തു. കൃഷിക്കാരിൽ 65 ശതമാനത്തിലധികം പേരും കനത്ത കടഭാരത്തിൽ കുടുങ്ങിയിരിക്കുകയാണ്. ഏറ്റവും കുറഞ്ഞ വരുമാനമുള്ള ഏറ്റവും കൂടുതൽ ജനങ്ങൾക്ക് ആശ്രയമായ മേഖലയാണ് ഇന്ന് കാർഷികവൃത്തി. സമൂഹത്തെ ഒരു പിരമിഡ് പോലെ കാണാമെങ്കിൽ അതിന്റെ ഏറ്റവും അടിത്തട്ടിലുള്ളവർ, ഏറ്റവും അധികം സംഖ്യ വരുന്ന ജനങ്ങൾ ഏറ്റവും കൂടുതൽ ദുരിതം അനുഭവിക്കുന്നു. 60 കോടിയിലധികം വരുന്ന ജനങ്ങളാണ് ഇങ്ങനെ ദുരിതം അനുഭവിക്കുന്നത്. ജനസംഖ്യയിൽ 50 ശതമാനമായി കാർഷികമേഖല ചുരുങ്ങി.**

ഓരോ ദിവസവും 2500 കൃഷിക്കാർ കൃഷിപ്പണി ഉപേക്ഷിക്കുന്നു. ഗ്രാമത്തിൽനിന്ന് 50,000 പേർ (അവരിൽ കൃഷിക്കാരും ഉൾപ്പെടും) ദിനം പ്രതി പട്ടണങ്ങളിലേയ്ക്ക് ചേക്കേറിക്കൊണ്ടിരിക്കുന്നു. നാഷണൽ സാമ്പിൾ സർവെ ഓർഗനൈസേഷന്റെ കണക്കനുസരിച്ച് മറ്റെന്തെങ്കിലും ജോലി ലഭിയ്ക്കുകയാണെങ്കിൽ കൃഷിപ്പണി ഇട്ടെറിഞ്ഞു പോകാൻ 42 ശതമാനം കൃഷിക്കാരും തയ്യാറാണ്. രാഷ്ട്രം ഈ വിപത്തിലേക്ക് എന്ന് കണ്ണുതുറക്കും,

നാട്ടിൻപുറത്തുള്ള തുണ്ടു ഭൂമി വിറ്റു പെറുക്കി പട്ടണത്തിലെത്തുന്നവർ റിക്ഷ വലിക്കാരായും നിർമാണത്തൊഴിലാളികളായും ജീവിതം കഴിക്കുന്നു. സാമ്പത്തിക വിദഗ്ദ്ധന്മാർ ഇതിനെയാണ് സാമ്പത്തിക വളർച്ചയുടെ അടയാളമായി കാണുന്നത്! 2015 ആകുമ്പോഴേയ്ക്ക് നമ്മുടെ ഗ്രാമങ്ങളിൽ നിന്ന് 40 കോടി ആളുകൾ പട്ടണങ്ങളിലേക്ക് ചേക്കേറേണ്ടി വരും എന്നാണ് ലോകബാങ്കിന്റെ നിഗമനം.

ഇത്തരം ദയനീയമായ പരിതഃസ്ഥിതിയിൽ കാർഷിക മേഖലയിൽ കൃഷിക്കാർ നഗരങ്ങളിലേക്ക് പലായനം ചെയ്യുന്നത് രാഷ്ട്രീയമായും സാമ്പത്തികമായും അർഥശൂന്യമാണ്. പാവപ്പെട്ട കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അത് ഇരട്ടി നഷ്ടമാണ് ഉണ്ടാക്കുന്നത്. ഗ്രാമങ്ങളിലുള്ള തുണ്ടു ഭൂമി വിറ്റൊഴിവാക്കിയിട്ടാണ് അവർ നഗരങ്ങളിലേക്ക് പോകുന്നത്. എന്നാൽ സാമ്പത്തിക വളർച്ച മന്ദീഭവിയ്ക്കുന്നതോടെ, നഗരങ്ങളിലെ ദിവസക്കൂ

ലിയ്ക്കുള്ള ജോലിയും കുറഞ്ഞുവരുന്നു.

**കേരളത്തിലെ കാർഷികമേഖല**

കഴിഞ്ഞ 25 വർഷം കേരളത്തിന്റെയം കാർഷികമേഖല തകർച്ചയിൽ നിന്ന് തകർച്ചയിലേക്ക് കൂപ്പുകുത്തുകയാണ്. പാടങ്ങളെല്ലാം ഒന്നുകിൽ നികത്തി കെട്ടിടം പണിയുന്നു. അല്ലെങ്കിൽ തരിശിടുന്നു. അല്ലെങ്കിൽ കളിമൺ ഖനനത്തിനായി ഉപയോഗിക്കുന്നു. വലിയതോതിൽ ലാഭം ഉണ്ടാക്കാനുള്ള ഉപാധി മാത്രമായി ഭൂമി മാറുമ്പോൾ കൃഷിക്കും നിലനിൽക്കാനാവില്ലല്ലോ. കർഷകർക്കാകട്ടെ മുന്നോട്ടുപോകാൻ നിരവധി പ്രതിസന്ധികളുമുണ്ട്. എങ്കിലും മുൻ എൽഡിഎഫ് സർക്കാരിന്റെ ചില നടപടികൾ കാർഷികമേഖലയിൽ, പ്രത്യേകിച്ച് നെൽകൃഷി മേഖലയിൽ ആശ്വാസമാണ്. മുൻ കൃഷിവകുപ്പുമന്ത്രി മുല്ലക്കര രത്നാകരൻ തീർച്ചയായും അഭിനന്ദനമർഹിക്കുന്നു. നെൽവയൽ നീർത്തട സംരക്ഷണ നിയമവും നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിച്ചതുമൊക്കെ ഉദാഹരണം. നെൽകർഷകർക്ക് പ്രചോദനമേകാൻ കഴിഞ്ഞു. കൂടാതെ പച്ചക്കറി മേഖലയിലും ഉണർവുണ്ടായി. **എങ്കിൽ പോലും നമുക്കാവശ്യമുള്ളതിന്റെ കാൽഭാഗംപോലും നെല്ലും പച്ചക്കറിയും ഉൽപ്പാദിപ്പിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം. മാത്രമല്ല, നെൽവയൽ നീർത്തട സംരക്ഷണ നിയമത്തിൽ വെള്ളം ചേർക്കാനുള്ള നീക്കങ്ങളും ശക്തമാണ്. വിത്തു വിതയ്ക്കാനുള്ള പാടങ്ങളൊ വിമാനതാവളങ്ങളോ നമുക്ക് കൂടുതൽ ആവശ്യം?**

സത്യത്തിൽ പച്ചക്കറി കൃഷിക്ക് എത്രയോ സാധ്യതകളാണ് ഇവിടെയുള്ളത്. വികേന്ദ്രീകൃതമായ നിലയിൽ വീടുകളിലും പറമ്പുകളിലും വ്യാപകമായി പച്ചക്കറി കൃഷി ചെയ്യണം. വിത്തുകളും വളങ്ങളും നൽകിയും ഉൽപ്പന്നങ്ങൾ ശേഖരിച്ച് മതിയായ വില നൽകിയും സർക്കാർ അതിനെ പ്രോത്സാഹിപ്പിക്കണം. കേരളത്തിൽ പല പഞ്ചായത്തുകളിലും ഇതു നടക്കുന്നുണ്ട്. ഫലം കാണുന്നുമുണ്ട്. ആ നയം സംസ്ഥാനം മുഴുവൻ വ്യാപിപ്പിക്കുന്പോൾ കഴിഞ്ഞ കാൽനൂറ്റാണ്ടിൽ നഷ്ടപ്പെട്ട പച്ചപ്പ് നമുക്ക് തിരിച്ചുപിടിക്കാൻ കഴിയും.

**പ്രതിവിധി**

2012-13ലെ ഇന്ത്യാ റൂറൽ ഡെവലപ്മെന്റ് റിപ്പോർട്ട് അനുസരിച്ച് ഇന്ത്യയിലെ മൊത്തം കർഷക കുടുംബങ്ങളിൽ 67 ശതമാനവും നാമമാത്ര കൃഷിക്കാരാണ്. മാർജിനൽ കൃഷിക്കാർ എന്ന് ഇംഗ്ലീഷിൽ പറയുന്ന ഇവർ ഭൂരിഭാഗവും ദരിദ്രർ തന്നെ. ഒരു ഹെക്ടറിൽ താഴെ മാത്രം കൃഷിഭൂമി കൈവശമുള്ളവരെയാണ് നാമമാത്ര കൃഷിക്കാരായി സർക്കാർ കണക്കാക്കിയിരിക്കുന്നത്. ഒരു ഹെക്ടറിനും രണ്ട് ഹെക്ടറിനും ഇടയിൽ കൃഷിഭൂമി കൈവശമുള്ള കൃഷിക്കാർ ചെറുകിട കൃഷിക്കാർ എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നു. മൊത്തം കൃഷിക്കാരിൽ 18 ശതമാനം ഇവരാണ്. അതായത് മൊത്തം കൃഷിക്കാരിൽ 85 ശതമാനം പേരും നാമമാത്ര കർഷകരോ ചെറുകിട കർഷകരോ ആണ്.

ഇവരിൽ ചെറുകിട കൃഷിക്കാർക്ക് കൃഷി ഒരുവിധം മുതലാകും. അവർക്ക് കന്നുകാലികളെ നിർത്താനും തൊഴിലാളികളെ വെച്ച് ജോലി ചെയ്യിക്കാനും കഴിയും. എന്നാൽ ദരിദ്ര കൃഷിക്കാരുടെ കാര്യം കഷ്ടം തന്നെയാണ്.

രണ്ട് ഹെക്ടർ മുതൽ 10 ഹെക്ടർ വരെ ഭൂമി കൈവശം വെയ്ക്കുന്നവർ ഇടത്തരം കൃഷിക്കാരോ ഉയർന്ന ഇടത്തരക്കാരോ ആണ്. 10 ഹെക്ടറിൽ മേലെയുള്ളവർ വൻകിടക്കാരും. ഈ രണ്ടു വിഭാഗക്കാരും കൂടി ആകെ 15 ശതമാനമേ വരൂ.

ഈ സാഹചര്യത്തിൽ കാർഷിക മേഖലയ്ക്ക് ഉണർവേകാൻ വിപ്ലവകരമായ മാറ്റമാണ് അനിവാര്യമായിരിക്കുന്നത്. കൃഷിയെ പുനരുജ്ജീവിപ്പിക്കാനുള്ള പാക്കേജിനു രൂപം നല്കണം. ഊഷര ഭൂമികളുടെ ആരോഗ്യം വീണ്ടെടുക്കാൻ ജൈവ കൃഷി പ്രോത്സാഹിപ്പിക്കണം. 1.20 ലക്ഷം കോടിയുടെ വളം സബ്സിഡി കർഷകർക്കു നേരിട്ടു വിതരണം ചെയ്യണം. അതു സ്വാഭാവിക കൃഷിമാർഗത്തിലേക്ക് തിരിയണമോയെന്ന് തീരുമാനിക്കാൻ കർഷകനു സഹായകമാകും. അന്തിമായി കർഷകക്ഷേമത്തിൽ ശ്രദ്ധയൂന്നുവാൻ പാക്കേജിൽ നടപടിവേണം. പ്രത്യക്ഷ വരുമാന പിന്തുണയെന്ന തത്വത്തിലൂന്നി പ്രതിമാസ സ്ഥിര വരുമാനമാണ് പ്രതിസന്ധിയിലായ കാർഷികമേഖലയ്ക്ക് ഇന്നാവശ്യം.

**മംഗളത്തിന്റെ തിരുവനന്തപുരം കറസ്പോണ്ടന്റാണ് ലേഖകൻ**



# പുതിയ ചുവടുവയ്പുകളോടെ കാർഷിക മേഖല

സുരേഷ് മുതുകുളം

**കൃഷിസ്ഥല പരിമിതിയ്ക്ക് പുതിയ പരിഹാരമാകുകയാണ് 'വെർട്ടിക്കൽ ഫാമിങ്' എന്ന ലംബകൃഷി സമ്പ്രദായം. ഭൂമിയിൽ വീടുവയ്ക്കാൻ സ്ഥലം കിട്ടാതെ വന്നപ്പോൾ ബഹുനില മന്ദിരങ്ങൾ പണിത് മനുഷ്യൻ പാർപ്പിടമൊരുക്കിയതുപോലെ വിളകൾക്ക് പണിയുന്ന ബഹുനില മന്ദിരങ്ങളാണ് വെർട്ടിക്കൽ ഫാം അഥവാ ലംബകൃഷിയിടം.**

കൃഷിയുടെ പുതിയ വ്യഖ്യാനങ്ങൾക്ക് വഴി മാറുന്നു വർത്തമാനകാല കേരളം. സമൂഹത്തിൽ ദൃശ്യമാകുന്ന പ്രവർത്തനപഥങ്ങളിലെ ചുവടുമാറ്റം കാർഷിക മേഖലയിലും യാഥാർത്ഥ്യമാകുന്നു. മാനവരാശിയുടെ നിലനിൽപിന്റെ അടിസ്ഥാന ശിലയായ കാർഷികമേഖല ഇന്ന് പുതിയ സംരഭങ്ങളുടെയും പരമ്പരാഗത രീതിയിൽ നിന്നു വേറിട്ട പ്രവർത്തനങ്ങളുടെയും കേദാരമായിരിക്കുന്നു. കാലാനുസൃതമായ മാറ്റം ഉൾക്കൊണ്ട് കാർഷിക വൃത്തി കൂടുതൽ ആകർഷകവും ആദായകരവുമായ സംരഭം എന്ന തലത്തിലേക്കുയർത്തുക എന്നതാണ് ഈ ചുവടുമാറ്റത്തിന്റെ പ്രധാന ലക്ഷ്യം എന്നു കരുതാം. കഠിനവും അശ്രാന്തവുമായ പരിശ്രമത്തിന്റെ പര്യായമായി മാത്രം കാർഷികവൃത്തിയെ കണ്ടിരുന്ന പഴയകാഴ്ചപ്പാടിനും ഇന്ന് ഏറെ മാറ്റം വന്നു കഴിഞ്ഞിരിക്കുന്നു. ഉത്പാദനത്തിലും പരിപാലനത്തിലും വിപണനത്തിലും കൂർമ്മബുദ്ധിയായ ഒരു സംരഭകന്റെ ഔചിത്യമാണ് ഇന്ന് കാർഷികമേഖല ആവശ്യപ്പെടുന്നത് എന്ന തിരിച്ചറിവും ഇത്തരമൊരു മാറ്റത്തിന് വേഗതകൂട്ടി എന്നു പറയാം. പരമ്പരാഗതമായ പ്രവർത്തനസരണിയിൽ നിന്നും വേറിട്ട്, വ്യത്യസ്ഥമായി പ്രവർത്തിക്കുന്ന പുതിയതെന്തിനെയും ന്യൂജനറേഷൻ എന്ന നിർവചനത്തിലാണ് നാം പെടുത്തുന്നതെങ്കിൽ കാർഷികമേഖലയിലും ശ്രദ്ധേയമായ ചില പുതുതലമുറ സംരഭങ്ങൾ അഥവാ ന്യൂജനറേഷൻ ട്രെൻഡ്സ് സംഭവിച്ചിരിക്കുന്നു എന്നു പറയേണ്ടതുണ്ട്. മാറുന്ന കാർഷിക കേരളത്തിലെ ചില പുതിയ പ്രവണതകളും സംരഭങ്ങളും പരിചയപ്പെടുത്തുകയാണിവിടെ.

**പോളിഹൗസ് കൃഷി**

വിളകളെ അവയ്ക്ക് അനുയോജ്യമായ സാഹചര്യത്തിൽ കാലാവസ്ഥാ വ്യതിയാനങ്ങളെ ചെറുത്തു നിർത്തി സംരക്ഷിച്ചു വളർത്തി പരമാവധി ഉത്പാദനം ഉറപ്പാക്കുന്ന നൂതനസംരക്ഷിത കൃഷിരീതിയാണ് ഗ്രീൻ ഹൗസ് അഥവാ പോളി ഹൗസ് കൃഷി. ഇതിൽതന്നെ ഗ്രീൻ ഹൗസ് (ഹരിതഗൃഹം), ഷെയിഡ് ഹൗസ് അഥവാ നെറ്റ് ഹൗസ് (തണൽ ഗൃഹം) പ്ലാസ്റ്റിക് ടണൽ (പ്ലാസ്റ്റിക് തുരങ്കം) റെയിൻ ഷെൽട്ടർ (മഴമറ) എന്നിങ്ങനെ വിവി

ധതരം കൃഷിരീതികളുണ്ട്. ബാഹ്യമായി കാലാവസ്ഥയിലുണ്ടാകുന്ന വ്യത്യാസങ്ങൾ ഒന്നും തെല്ലും ബാധിക്കാതെ സസ്യവളർച്ചയ്ക്കനുകൂലമായ സാഹചര്യങ്ങൾ കൃത്യമായി നല്കി ചെടിയെ പരിപാലിക്കുന്ന ഒരു വീട് എന്ന് ഗ്രീൻ ഹൗസിനെ വിശേഷിപ്പിക്കാം. ഗ്രീൻ ഹൗസുകളുടെ നിർമ്മാണത്തിന് ആദ്യഘട്ടത്തിൽ ഗ്ലാസ്സും തുടർന്ന് ദൃഢമായ പ്ലാസ്റ്റിക്കുമാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ പോളിത്തീൻ ഷീറ്റുകളുടെ വരവോടെ ഗ്രീൻഹൗസ് നിർമ്മാണത്തിന് ഇവയും ഫലപ്രദമായി വിനിയോഗിക്കാൻ തുടങ്ങി. ഇത്തരം ഗ്രീൻ ഹൗസുകളെയാണ് പോളിഹൗസ് എന്നു പറയുന്നത്.

സംസ്ഥാന ഹോർട്ടികൾച്ചർ മിഷനും കൃഷി വകുപ്പും പോളിഹൗസ് നിർമ്മാണത്തിന് സാമ്പത്തിക- സാങ്കേതിക സഹായങ്ങൾ നൽകുന്നു. 2013 -14 വർഷം സംസ്ഥാനത്താകെ 1,60,000 ചതുരശ്ര മീറ്റർ സ്ഥലത്ത് പ്രകൃതിദത്ത വെന്റിലേഷനോടുകൂടിയ പോളിഹൗസുകൾ നിർമ്മിക്കാനാണ് ഹോർട്ടികൾച്ചർ മിഷൻ ലക്ഷ്യമിട്ടത്. കനത്തമഴ, രോഗ-കീട ബാധ കാലാവസ്ഥാ വ്യതിയാനം എന്നിവയെ തെല്ലും ഭയപ്പെടാതെ സധൈര്യം കൃഷി ചെയ്യാം എന്ന അധികമേന്മ തന്നെയാണ് കേരളത്തിലും പോളിഹൗസ് കൃഷിക്ക് ധാരാളം ആരാധകരെ സൃഷ്ടിച്ചത്. സംരംഭത്തിലെ ലാഭനഷ്ടങ്ങൾ മാത്രം നോക്കിയല്ല പലരും ഈ രീതി സ്വീകരിക്കാൻ തയാറായത്; പുതിയതെന്തിനെയും രണ്ടു കയ്യും നീട്ടി സ്വീകരിക്കുന്ന മലയാളിയുടെ വിശാലമനസ്സും ഇതിലൂടെ ദൃശ്യമായി.

**മാതൃക: പ്രിസിഷൻ @ താന്ന്യം**

പോളിഹൗസിൽ കൃത്യതാകൃഷിയുടെ കണക്കുകൂട്ടലുകൾ വളരെ കൃത്യമായിതന്നെ നടത്തി സംസ്ഥാനത്തെ ആദ്യത്തെ ഹൈടെക് കൃഷി ഗ്രാമമായി മാറിയ തൃശ്ശൂർ ജില്ലയിലെ താന്ന്യം ഈ രംഗത്തെ അനുകരണീയമായ ഒരു മാതൃകയാണ്. ഏതാണ്ട് 16 പോളിഹൗസുകൾ ഈ ഗ്രാമത്തിൽ സജ്ജമായിരിക്കുന്നു. ട്രാവൻകൂർ ടൈറ്റാനിയത്തിൽ നിന്നു വിരമിച്ച ശ്രീ രാജൻ വാലത്ത് സങ്കരയിനം സലാഡ് വെള്ളരിക്കയുമായാണ് പോളിഹൗസ് കൃഷിക്ക് തുടക്കം കുറിച്ചത്. രാജന്റെ 360 ച. മീറ്റർ വരുന്ന പോളിഹൗസിൽ ആകെ 18 വാരങ്ങളിലായി 600 ചെടികൾ വളർത്തി. ഓരോ ദിവസത്തെ ശരാശരി വിളവ് 100 കിലോ സലാഡ് വെള്ളരിക്കയായിരുന്നു. **ഇതിന്റെ വിളവെടുപ്പുകാലം ഏകദേശം 50 ദിവസം. 360 ച. മീറ്റർ പോളിഹൗസിൽ നിന്ന് ഏകദേശം 3 ടണ്ണിനടുത്ത് സലാഡ് വെള്ളരിക്ക ഉത്പാദിപ്പിക്കാനായത് മികച്ച നേട്ടമായി. ശരാശരി കിലോക്ക് 40 രൂപ നിരക്കിൽ തൃശ്ശൂർ സൂപ്പർ മാർക്കറ്റിലും പ്രാദേശിക വിപണിയിലും വിറ്റഴിച്ചു.**

അബുദാബിയിൽ മെക്കാനിക്കൽ ടെക്നീഷ്യനായിരുന്ന ബ്രഹ്മകുളത്ത് തെക്കത്ത് ആന്റോ ഇതിനകം പോളിഹൗസ് കൃഷിയിൽ നിന്ന് ഒരു ടണ്ണിലേറെ വെള്ളരിയും 2 1/2 ക്വിന്റൽ പയറും വിളവെടുത്തു. വ്യോമസേനയിൽ നിന്നും വിരമിച്ച കണ്ടശ്ശാകടവ് ചുള്ളിപ്പറമ്പിൽ വിശ്വരത്നം, വാടകഭൂമിയിൽ പോളിഹൗസ് കൃഷിചെയ്യുന്ന പഴുവിൽ വെസ്റ്റ് പുത്തൂർ വർഗീസ്, മൂന്നര പതിറ്റാണ്ട് ഇംഗ്ലണ്ടിൽ ജീവിച്ച ഡോ. ആന്റണി വർക്കി തുടങ്ങിയ നിരവധിപേർ ഇന്ന് വിഷമയമില്ലാതെ പച്ചക്കറികൾ ധാരാളം വിളയിക്കുന്നത് പോളിഹൗസ് കൃഷിയിലൂടെയാണ്.



ഇങ്ങനെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഹൈടെക് പോളിഹൗസ് കൃഷിയിൽ വ്യാപൃതപരായിരിക്കുന്ന നിരവധിപേർ ഇന്നുണ്ട്.

**മാതൃക**

**മഴമറയിലും പച്ചക്കറിസമൃദ്ധി**

വർഷത്തിൽ ഏതാണ്ട് ആറുമാസക്കാല

ത്തോളം നീളുന്ന മഴയാണ് പലപ്പോഴും കേരളത്തിൽ പച്ചക്കറികൃഷിവ്യാപനത്തിന് വിഘാതം സൃഷ്ടിക്കാറുള്ളത്. ചെടികൾക്ക് സംഭവിക്കുന്ന കീട-രോഗബാധകൾ പലപ്പോഴും മഴക്കാലത്ത് കൂടുതലുമായിരിക്കും. ഈ സാഹചര്യത്തിലാണ് യു. വി. ഷീറ്റും ചുറ്റും തണൽ വലകളുമായി ഒരുക്കാവുന്ന മഴമറകൾ കേരളത്തിൽ പ്രചാരം നേടുന്നത്. മട്ടുപ്പാവിലായാലും ഇത്തരത്തിൽ മഴമറകൾ തീർത്ത് സമൃദ്ധമായി പച്ചക്കറികൾ വളർത്താം. മഴക്കാലത്തും നല്ല വിളവ് കൊയ്യുകയും ചെയ്യാം.

കണ്ണൂർ ജില്ലയിൽ ചെറുവാഞ്ചേരി പൂവ്വത്തൂരിലെ കെ.പി. ദാമോദരൻ തന്റെ കൃഷിയിടത്തിൽ മഴമറ കെട്ടി അതിൽ വെണ്ട, ചീര, മുളക്, തുടങ്ങി വിവിധ വിളകൾ കൃഷിയിറക്കി വിജയം കൊയ്തു, മഴമറകൃഷിക്കനുയോജ്യമായ സങ്കരവെള്ളരിയിനങ്ങൾതന്നെ കേരള കാർഷികസർവ്വകലാശാല കണ്ടെത്തുകയും ചെയ്തു.

**അച്ചിലിട്ട പച്ചക്കറികൾ**

വിപണിയിലും ഉപഭോക്താവിന്റെ പുതിയ അഭിരുചിക്കനുസൃതമായും നക്ഷത്രത്തിന്റെയും ഹൃദയത്തിന്റെയും ആകൃതിയിൽ പച്ചക്കറികൾ വിളയിച്ചെടുക്കുന്ന പോളി ഹൗസുകളുണ്ട്. ആലപ്പുഴ നന്ദനം ഗാർഡൻസിലെ അനിൽ കുമാറിന്റെ പോളിഹൗസ് ഇതിനുദാഹരണമാണ്. സ്പെയിനിൽ നിന്നും വരുത്തിയ വിവിധാകൃതിയിലുള്ള അച്ചുകളിലാണ് ഈ പച്ചക്കറികൾ വിളയിച്ചെടുക്കുക. ഒരു അച്ചിന് 250 രൂപയാണ് വില. ഫുഡ്ഗ്രേഡ് പി.വി.സി. നിർമ്മിതമാണ് അച്ച്. കായ്കൾ ചെറുതായിരിക്കുമ്പോൾ തന്നെ അച്ചിനുള്ളിലാകും. കായ് വളർന്ന് അച്ചിൽ നിറയുമ്പോൾ ഇവ പുറത്തെടുക്കും. വെള്ളരി, തക്കാളി തുടങ്ങി ഇത്തരത്തിൽ രൂപമാറ്റം വരുത്തിയ പച്ചക്കറികൾക്ക് സ്റ്റാർഹോട്ടലുകളിലും മറ്റും നല്ല ഡിമാന്റാണ്.

കുട്ടികൾക്കും ഇത്തരത്തിൽ നക്ഷത്രത്തിന്റെയും ഹൃദയത്തിന്റെയും ആകൃതിയിലുള്ള പച്ചക്കറികളോട് നല്ല താല്പര്യമുള്ളതായാണു റിപ്പോർട്ട്.

**വെർട്ടിക്കൽ ഫാമിങ്**

കൃഷിസ്ഥലപരിമിതിയ്ക്ക് പുതിയ പരിഹാരമാക്കുകയാണ് 'വെർട്ടിക്കൽ ഫാമിങ്' എന്ന ലംബകൃഷി സമ്പ്രദായം. ഭൂമിയിൽ വീടുവയ്ക്കാൻ സ്ഥലം കിട്ടാതെ വന്നപ്പോൾ ബഹുനില മന്ദിരങ്ങൾ പണിത് മനുഷ്യൻ പാർപ്പിടമൊരുക്കിയതുപോലെ വിളകൾക്ക് പണിയുന്ന ബഹുനില മന്ദിരങ്ങളാണ് വെർട്ടിക്കൽ ഫാം അഥവാ ലംബകൃഷിയിടം. സിംഗപ്പൂർ പോലെയുള്ള വിദേശ രാജ്യങ്ങളിൽ ഇപ്പോൾത്തന്നെ നഗരകൃഷിയുടെ പുതിയ മാതൃകയായി വെർട്ടിക്കൽ ഫാമുകൾ പ്രവർത്തനസജ്ജമായിരിക്കുന്നു. ഒന്നിടവിട്ട ദിവസം ഒരു ടൺ വീതം പച്ചക്കറികൾ ഉൽപാദിപ്പിക്കാൻ കഴിയുള്ള ഇവിടത്തെ 'സ്കൈ ഗ്രീൻ വെർട്ടിക്കൽ ഫാം" ഇതിന് ഉത്തമ ദൃഷ്ടാന്തമാണ്. ഇത്തരത്തിൽ ഏതാനും ചില വിജയ മാതൃകകൾ കേരളത്തിലും ഇതിനോടകം പ്രാവർത്തിമായിരിക്കുന്നു എന്നത് എടുത്തു പറയേണ്ടതാണ്. ഒരു വലിയ ആശയ സാക്ഷാത്കാരത്തിലേക്കുള്ള ചെറിയ ചുവടുവയ്പുകൾ.

കേരള കാർഷിക സർവകലാശാലയുടെ ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിൽ ഡോ. പി. രാജേന്ദ്രന്റെ നേതൃത്വത്തിൽ വെർട്ടിക്കൽ സ്പേസ് (ലംബ ഇടം) ഉപയോഗപ്പെടുത്തി യാഥാർത്ഥ്യമാക്കിയിരിക്കുന്ന 'വെജിറ്റബിൾ ടവർ' ഇത്തരത്തിലൊന്നാണ്. പ്ലാസ്റ്റിക് വീപ്പയിൽ ചകിരി നിറച്ച ശേഷം ചുറ്റും വ്യത്യസ്ത ഉയരത്തിൽ ദ്വാരങ്ങൾ ഉണ്ടാക്കി ചെടികൾ നടുന്ന രീതിയാണിവിടെ പരീക്ഷിച്ചിരിക്കുന്നത്. ചകിരിപിത്തിനും നടുവിലൂടെ കടന്നുപോകുന്ന കുഴലിലെ ചെറു ദ്വാരങ്ങ



ളിലൂടെ വീപ്പക്കുള്ളിൽ എല്ലായിടത്തും വെള്ളവും വളവും എത്തിക്കും. ഭൂരഹിതർക്കു പോലും ലഭ്യമായ സ്ഥലത്ത് പരമാവധി പച്ചക്കറികൾ ഉല്പാദിപ്പിക്കാൻ സഹായകമാകുന്നു ഇത്.

**ക്രോപ്-അനിമൽ അപ്പാർട്ട്മെന്റ്**

ലംബകൃഷിയിടത്തിന്റെ മറ്റൊരു വകഭേദമായ ക്രോപ് – അനിമൽ അപ്പാർട്ടുമെന്റിനു രൂപം നൽകിയത് കണ്ണൂർ കൃഷി വിജ്ഞാനകേന്ദ്രം ആണ്. ഇവിടെ കൃഷിയിടത്തിൽ വിളകൾ മാത്രമല്ല വളർത്തുമൃഗങ്ങൾക്കും കൂടെ ആവാസം ഒരുക്കിയിരിക്കുന്നു. കൃഷി-മൃഗപരിപാലന പ്രവർത്തനങ്ങൾ ഒരേ കൃഷിയിടത്തിൽ സമന്വയിപ്പിക്കുന്ന സംയോജിത സംരംഭം എന്ന് ഇതിനെ വിശേഷിപ്പിക്കാം. 384 ചതുരശ്ര അടിയാണ് ഈ അപ്പാർട്ട്മെന്റിന്റെ തറവിസ്തീർണ്ണം. എന്നാൽ തട്ടും രണ്ടുഗാലറികളും ചേർന്ന് 944 ചതുരശ്ര അടി ഇടമാണ് ഇതുവഴി ലഭ്യമാകന്നത്. കൂടാതെ തറയിൽ കൂടടക്കം ഒരു സെന്റ് സ്ഥലം തിരിച്ച് ബാക്കി ഭാഗത്തും കൃഷി നടത്താം. പരസ്പരം താങ്ങായി നിൽക്കുന്ന രണ്ടു ഗ്യാലറികൾ ചേർന്നുള്ള ഒരു പിരമിഡ് ആകൃതിയിലാണ് ഇതിന്റെ രൂപകല്പന. അതുകൊണ്ടുതന്നെ പരന്ന മേൽക്കൂരയ്ക്കു പകരമുള്ള ഈ ഗ്യാലറികൾ ഇരട്ടി സ്ഥലം ലംബരീതിയിലുള്ള കൃഷിക്ക് നൽകുന്നു. മാത്രമല്ല പരന്ന മേൽക്കൂര കൊണ്ട് കൂട്ടിലുണ്ടായ ചൂട് ഒഴിവാകും. രണ്ടു ഗ്യാലറിയിലുമായി 250-ലധികം ഗ്രോബാഗുകൾ വയ്ക്കാം. തറയിൽ 200 ചതുരശ്ര അടിയിൽ മുട്ടക്കോഴിക്കുഞ്ഞുങ്ങളെ അഥവാ ബ്രോയിലർ കുഞ്ഞുങ്ങളെ വളർത്താനുള്ള കൂടും 60 ചതുരശ്ര അടി വീതം വിസ്തൃതിയിൽ മുട്ടക്കോഴികളെ വളർത്താനുള്ള രണ്ടുകൂടുകളും സജ്ജീകരിച്ചിരിക്കുന്നു. ഒന്നാം നിലയിലാണ് ആടുകൾ. 200 ചതുരശ്ര അടി വിസ്തീർണത്തിലാണ് ആടിന് കൂട്, തീറ്റ, വെള്ളം എന്നിവയ്ക്ക് സൗകര്യം ചെയ്തിട്ടുണ്ട്. കോഴിക്കൂടിന്റെ മേൽക്കൂരയ്ക്ക് സമാന്തരമായി വശങ്ങളിൽ തൂങ്ങിനിൽക്കുന്ന വിധമാണ് മുയൽക്കൂടുകൾ. നാല് ചതുരശ്ര അടി വീതം വിസ്തൃതിയുള്ള പതിനാറു കൂടുകൾ മുൻഭാഗത്ത് മുയൽക്കൂടിനു മുകളിൽ 20 ചതുരശ്ര അടി വീതം വിസ്തീർണ്ണമുള്ള രണ്ട് അസോള ടാങ്കുകൾ. കൂടിന്റെ നിർമ്മിതിക്കും മൃഗങ്ങൾക്കുമായി ഏകദേശം 5 ലക്ഷം രൂപയാണ് പ്രാഥമിക ചെലവ്.

**കർഷകർ ടിഷ്യൂകൾച്ചർ സംരംഭകരാകുന്നു.**

ജൈവ സാങ്കേതിക തന്ത്രത്തിന്റെ അടിസ്ഥാനരൂപമായ ടിഷ്യൂകൾച്ചർ ഒരു കാലത്ത് ജനസാമാന്യത്തിന് അപ്രാപ്യമായിരുന്നു. എന്നാൽ ശാസ്ത്രതത്വങ്ങളുടെ വിജയത്തിന് ജനപങ്കാളിത്തം കൂടിയേ തീരൂ എന്നു വന്നതോടെ യുവതലമുറയ്ക്ക് മികച്ച തൊഴിൽ സംരംഭമായി മാറിയിരിക്കുന്നു ടിഷ്യൂകൾച്ചർ സാങ്കേതിക വിദ്യയും തൈകളുടെ വിപണനവും. ഒരു പക്ഷെ കാർഷിക മേഖലയിൽ സംഭവിച്ചിരിക്കുന്ന ഗുണപരമായ നല്ലൊരു മാറ്റം എന്നും ഇതിനെ വിശേഷിപ്പിക്കാം.

ഏറ്റവും ആവശ്യം വേണ്ടുന്ന വാഴക്കന്നുകളുടെ കാര്യത്തിലാണ് ഈ മുന്നേറ്റം ദൃശ്യമായിരിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് ഒരു വർഷം ഏകദേശം 625 ലക്ഷം വാഴത്തൈകൾ വേണമെന്നാണ് കണക്ക്. ഭീമമായ ഈ ആവശ്യം നിർവഹിക്കാൻ ഓരോ സീസണിലും 62 ലക്ഷം തൈകൾ വേണ്ടി വരും. ഇതിന് ടിഷ്യൂകൾച്ചർ അല്ലാതെ മറ്റു പോംവഴിയില്ല എന്ന തിരിച്ചറിവാണ് പലരെയും ഈ രംഗത്തേക്ക് ആകർഷിക്കുന്നത്. സാങ്കേതിക പരിശീലനം നേടിക്കഴിഞ്ഞാൽ ടിഷ്യൂകൾച്ചർ ലാബുകളിൽ നിന്ന് തൈകൾ അടങ്ങിയ കൾച്ചർ ഫ്ളാസ്കുകൾ വാങ്ങി ചെലവു കുറഞ്ഞ രീതിയിൽ ദൃഢീകരണം (hardening) നടത്തി പുതുതായി മികച്ച തൈകൾ സ്വന്തമായി തയ്യാറാക്കാം. അല്പം മുതൽമുടക്കുവാൻ കഴിയുമെങ്കിൽ ദൃഢീകരണ യൂണിറ്റ് കൂടാതെ വീട്ടിൽ ചെറിയൊരു ടിഷ്യൂകൾച്ചർ ലാബ് തന്നെ സജ്ജീകരിച്ച് കൾച്ചർ ഫ്ളാസ്കുകളിൽ ലഭിക്കുന്ന ചെടികൾ സബ്കൾച്ചർ ചെയ്ത് പുനരുത്പാദനം നടത്തി കൂടുതൽ തൈകൾ സ്വന്തമായിത്തന്നെ ഉത്പാദിപ്പിക്കുവാനും വില്പന നടത്താനും കഴിയും. ഇത്തരം തൈകൾ രണ്ടു മാസത്തെ ശുദ്ധീകരണത്തിനും പരിചരണത്തിനും ശേഷം ഇരട്ടിയോളം വിലയ്ക്ക് വിൽക്കുവാനും കഴിയും. കൃഷിവകുപ്പിന്റെ ബയോടെക്നോളജി & മോഡൽ ഫ്ലോറികൾച്ചർ സെന്റർ (കഴക്കൂട്ടം), പാലോട് ടി.ബി.ജി.ആർ.ഐ, കേരള കാർഷിക സർവകലാശാലയുടെ

വിവിധ കാർഷികഗവേഷണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ടിഷ്യൂകൾച്ചർ വാഴത്തൈകൾ ലഭിക്കും. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ലാബ് നിർമ്മാണത്തിനും നവീകരണത്തിനും ടിഷ്യൂകൾച്ചർ വാഴകൃഷിക്കും സഹായവും നൽകുന്നുണ്ട്.

**കമ്പക്കിളികൾ**

കൗതുകത്തിന്റെയും കമ്പത്തിന്റെയോ പേരിൽ മാത്രമല്ലാതെ ആദായത്തിനു വേണ്ടി ഓമനപ്പക്ഷികളെ (Love Birds) വളർത്തി വില്പന നടത്തുന്ന സമ്പ്രദായത്തിന് കേരളത്തിൽ വളരെയധികം പ്രചാരം സിദ്ധിച്ചു കഴിഞ്ഞു. കാട, ടർക്കി, വാത്ത, ഗിനി, എമു, ഒട്ടകപ്പക്ഷി മുതൽ ഫെസന്റുകൾ വിവിധതരം പ്രാവുകൾ, അമേരിക്കൻ കൊച്ചിൻ ബാന്റം, അമേരിക്കൻ ഫ്രിസ്ൽ തുടങ്ങിയ സുന്ദരി കോഴികൾ, വിവിധയിനം മക്കാവുതത്തകൾ, കൊക്കറ്റുകൾ, ലോറിക്കീറ്റുകൾ, ലൗ ബേർഡുകൾ ഇങ്ങനെ നീളുന്നു പുന്നാരക്കിളികളുടെ ശ്രേണി. ഇവ കൗതും എന്നതിലുപരി ഇന്ന് മികച്ച ആദായ മാർഗവുമാണ്. സ്ഥലപരിമിതിയുള്ളവർക്കും കായികധ്വാനശേഷി കുറഞ്ഞവർക്കും പരിമിതമായ സമയം മാത്രമുള്ളവർക്കും കൃഷിയോടുള്ള താല്പര്യം വേണ്ട രീതിയിൽ വിനിയോഗിക്കാൻ അവസരമൊരുക്കുകയാണ് അലങ്കാരപ്പക്ഷി വളർത്തൽ. ഇത്തരം കിളികളെ വളർത്തുന്നവർക്ക് പ്രത്യേക സംഘടനകൾ തന്നെ ഇന്നുണ്ട്. ഇവ സംസ്ഥാന - ജില്ലാതലങ്ങളിൽ ഓമനപ്പക്ഷി പ്രദർശനം, സംഘടിതമായി വില്പന എന്നിവയ്ക്കും വ്യാപകമായി അവസരമൊരുക്കുന്നു.

**പൂക്കൾ ഉണക്കിയും സംരംഭം**

ഉദ്യാനത്തിന്റെ പുതുമയും സുഗന്ധവും ആണ് പുക്കളെക്കുറിച്ചോർക്കുമ്പോൾ നമുക്ക് ഓർമ്മയിൽ വരുക. ഇന്നിപ്പോൾ നാട്ടുപൂക്കളെ കടത്തിവെട്ടി. ഓർക്കിഡ്, ആന്തൂറിയം, ഹെലിക്കോണിയം, ടോർച്ച് ജിഞ്ചർ, റെഡ് ജിഞ്ചർ, കംഗാരു പാദം തുടങ്ങിയ വെട്ടുപൂക്കൾ (cut flowers) പുഷ്പവിപണി കീഴടക്കിയിരിക്കുന്നു. എന്നാൽ ഇത്തരം പൂക്കളെയെല്ലാം പിൻതള്ളി അധികമാരും ശ്രദ്ധിക്കാത്ത ഒരു പുഷ്പവ്യവസായം നാട്ടിലും മറുനാട്ടിലും വികാസം പ്രാപിച്ചിരിക്കുന്നു. ഉണക്കപ്പൂക്കളുടെ (Dry Flowres) ലോകം. പൂക്കൾ ഉണക്കിയും കാഴ്ചയ്ക്ക് കൗതുകമുണർത്തുന്ന മറ്റ് ഉണങ്ങിയ വസ്തുകൾ ഉപയോഗിച്ചും നിർമിക്കുന്ന അലങ്കാര വിപണി നാൾ തോറും വളരുകയാണ്. കേരളത്തിലും ഇത്തരം സംരംഭങ്ങൾക്ക് വേരോട്ടമായി കഴിഞ്ഞു. മറ്റു പൂക്കളൊക്കെ മണിക്കൂറുകളോ ദിവസങ്ങളേ കൊണ്ട് വാടി ചന്തം നഷ്ടപ്പെടുമ്പോൾ പൂപ്പാത്രത്തിൽ അനേകവർഷം സൂക്ഷിക്കാമെന്നതാണ് ഉണക്കപ്പൂക്കളുടെ ഏറ്റവും വലിയ സവിശേഷത. വിശാലമായ ഹോട്ടൽ ലോബികൾ, കൊൺഫറൻസ് ഹാൾ, ലിവിങ് റൂം എന്നിവിടങ്ങളിൽ ഡ്രൈഫ്ളവർ അറേഞ്ച്മെന്റ് വച്ചാൽ അത് മാസങ്ങളോളം കേടുകൂടാതിരിക്കും. ദിവസവും പൂക്കൾ മാറ്റുന്നതിന്റെ ബുദ്ധിമുട്ടുമില്ല. ഇക്കൂട്ടത്തിൽ ശ്രദ്ധേയമായ ഒരു പുഷ്പസംവിധാനമാണ് 'പോട്ട്പുരി'. സുതാര്യവും അനുയോജ്യവും ആയ ഏതെങ്കിലും പാത്രത്തിൽ ഉണക്കപ്പൂക്കളും മറ്റും നിറച്ചശേഷം അതിനുള്ളിൽ സുഗന്ധവസ്തുക്കൾ ഒപ്പം വയ്ക്കുന്നതാണ് പോട്ട്പുരി. മുറിയിൽ എവിടെ വച്ചാലും ഇത് നയനാനന്ദകരമാണ്; ഒപ്പം ഹൃദയഹാരിയായ സുഗന്ധവും കിട്ടും.

ഇത്തരത്തിൽ കാർഷികമേഖല വിള പരിചരണം, പരിപാലനം, വിളവെടുപ്പ് തുടങ്ങിയ പരമ്പരാഗത സഞ്ചാര പഥങ്ങളിൽ നിന്ന് നേരിട്ട് പുതിയ പ്രവർത്തന സരണികൾ കണ്ടെത്തുകയാണ്. കൃഷിയിലെ കഠിനാധ്വാനം എന്ന യാഥാർത്ഥ്യം ലഘൂകരിക്കാനും സമൂഹത്തിൽ മാന്യതയുള്ള ഇതര സംരംഭങ്ങളോടൊപ്പം അതിനെ കൂട്ടിയിണക്കാനും ആകർഷകമാക്കാനും ഒപ്പം പ്രതീക്ഷാ നിർഭരമാം വിധം ആദയാകരമാക്കാനും എല്ലാം ഈ പുതിയ ചുവടു വയ്പുകൾ സഹായകമാകുന്നു. കേരളത്തിലെ യുവതലമുറയും പ്രൊഫഷണലുകളും സീനിയർ പൗരന്മാരും പ്രവാസികളും സിനിമാതാരങ്ങളുമെല്ലാം കാർഷിക മേഖലയുടെ പച്ചപ്പിലേക്ക് സധൈര്യം നടന്നിറങ്ങുന്നതിന്റെ രഹസ്യവും മറ്റൊന്നല്ല.

**കേരള കർഷകന്റെ എഡിറ്ററാണ് ലേഖകൻ**



# കേരളത്തിലെ നെൽകൃഷി: വെല്ലുവിളികളിൽനിന്ന് സമൂഹപാടത്തേക്ക്...

ഡോ. ജോമോൻ മാത്യു

**1961-62 ൽ സംസ്ഥാനത്താകെ 7.53 ലക്ഷം ഹെക്ടർ സ്ഥലത്താണ് നെൽകൃഷി ഉണ്ടായിരുന്നത്. 1975-76 ആയപ്പോഴേക്കും ഇത് 8.85 ലക്ഷം ഹെക്ടറായി ഉയർന്നു. എന്നാൽ പിന്നീട് നെൽകൃഷിയുടെ വിസ്തൃതി കുത്തനെ കുറഞ്ഞുവരുന്ന പ്രവണതയാണ് കാണാൻ കഴിയുക. ഒരു പതിറ്റാണ്ടിനുശേഷം 1985-86 ൽ വിസ്തൃതി 6.78 ലക്ഷം ഹെക്ടറായും വീണ്ടും ഒരു പതിറ്റാണ്ടിനുശേഷം 1995-96 ൽ 4.72 ലക്ഷം ഹെക്ടറും ആയി കുത്തനെ താണു!**

കേരളത്തിന്റെ പ്രൗഢ സംസ്കാരത്തിന്റെ ഭാഗമായിരുന്നു ഒരുകാലത്ത് നെൽകൃഷി. ഇതിന് കാരണങ്ങളുണ്ട്. കേരളജനത സ്ഥിരമായി ഉൽപാദിപ്പിക്കുകയും ഉപഭോഗം നടത്തുകയും ചെയ്തിരുന്ന ഏറ്റവും പ്രധാനപ്പെട്ട ധാന്യം അരി ആയിരുന്നു. കേരളത്തിന്റെ നെല്ലറയായ കുട്ടനാടും പാലക്കാടും മാത്രമല്ല കേരളത്തിലുടനീളം നെൽകൃഷി സുഗമമായി നടന്നിരുന്നു. എന്നാലിന്ന് നമ്മുടെ കാർഷിക കലവറകൾക്ക് ഗുരുതരമായ ക്ഷീണമുണ്ടായിരിക്കുന്നു. അതുകൊണ്ടുതന്നെ നെൽകൃഷിയുടെ കണ്ണാടിയിലൂടെ കേരളത്തിന്റെ കാർഷിക ഭൂമിയിലേക്ക് ഒരെത്തിനോട്ടം നടത്തുന്നത് നന്നായിരിക്കും.

കഴിഞ്ഞ അഞ്ച് പതിറ്റാണ്ടുകളായി കേരളത്തിന്റെ കാർഷികമേഖല ഘടനാപരമായ നിരവധി മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. സംസ്ഥാനത്തിന്റെ ആകെ ഭൂവിസ്തൃതി 38.86 ലക്ഷം ഹെക്ടറാണ്. ഇതിൽ 53.3 ശതമാനം (20.72 ലക്ഷം ഹെക്ടർ) കൃഷിക്കായി ഉപയോഗിക്കുന്നു. ഏറ്റവും പുതിയ ജനസംഖ്യാ കണക്കുമായി ബന്ധപ്പെടുത്തി നോക്കുമ്പോൾ കേരളത്തിലെ ആളോഹരി കൃഷി ഭൂമി 0.062 ഹെക്ടർ മാത്രമാണെന്ന് മനസിലാകും. **ആകെയുള്ള കൃഷിഭൂമിയുടെ 12 ശതമാനം മാത്രമേ ഭക്ഷ്യവിളകൾക്കായി നാം ഉപയോഗിക്കുന്നുള്ളൂ. അങ്ങനെ നോക്കുമ്പോൾ കേരളത്തിലെ ആളോഹരി ഭക്ഷ്യകൃഷിഭൂമി 0.0075 ഹെക്ടർ മാത്രമാണെന്ന് കാണാം. അതായത് വെറും രണ്ട് സെന്റിന് താഴെ മാത്രം.** ഒരു വ്യക്തിക്ക് പ്രതിദിനം 460 ഗ്രാം ഭക്ഷ്യധാന്യം വേണമെന്നിരിക്കെ, കേരളത്തിലെ ഭക്ഷ്യകൃഷിമേഖല അതീവ ഗുരുതരാവസ്ഥയിലേക്കാണ് നീങ്ങുന്നത് എന്നു വ്യക്തം. ഈ സാഹചര്യത്തിലാണ് കേരളത്തിലെ പ്രധാന ഭക്ഷ്യവിളയായ നെല്ലിന്റെ ഉല്പാദനത്തിലേക്കും നെൽകൃഷി കഴിഞ്ഞ കുറേ വർഷങ്ങളായി നേരിട്ടുകൊണ്ടിരിക്കുന്ന സ്ഫോടനാത്മകമായ നാശത്തിലേക്കും ശ്രദ്ധ തിരിയേണ്ടത്.

### നഷ്ടത്തിന്റെ കൃഷിപാഠങ്ങൾ

പരമ്പരാഗതമായി കേരളത്തിലെ പ്രധാന ഭക്ഷ്യവിള നെല്ലാണ്. അതിനാൽത്തന്നെ നെൽകൃഷിക്കായി ഗണ്യമായ സ്ഥലം നാം നീക്കിവെച്ചിരുന്നു. 1961-62 ൽ സംസ്ഥാനത്താകെ 7.53 ലക്ഷം ഹെക്ടർ സ്ഥലത്താണ് നെൽകൃഷി ഉണ്ടായിരുന്നത്. 1975-76 ആയപ്പോഴേക്കും ഇത് 8.85 ലക്ഷം ഹെക്ടറായി ഉയർന്നു. എന്നാൽ പിന്നീട് നെൽകൃഷി

യുടെ വിസ്തൃതി കുത്തനെ കുറഞ്ഞുവരുന്ന പ്രവണതയാണ് കാണാൻ കഴിയുക. ഒരു പതിറ്റാണ്ടിനുശേഷം 1985-86 ൽ വിസ്തൃതി 6.78 ലക്ഷം ഹെക്ടറായും വീണ്ടും ഒരു പതിറ്റാണ്ടിനുശേഷം 1995-96 ൽ 4.72 ലക്ഷം ഹെക്ടറും ആയി കുത്തനെ താണു. 2001-02 ൽ 3.22 ലക്ഷം ഹെക്ടർ ആയിരുന്ന വിസ്തൃതി പോയ പതിറ്റാണ്ടിലും ശോഷിച്ച് ഏറ്റവും പുതിയ കണക്കുകൾ പ്രകാരം 2012-13 ൽ 1.97 ലക്ഷം ഹെക്ടറിൽ എത്തിനിൽക്കുകയാണ്. മൂന്ന് സീസണുകളിലായി -മുണ്ടകൻ, വിരിപ്പ്, പുഞ്ച- കൃഷി ചെയ്യുന്ന സ്ഥലവിസ്തൃതിയാണിത് എന്നുകൂടി ഓർക്കുമ്പോഴാണ് ഈ നഷ്ടത്തിന്റെ തീവ്രത മനസിലാകുന്നത്.

**പട്ടിക 1: കേരളത്തിലെ നെൽകൃഷി**

| വർഷം | വിസ്തൃതി (ലക്ഷം ഹെക്ടറിൽ) | ഉത്പാദനം (ലക്ഷം ടൺ) | ഉത്പാദനക്ഷമത (കി.ഗ്രാം/ഹെക്ടർ) |
|---|---|---|---|
| 1961-62 | 7.53 | 9.88 | 1312 |
| 1975-76 | 8.85 | 13.65 | 1542 |
| 1985-86 | 6.78 | 11.73 | 1729 |
| 1995-96 | 4.72 | 9.53 | 2023 |
| 2005-06 | 2.76 | 6.30 | 2285 |
| 2012-13 | 1.97 | 5.08 | 2577 |

**അവലംബം: വിവിധ സാമ്പത്തിക അവലോകന റിപ്പോർട്ടുകൾ**

**നെൽകൃഷിയുടെ വിസ്തൃതിയിലെ ഗണ്യമായ ഈ കുറവ് ഉത്പാദനത്തിലും ഭീമമായ കുറവാണ് വരുത്തിയിരിക്കുന്നത്. 1961-62 ൽ 9.88 ലക്ഷം ടണ്ണും 1975-76 ൽ 13.65 ലക്ഷം ടണ്ണും നെല്ല് ഉത്പാദിപ്പിച്ചിരുന്ന കേരളത്തിൽ 2012-13 ൽ മൂന്ന് വിളകളിലുമായി ഉല്പാദിപ്പിച്ചത് 5.08 ലക്ഷം ടൺ നെല്ല് മാത്രമാണ്. 1975-76 ൽ നിന്ന് കേരളത്തിലെ ജനസംഖ്യ 2012-13 ആയപ്പോഴേക്കും എത്രത്തോളം വർദ്ധിച്ചു എന്നുകൂടി കണക്കാക്കുമ്പോൾ വസ്തുതകളുടെ ഗൗരവം മനസിലാകും.** 1971 ൽ 2.13 കോടി ജനങ്ങൾക്കായി നാം പത്തുലക്ഷം ടണ്ണിലേറെ നെല്ലുല്പാദിപ്പിച്ച സ്ഥാനത്താണ് ഇപ്പോൾ 3.34 കോടി ആളുകൾക്കായി അഞ്ചുലക്ഷം ടൺ മാത്രം ഉത്പാദിപ്പിക്കുന്നത്.

2011 ലെ കണക്കുകൾ പ്രകാരം ഇന്ത്യയിൽ ഉപഭോഗം കഴിഞ്ഞ് മിച്ചമുള്ള ആകെ അരി 1.26 മില്യൺ ടൺ മാത്രമായിരുന്നു. അതേവർഷം കേരളത്തിലെ അരിയുടെ ആകെ ചോദനം നാല് മില്യൺ ടണ്ണും. **അതായത്, ഇന്ത്യയിലെ അധിക അരി മുഴുവൻ ലഭിച്ചാലും കേരളത്തിന് മൂന്ന് മാസത്തിലധികം പിടിച്ചുനിൽക്കാനാവില്ല എന്നു സാരം. ഇത്രയേറെ ഭക്ഷ്യദൗർലഭ്യം നേരിടുന്ന, ആവശ്യത്തിന്റെ 85 ശതമാനവും അന്യസംസ്ഥാനങ്ങളിൽനിന്ന് വാങ്ങുന്ന സംസ്ഥാനത്ത്, നെൽകൃഷി പ്രോത്സാഹിപ്പിക്കുന്ന യാതൊരു പദ്ധതിയും ഉണ്ടാകുന്നില്ല എന്നതാണ് സത്യം.**

## ഉത്പാദനക്ഷമതയിലെ കേരളമാതൃക

കേരളത്തിൽ നെൽകൃഷിയിൽ കണ്ടുവരുന്ന അതിശയകരമായൊരു പ്രവണത ഉയർന്ന ഉല്പാദനക്ഷമതയാണ്. 1961-62 ൽ കേരളത്തിൽ നെല്ലിന്റെ ഉത്പാദനക്ഷമത 1312 കി.ഗ്രാം/ഹെക്ടർ മാത്രമായിരുന്നു. ഇത് ഗണ്യമായ തോതിൽ വർദ്ധിച്ച് 2012-13 ൽ ഏകദേശം ഇരട്ടിയോളം (2577 കി.ഗ്രാം/ഹെക്ടർ) ആയി. ഇവിടെ ശ്രദ്ധേയമായ കാര്യം ഉത്പാദനക്ഷമതയുടെ കാര്യത്തിൽ നാം ദേശീയ ശരാശരിയേക്കാൾ ഏറെ മുന്നിലാണ് എന്നതുതന്നെ. ദേശീയ ശരാശരിയേക്കാൾ ഹെക്ടറിൽ 300-400 കി.ഗ്രാം



അധികം ഉത്പാദിപ്പിക്കാൻ കേരളത്തിന് കഴിയുന്നു എന്ന അനുകൂല സാഹചര്യവും നമുക്ക് സ്വന്തമാണ്. ഹരിതവിപ്ലവം പച്ചപിടിക്കുകയും അതിന്റെ അനുകൂലഘടകങ്ങൾ ആവോളം പ്രയോജനപ്പെടുത്തുകയും ചെയ്ത വടക്കേന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഉല്പാദനക്ഷമതയിൽ നാം മുന്നിട്ടുനിൽക്കുന്നതും ശുഭകരമാണ്. രാസവളകൃഷിയിലൂന്നിയ ഹരിതവിപ്ലവ സമവാക്യങ്ങൾക്കിപ്പുറം ഇന്നും ജൈവകൃഷിക്ക് പ്രാമുഖ്യം നൽകുന്ന കേരളത്തിലെ പാടങ്ങൾ ഉയർന്ന ഉല്പാദനക്ഷമതയിലൂടെ മാതൃകയാവുകയാണ്.

### പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ

സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ കണക്കുകൾ പ്രകാരം 1960 നും 2012 നും ഇടയിലുള്ള കാലയളവിൽ ഏകദേശം ആറുലക്ഷം ഹെക്ടറിലേറെ നെൽവയലുകൾ കേരളത്തിന് നഷ്ടപ്പെട്ടുകഴിഞ്ഞു. നെൽകൃഷിയിലെ കുത്തനെയുള്ള ഈ ഇടിവ്, അരിയുടെ ലഭ്യതയിലും കേരളത്തിന്റെ സാമ്പത്തിക-തൊഴിൽരംഗങ്ങളിലും പ്രതികൂല ചലനങ്ങളുണ്ടാക്കി. സംസ്ഥാനത്തിന്റെ ഭക്ഷ്യസുരക്ഷയിൽ ഇത് കാതലായഭീഷണി ഉയർത്തിക്കഴിഞ്ഞു. **നെൽവയലുകൾ നികത്തുന്നതിനെതിരെ കേരള സർക്കാർ പല നിയമങ്ങളും കൊണ്ടുവന്നിട്ടുണ്ടെങ്കിലും, വയൽനികത്തി നിർമ്മാണപ്രവർത്തനങ്ങളും നാണ്യവിളകൃഷിയും എന്തിന്, വിമാനത്താവളങ്ങൾ വരെ പദ്ധതിയിട്ടിരിക്കുകയാണ്!**

നെൽവയലുകളുടെ മരണം നമ്മുടെ സാമ്പത്തികസ്ഥിതി മാത്രമല്ല പാരിസ്ഥിതിക സന്തുലിതാവസ്ഥയെത്തന്നെയാണ് ബാധിക്കുന്നത്. ഒരേക്കർ നെൽപ്പാടത്തിന് ഏകദേശം 1200 ക്യൂബിക് മീറ്റർ വെള്ളം സംഭരിച്ചു നിർത്താൻ കഴിയുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. അങ്ങനെ നോക്കുമ്പോൾ നമുക്ക് നഷ്ടമായ 6 ലക്ഷം ഹെക്ടർ വയലുകൾ നഷ്ടപ്പെടുത്തിയ ജലസംഭരണശേഷി എത്രത്തോളമുണ്ടെന്ന് സങ്കല്പിക്കാവുന്നതേയുള്ളൂ. **ഭൂഗർഭജലം നിലനിർത്താനുള്ള പ്രക്രിയ നഷ്ടമാകുന്നതിലൂടെ ഭക്ഷ്യസുരക്ഷയ്ക്കൊപ്പം കേരളത്തിന്റെ ജലസുരക്ഷയും ഭീഷണിയിലാണ്.**

### നെൽകൃഷിയുടെ പുതിയ 'പാടങ്ങൾ'

നെൽകൃഷിയിലെ ഗതകാലപ്രതാപത്തിന്റെ വീണ്ടെടുപ്പിന് ഒരിക്കൽക്കൂടി കളമൊരുങ്ങുകയാണ് കേരളത്തിലെ ഗ്രാമങ്ങളിൽ. ഭക്ഷ്യസുരക്ഷയിലും ജലസംരക്ഷണത്തിലുമുള്ള നെൽകൃഷിയുടെ പ്രാധാന്യം യുവതലമുറ തിരിച്ചറിയുന്നുവെന്നതാണ് പുതിയ മാറ്റങ്ങളുടെ അടിസ്ഥാനം. ഒറ്റപ്പെട്ടതെങ്കിലും നിരവധി ചെറുസംഘങ്ങൾ നെൽകൃഷിയുടെ പുതിയ സാമൂഹ്യ'പാട'ങ്ങൾ ഇന്ന് കേരളത്തിലുടനീളം ഒരുക്കുന്നുണ്ട്.

പുതുതലമുറയ്ക്കും കൃഷി വഴങ്ങുമെന്ന് തെളിയിച്ച് ജൈവകൃഷിയെ ആദായകരമാക്കി തീർക്കുകയാണ് തൃശൂർ പുതുക്കാട് സ്വദേശികളായ നാല് യുവാക്കൾ. എഞ്ചിനീയറിംഗും, ഹോട്ടൽ മാനേജ്മെന്റും പൂർത്തിയാക്കിയ ഈ യുവസംരംഭകർ ഇന്ന് 25 ഏക്കറോളം നെൽകൃഷി ചെയ്യുന്നു.

കല്പറ്റയിലെ കർഷകകൂട്ടായ്മ എടുത്തുപറയേണ്ടതുണ്ട്. വയനാട്ടിലെ സവിശേഷ സാഹചര്യങ്ങളിലും വർഷങ്ങളായി തരിശിട്ടിരുന്ന പാടങ്ങൾ പാട്ടത്തിനെടുത്ത് നെൽകൃഷിയിറക്കുന്ന കൂട്ടായ്മകളുടെ എണ്ണം വർദ്ധിച്ചുവരുന്നുണ്ട്. കുടുംബശ്രീയും മറ്റ് ഏജൻസികളും നൽകുന്ന പ്രോത്സാഹനവും കൂടിയായപ്പോൾ വയനാട്ടിലെ നെൽപ്പാടത്തിന്റെ അളവിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

കേരള കാർഷിക സർവ്വകലാശാലയിലെ പ്രൊഫസർ ഡോ. ജയകുമാരന്റെ നേതൃത്വത്തിൽ രൂപംകൊടുത്തിരിക്കുന്ന 'ഫുഡ് സെക്യൂരിറ്റി ആർമി' നെൽകൃഷിയിൽ വിപ്ലവകരമായ മാറ്റങ്ങളാണ് ലക്ഷ്യമിടുന്നത്. പരിശീലനം ലഭിച്ച ഇരുന്നൂറിലേറെ സ്ത്രീപുരുഷന്മാർ ആർമിയുടെ കർമ്മശേഷി വർദ്ധിപ്പിക്കുന്നു. കൃത്യമായ പദ്ധതിയും യന്ത്രവൽക്കരണവുംകൊണ്ട് നെൽകൃഷി വീണ്ടും സജീവമാക്കാനാകുമെന്ന് ഇവർ തെളിയിക്കുകയാണ്.

കേരളത്തിലെ വിദ്യാലയങ്ങൾ ആരംഭിച്ചിരിക്കുന്ന സജീവമായ കൃഷിമാതൃകയും ഏറെ ശ്ലാഘനീയമായ മാറ്റങ്ങൾ ഉണ്ടാക്കുമെന്ന് ഉറപ്പാണ്. കൃഷി ഒരു സംസ്കാരമാക്കുക എന്ന ലക്ഷ്യത്തോടെ കൊടകര പഞ്ചായത്തിൽ കൃഷിയിറക്കുന്ന കെ.വി.യു.പി.എസ്. സ്കൂളിലെ കാർഷികക്ലബ് അംഗങ്ങൾ മറ്റ് സ്കൂളുകൾക്കും മാതൃകയാകുന്നു.

തീരുന്നില്ല, പുലാമന്തോൾ പഞ്ചായത്തിലെ നെൽകൃഷിവികസനത്തിനുള്ള വനിതാ ലേബർ ബാങ്ക്, വടക്കാഞ്ചേരി ബ്ലോക്കിലെ ഗ്രീൻ ആർമി, കാസർഗോഡ് കരിന്തളം കുടുംബശ്രീ യൂണിന്റെ സമൂഹനെൽകൃഷി, തൃശൂർ ഉൾപ്പെടെയുള്ള ജില്ലകളിൽ ശാസ്ത്രസാഹിത്യ പരിഷത്ത് പ്രവർത്തകർ നടത്തുന്ന തരിശുഭൂമിയിലെ കൃഷിയിറക്കൽ എന്നിവയെല്ലാം നെൽകൃഷിയിൽ പുതിയ പ്രതീക്ഷ നൽകുന്നു. ചുരുക്കത്തിൽ അന്യമായിക്കൊണ്ടിരിക്കുന്ന, വെല്ലുവിളികളേറെ അതിജീവിക്കുന്ന നമ്മുടെ നെൽവയലുകളിൽ, സമൂഹപാടങ്ങളിൽ പൊൻ കതിരുകൾ വിരിയും എന്നാശിക്കാം.

**തിരുവനന്തപുരത്ത് യൂണിവേഴ്സിറ്റി കോളേജിൽ അസിസ്റ്റന്റ് പ്രഫസറാണ് ലേഖകൻ**

# വികസ്വര രാജ്യങ്ങളും, കൃഷിയും ലോക വ്യാപാര സംഘടനയും

ഡോ. ജെ. പി. സിംഗ്

2008 ൽ തുടക്കം കുറിച്ച സാമ്പത്തിക പ്രതിസന്ധി മുതൽ, ആഗോള സമ്പദ് വ്യവസ്ഥയിലെ മാന്ദ്യത്തിനിടയിലും കരുത്തോടെ നിലനില്ക്കുകയാണ് അന്താരാഷ്ട്ര വ്യാപാര രംഗം. 2012 ലെ ആഗോള വ്യാപാര കയറ്റുമതി 17.3 ട്രില്യൺ ആയിരുന്നു. ഇതിൽ 42 ശതമാനം കയറ്റുമതിയും വികസ്വര രാജ്യങ്ങളിൽ നിന്നായിരുന്നു എന്നതാണ് അതിശയിപ്പിക്കുന്ന വസ്തുത. കയറ്റുമതി, ഉത്പാദനത്തെ മറികടന്നു. 2005 –12 കാലഘട്ടത്തിൽ ലോക വ്യാപാര കയറ്റുമതി 3.5 ശതമാനം വാർഷിക വളർച്ചയാണ് രേഖപ്പെടുത്തിയത്. അതെസമയം ലോക വ്യാപാര ഉത്പ്പാദനത്തിന്റെ ഇക്കാലഘട്ടത്തിലെ വളർച്ച 2.0 മാത്രമായിരുന്നു. ഇന്ത്യയുടെ വ്യാപാരം കുറെക്കൂടി മെച്ചമായിരുന്നു. 2005 –12 കാലഘട്ടത്തിൽ മൊത്തം വ്യാപാര കയറ്റുമതി 10.5 ശതമാനം വാർഷികവളർച്ച രേഖപ്പെടുത്തി. ഇതിൽ 2012 മാത്രം 0.5 ശതമാനം തളർച്ചയായിരുന്നു.

ഉയർന്നസാങ്കേതികവിദ്യയും സേവനങ്ങളുമാണ് പൊതുവെ ആഗോളസമ്പദ്‌വ്യവസ്ഥയിൽ വളർച്ചയെ നിയന്ത്രിക്കുന്ന ഘടകങ്ങൾ എന്ന് പരക്കെ ധാരണയുണ്ട്. ഒരിക്കലുമല്ല. താഴെക്കിടയിലുള്ള കാർഷികോത്പ്പന്നങ്ങൾ, തുണിത്തരങ്ങൾ തുടങ്ങിയ ചരക്കുകൾ അതിനാൽ തന്നെ ശ്രദ്ധേയമാണ്. സാങ്കേതിക വപ്ലവത്തിന്റെ ഏറ്റവും കൂടുതൽ ആനുകൂല്യങ്ങൾ അനുഭവിച്ചതും അവയാണ്. ഗതാഗതം, ബാങ്കിംങ് പോലുള്ള അടിസ്ഥാന സേവന മേഖലകളിൽ നിന്ന് കാർഷിക മേഖലയ്ക്ക് ധാരാളം ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. തുണിവ്യവസായത്തിൽ വിപ്ലവം ഉണ്ടാക്കിയത് കമ്പ്യൂട്ടർ സഹായത്തോടെയുള്ള ഡിസൈനും നിർമാണവുമാണ്. 2012 ൽ ആഗോള വ്യവസായ കയറ്റുമതിയുടെ 9.2 ശതമാനം കാർഷിക മേഖലയിൽ നിന്നായിരുന്നു. മാത്രവുമല്ല 2005 – 12 വരെയുള്ള കാലഘട്ടത്തിൽ കാർഷിക കയറ്റുമതി 10 ശതമാനം വാർഷിക വളർച്ചയും രേഖപ്പെടുത്തി. യൂറോപ്യൻ യൂണിയൻ, യുഎസ് തുടങ്ങിയ രാജ്യങ്ങളിലേയ്ക്ക് ഉൾപ്പെട കാർഷികോത്പ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിൽ എട്ടാം സ്ഥാനത്താണ് ഇന്ത്യ നില്ക്കുന്നത്. കാർഷികോത്പ്പന്ന കയറ്റുമതിയിൽ ഇന്ത്യയുടെ വാർഷിക വളർച്ചാ നിരക്ക് 22 ശതമാനമായിരുന്നു. ഇത് 2012 ലെ ആഗോള കയറ്റുമതിയുടെ 2.6 ശതമാനം വരും. കാർഷികോത്പ്പന്നങ്ങൾ പ്രധാനപ്പെട്ട കയറ്റുമതി ചരക്കു മാത്രമല്ല, സേവനമേഖലയിൽ ഇന്ത്യയിൽ വളർച്ച പ്രാപിച്ചുകൊണ്ടിരിക്കുന്ന അറിയപ്പെടുന്ന സമാന്തര മേഖല കൂടിയാണ്.

ഇന്ത്യയുൾപ്പെടെയുള്ള വികസ്വര രാജ്യങ്ങളിൽ വൻ സാധ്യതകളാണ് കാർഷിക കയറ്റുമതി വാഗ്ദാനം ചെയ്യുന്നത്. അതോടൊപ്പം ആഭ്യന്തരവും അന്തർദേശീയവുമായ മുൻഗണനകളും സമ്മർദ്ദങ്ങളും സന്തുലിതമാക്കുക എന്ന വെല്ലുവിളികൂടി ഈ രാജ്യങ്ങൾ അഭിമുഖീകരിക്കുന്നു. ഇതിൽ മൂന്നു ഘടകങ്ങൾ വിശദമാക്കാം. ഒന്ന്- ശീഘ്രഗതിയിൽ വൈവിധ്യവത്ക്കരിക്കപ്പെടുന്ന ആഭ്യന്തര സമ്പദ്‌വ്യവസ്ഥകളിൽ കാർഷിക മുൻഗണനാക്രമം വെല്ലുവിളി തന്നെയാണ്. രണ്ട് – വിവിധ

തരക്കാരായ ഗുണഭോക്താക്കളുടെ പങ്കാളിത്തം മനസിൽ സൂക്ഷിച്ചുകൊണ്ട്, ദുർഘടമായ കാർഷിക വ്യവസായ നയങ്ങളുടെ ആഭ്യന്തര രാഷ്ട്രിയ സമ്പദ് ഘടന ഈ ലേഖനം ചർച്ച ചെയ്യുന്നു. മൂന്ന്- അന്താരാഷ്ട്ര സന്ധിസംഭാഷണങ്ങൾ, വികസിത രാജ്യങ്ങളുടെ ആഭ്യന്തരഉത്പ്പന്നങ്ങളുടെ ക്രയശേഷിസംരക്ഷണവും ഉൾപ്പെടെയുള്ള ആഗോള വെല്ലുവിളികളുടെ രാഷ്ട്രിയ സമ്പദ്ഘടന കൂടി ഇവിടെ അപഗ്രഥിക്കുന്നു. സേവനങ്ങളും കാർഷിക കയറ്റുമതിയും തമ്മിലുള്ള സന്തുലിതാവസ്ഥയും, വികസിത രാജ്യങ്ങളുടെ ക്രയശേഷിസംരക്ഷണവും, ഉയർത്തുന്ന വെല്ലുവിളികളുടെ നേർക്ക് സ്വന്തം കാർഷിക വിപണികളെ സ്വതന്ത്രമാക്കാനുള്ള ആവശ്യത്തിന്റെ പശ്ചാത്തലത്തിൽ ഇന്ത്യയെ പോലുള്ള രാജ്യങ്ങൾ വളരെ ശ്രദ്ധാപൂർവം നിലപാട് സ്വീകരിക്കേണ്ടതാണ്.

### സാമ്പത്തിക വൈവിധ്യവും അന്താരാഷ്ട്ര വാണിജ്യവും കാർഷക മേഖലയും

ആഗോള വ്യാപാരം വർധിപ്പിക്കുന്നതിനും അതിനെ നിയമാനുസൃതമാക്കുന്നതിനുമായാണ് രണ്ടാം ലോക യുദ്ധത്തിനു ശേഷം ലോക വാണിജ്യ സംഘടനയും അതിന്റെ ആദ്യ രൂപമായ ഗാട്ടും(ജനറൽ എഗ്രിമെന്റ് ഓൺ താരിഫ്സ് ആൻഡ് ട്രേഡ്) സ്ഥാപിക്കപ്പെടുന്നത്. ഗാട്ട് ഒരിക്കലും അമേരിക്ക ഇംഗ്ലണ്ട് തുടങ്ങിയ വൻ ശക്തികൾ തമ്മിലുള്ള ഒരു കരാർ ആയിരുന്നില്ല, മറിച്ച് അവരുടെ അംഗത്വം മൂലം വികസ്വര രാജ്യങ്ങളുടെ അഭിപ്രായങ്ങൾ അവഗണിക്കപ്പെടുകയായിരുന്നു. തങ്ങളുടെ കാർഷികോത്പ്പന്നങ്ങൾക്ക് ന്യായമായ വില ആവശ്യപ്പെടുന്നതിനും, വില ഇടിവിനെ ചെറുക്കുന്നതിനും നിർമ്മാണ വ്യവസായങ്ങളുടെ വളർച്ചയ്ക്ക് ബാല്യദശയിലുള്ള വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനും വേണ്ടിയാണ് വികസിത രാജ്യങ്ങൾ അന്താരാഷ്ട്ര വ്യാപാരത്തിൽ ചരിത്രപരമായ നിലപാടു സ്വീകരിച്ചത്. വികസ്വര രാജ്യങ്ങളിൽ നിന്നുള്ള മുഖ്യ കയറ്റുമതി കാർഷിക ഉത്പ്പന്നങ്ങളായിരുന്നു. എന്നാൽ ദരിദ്ര രാജ്യങ്ങൾക്ക് വ്യാപാരത്തിൽ മിക്കവാറും തളർച്ചയെ അഭിമുഖീകരിക്കേണ്ടി വന്നു. ഇതിനു കാരണം, കാർഷിക ഉത്പ്പന്നങ്ങളുടെ വിലസ്ഥിരതയില്ലായ്മയും, വിലയിടിവും മൂലം വൻ കയറ്റുമതിയിൽ നിന്നു പോലും ന്യായമായ ആദായം ലഭിക്കാതിരുന്ന അവസ്ഥയുമാണ്. അതിലുപരി ചെലവേറിയ ഇറക്കുമതി രാജ്യത്തിന്റെ വിദേശനാണ്യ നിക്ഷേപം ചോർത്തിയെടുക്കുന്നതു കൊണ്ട് സമാനമോ പകരമോ ആയ ഉത്പ്പന്നങ്ങൾ ആഭ്യന്തരമായി ഉത്പ്പാദിപ്പിക്കുന്നതിന് വികസ്വര രാജ്യങ്ങൾ ഇറക്കുമതിക്കു ബദലായി വ്യാവസായികവത്ക്കരണം ആരംഭിക്കുകയും ചെയ്തു. വ്യാപാരത്തിലെ തകർച്ച മൂലമോ, വികസിത രാജ്യങ്ങളോടു പലകാര്യങ്ങളിലും ആവശ്യമായി വന്ന പ്രഥമഗണനാ സമീപനം മൂലമോ വികസ്വര രാജ്യങ്ങളുടെ കാർഷിക വളർച്ച തടസപ്പെട്ടു. പ്രഥമഗണനാ സമീപനം ആരംഭിച്ചത് തുടക്കത്തിൽ വികസ്വര രാജ്യങ്ങളിൽ നിന്നുള്ള കാർഷിക ഉത്പന്നങ്ങളുടെ കയറ്റുമതിക്കു സമാനമായ കൊളോണിയൽ ചരക്ക് ശ്രുംഖലയുടെ തുടർച്ചയായിട്ടാണ്. ഇപ്പോൾ ആഫ്രിക്കൻ, കരീബിയൻ,പസഫിക് (എസിപി) രാജ്യങ്ങൾ എന്ന് അറിയപ്പെടുന്ന സംഘങ്ങൾ അവയുടെ കാർഷിക ഉത്പ്പന്നങ്ങൾക്ക് വളരെ കൂടുതലായി പ്രഥമഗണനാ സമീപനത്തെ ആശ്രയിക്കുന്നുണ്ട്. മുമ്പ് ഉത്പ്പാദന മികവിനും വൈവിധ്യവത്ക്കരണത്തിനും ഈ പ്രഥമഗണനാ സമീപനം അനുവദിച്ചിരുന്നില്ല. ഈ പ്രത്യേക സംരക്ഷണം അവസാനിപ്പിക്കണം എന്ന് ആവശ്യപ്പെടുന്ന ഇതര വികസ്വരരാജ്യങ്ങളിൽ നിന്ന് ഇപ്പോൾ നിരവധി എസിപി രാജ്യങ്ങൾ നിരന്തര മത്സരം നേരിട്ടുകൊണ്ടിരിക്കുകയുമാണ്. നേന്ത്രപ്പഴത്തിന് എസിപി രാജ്യങ്ങൾക്കുണ്ടായിരുന്ന യൂറോപ്യൻ യൂണിയന്റെ ഇത്തരത്തിലുള്ള പ്രഥമഗണനാ സമീപനത്തിനെതിരെ 2000 ങ്ങളുടെ തുടക്കത്തിൽ പോരാട്ടം നടത്തിയ ഇക്വഡോർ അതിൽ വിജയം നേടി. 2005 ൽ ലോക വാണിജ്യ സംഘടന ഇതു സംബന്ധിച്ച അന്തിമ തീരുമാനം സ്വീകരിക്കുകയും ചെയ്തു. മുൻ സൂചിപ്പിച്ച വികസിത രാജ്യങ്ങളിൽ നിന്നുള്ള കാർഷിക കയറ്റുമതി വർധനയെ പഴയ രീതിയിലുള്ള ചുങ്കരഹിത, പ്രഥമഗണനാ സമീപന വ്യാപാര രീതിയിൽ നിന്നു വ്യത്യസ്തമായി മറ്റൊരു പശ്ചാത്തലത്തിൽ വേണം മനസിലാക്കാൻ. ഒന്നാമത്, ബ്രസീൽ പോലുള്ള വൻ കാർഷിക കയറ്റുമതിക്കാരായ വികസ്വര രാജ്യങ്ങൾ പഴയ പരിഗണനാ സമീപനത്തെ വെല്ലുവിളിക്കുന്നു. അർജന്റിനയെപ്പോലെ കാർഷിക ഉത്പ്പ

ന്നങ്ങളുടെ കൈറിൻസ് വിഭാഗം സ്വതന്ത്രവ്യാപാര സഖ്യത്തിലെ അംഗങ്ങളാണ്. (1986 ൽ ഓസ്ട്രേലിയയിലെ കൈറിൻസിൽ യോഗം ചേർന്ന 19 രാജ്യങ്ങളെയാണ് കൈറിൻസ് വിഭാഗം എന്നു വിളിക്കുന്നത്). പുതിയ കാർഷിക ചിത്രത്തിലെ രണ്ടാമത്തെ സവിശേഷത എന്നു പറയാവുന്നത്, ധാരാളം വികസ്വര രാജ്യങ്ങൾ കാർഷിക കയറ്റുമതിക്കാരായിരിക്കെ തന്നെ ഇതിനോടകം തന്നെ അതിനെ വളരെ വിജയകരമായി വൈവിധ്യവത്ക്കരണത്തിലൂടെ വ്യാവസായിക, സേവന ഉത്പ്പന്നങ്ങളാക്കി മാറ്റിയിരിക്കുന്നു.

ഇന്ത്യയെ സംബന്ധിച്ചിടത്തോളം അത് പ്രധാനമായും ഒരു കാർഷിക സേവന കയറ്റുമതി രാജ്യമാണ്. ഗാട്ടിന്റെ ഉറുഗ്വേ വട്ടമേശ വ്യാപാര ചർച്ചകളിൽ ( 1986 - 94) അമേരിക്കയും പടിഞ്ഞാറൻ യൂറോപ്യൻ രാജ്യങ്ങളും (2008 മതൽ) മുന്നോട്ടു വച്ച സേവന ഉദാരവത്ക്കരണ നയത്തെ ഇന്ത്യ തുടക്കം മുതൽതന്നെ എതിർത്തിരുന്നു. എന്നിരുന്നാലും ചർച്ചകളുടെ ഫലമായി ഉരുത്തിരിഞ്ഞ ജനറൽ എഗ്രിമെന്റ് ഓൺ ട്രേഡ് ഇൻ സർവിസസ് (ഗാട്സ്) ഇന്ത്യയുടെ സേവന കയറ്റുമതിക്ക് വളരെ ഗുണകരമായതുമാണ്. പ്രധാനമായും സേവനങ്ങൾ, ദൃശ്യ - ശ്രാവ്യ, വിനോദസഞ്ചാരം, ടെലികമ്മ്യൂണിക്കേഷൻസ് മുതലായ മേഖലകളെ കേന്ദ്രീകരിച്ചാണ് ഈ കരാർ വെളിച്ചത്ത് വന്നത്. 3.32 ശതമാനം മൊത്ത വളർച്ചാ നിരക്ക് രേഖപ്പെടുത്തുന്ന, ലോകത്തിലെ ഏറ്റവും വലിയ ആറാമത്തെ സേവന കയറ്റുമതി രാജ്യമായ ഇന്ത്യ കാർഷികകയറ്റുമതിയിൽ നിന്ന് സേവന കയറ്റുമതിയുടെ സമ്പദ് രംഗത്തേയ്ക്ക് കാർഷിക മേഖലയെ ബലികഴിക്കാതെ തന്നെ ഒരു വലിയ കുതിച്ചു ചാട്ടം നടത്തുകയായിരുന്നു.

കോളനിവാഴ്ച്ച കാലഘട്ടത്തിൽ, വികസ്വര രാജ്യങ്ങൾക്ക് ചുരുക്കം കയറ്റുമതി സാധ്യതകളേ ഉണ്ടായിരുന്നുള്ളു. അവയാകട്ടെ ഏതാണ്ടു പൂർണമായും കാർഷികോത്പ്പന്നങ്ങളെ ആധാരമാക്കിയുമായിരുന്നു. വർത്തമാന കാലഘട്ടത്തിലെ സ്ഥിതിഗതികൾ അതിൽ നിന്ന് വളരെ വ്യത്യസ്ഥമാണ്. ലോകത്തിലെ ധാരാളം വികസ്വര രാജ്യങ്ങൾക്ക് നിർമാണ സാമഗ്രികളിലും സേവനങ്ങളിലും പൊതുവെ മേൽക്കൈ ഉണ്ട്. വികസ്വര രാജ്യങ്ങളിൽ നിന്നുള്ള മത്സരാധിഷ്ഠിത കാർഷിക കയറ്റുമതി ഏഷ്യൻ, പസഫിക്ക്, കരീബിയൻ രാജ്യങ്ങളിലേതിൽ നിന്ന് വളരെ വ്യത്യസ്ഥമാണ്.സ്വതന്ത്ര വാണിജ്യ കേന്ദ്രീകൃത കൈരൻസ് വിഭാഗം, വികസ്വര വികസിത രാജ്യങ്ങളിലെ കാർഷിക സംരക്ഷണത്തിനെതിരെ പോരാടുകയാണ്. ഇന്ത്യയെ പോലുള്ള ചേരി ചേരാ രാജ്യങ്ങൾ താരതമ്യേന വളരെ കുറച്ച് കാർഷിക ഉത്പ്പന്നങ്ങളിൽ മാത്രം ആനുകൂല്യങ്ങൾ അനുഭവിക്കുന്നുള്ളു. പക്ഷെ അവരുടെ ആഭ്യന്തര കാർഷിക മേഖലയ്ക്ക് വേണ്ട സംരക്ഷണം നല്കുകയും ചെയ്യുന്നു.

### കൃഷിയുടെ രാഷ്ട്രിയ സാമ്പത്തിക ശാസ്ത്രവും വ്യാപാര രാഷ്ട്രിയവും

വിവിധ രാജ്യങ്ങളിൽ കൃഷിയുടെ രാഷ്ട്രിയ സാമ്പത്തികശാസ്ത്രത്തിനു പൊതവെയുള്ള പ്രത്യേകത അത് ഉപജാപക പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുകയും അവിടുത്തെ സങ്കീർണമായ രാഷ്ട്രിയം കാർഷികമേഖലയിൽ ഈ സംഘങ്ങൾ സ്ഥാനം ഉറപ്പിക്കുകയും ചെയ്യുന്നു എന്നതാണ്. അമേരിക്കയിൽ പരുത്തിയുടെയും പഞ്ചസാരയുടെയും ശക്തരായ ഉപജാപക സംഘങ്ങളാണ് സബ്സിഡികൾ നിശ്ചയിക്കുന്നത്. രാജ്യങ്ങൾ വികസിക്കുന്നതോടുകൂടി അവർ കാർഷിക കയറ്റുമതി നികുതികൾ എടുത്തു കളയുകയും പകരം സബ്സിഡി നല്കുകയും ചെയ്യുന്നു. കാർഷിക മേഖലയിലെ നിരക്കുകളുടെയും സബ്സിഡികളുടെയും ക്ഷേമ ചെലവുകൾ 2015 -ഓടെ പ്രതിവർഷം 100 -300 ബില്യൺ ഡോളർ ആയി ഉയരും. വ്യാപാര ഉദാരീകരണം മൂലം കാർഷിക ഉത്പ്പന്നങ്ങളുടെ വിലകൾ 5.5 ശതമാനം ഉയരും. വികസ്വര രാജ്യങ്ങളിൽ, ഭക്ഷ്യ സുരക്ഷ, ഗ്രാമീണ ഉപജീവനം, ഗ്രാമീണ തൊഴിൽ, തുടങ്ങി പല പല കാരണങ്ങൾ കൊണ്ട് താഴ്ന്ന വിലകൾ നിലനില്ക്കും. ഉയർന്ന വിലകൾ ഒരിക്കലും വികസ്വര രാജ്യങ്ങളെ സഹായിക്കില്ല. ഉദാഹരണത്തിന് ആഫിക്കൻ രാജ്യങ്ങളിൽ ഉത്പ്പാദിപ്പിക്കുന്ന പരുത്തിക്ക് സബ്സിഡിയോടെ ഉത്പ്പാദിപ്പിക്കുന്ന അമേരിക്കൻ പരുത്തിയോട് ഒരു തരത്തിലും മത്സരിക്കാനാവില്ല.

കോളനിവാഴ്ച്ചക്കാല ഉത്പ്പന്നങ്ങൾക്കും മറ്റും രാജകീയ പദവി പോലുള്ള പരമ്പരാഗതമായ ശൈലിയാണ് വികസ്വര രാജ്യങ്ങളിലെ കാർഷിക നയങ്ങൾ പിന്തുടരുന്നത്. അതിനുമുപരി കേന്ദ്ര ഗവൺമെന്റ് തലത്തിൽ വാണിജ്യ - സാമ്പത്തിക മന്ത്രാലയങ്ങളിലെ മുതിർന്ന ഉദ്യോഗസ്ഥരാണ്, സാധാരണ മറ്റ് നയങ്ങൾ രൂപപ്പെടുത്തുന്നത്. കൊളോണിയൽ കാലഘട്ടത്തിനു ശേഷം എല്ലാ വികസ്വര രാജ്യങ്ങളിലും വ്യവസായം കഴിഞ്ഞാൽ അടുത്ത സ്ഥാനം കൃഷിക്കാണ്. ഇന്ത്യയിലെ ദാരിദ്ര്യാവസ്ഥ നിലനില്ക്കണമെന്ന ദുരുദ്ദേശ്യത്തോടെ ഇവിടുത്തെ കാർഷികോത്പ്പാദനം ക്രമപ്പെടുത്താൻ, അമേരിക്ക പോലുള്ള വികസിത രാജ്യങ്ങൾ ഉപദേശങ്ങൾ നല്കിയിരുന്നതായി പോലും സംശയമുണ്ട്.

ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റു 1957 ൽ ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി, ഇന്ത്യയ്ക്ക് ഇപ്പോൾ വ്യാവസായികവത്ക്കരിക്കപ്പെടേണ്ടിയിരിക്കുന്നു. നാം അതിനു ശ്രമിച്ചുകൊണ്ടിരിക്കുകയുമാണ്. നമ്മൾ വ്യവസായികവത്ക്കരിക്കപ്പെടണം. കാർഷിക മേഖലയുടെ പ്രാധാന്യം തിരിച്ചറിയുന്നത് 1960കളുടെ ഒടുവിൽ മാത്രമാണ്. തുടർന്ന് ഹരിതവിപ്ലവമാണ് ഉത്പാദന ക്ഷമത ഉയരാൻ സഹായിച്ചത്.

വർത്തമാന കാലഘട്ടത്തിൽ വ്യവസായ, കൃഷി, സേവന മേഖലകളെ തമ്മിൽ സന്തുലുതമായി കൊണ്ടുപോകുന്നതിന് തന്ത്രപരമായ വ്യാപാര നയങ്ങൾ അത്യാവശ്യമാണ്. വിവിധ മണ്ഡലങ്ങളിൽ നിന്ന് പല തരം സമ്മർദ്ദങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഇന്ത്യയെപോലെ വൈവിധ്യമാർന്ന ഒരു രാജ്യത്ത് അത് അത്ര എളുപ്പമല്ല. മാംസ ഉത്പ്പന്നങ്ങൾ, എണ്ണക്കുരുക്കൾ, അരി, പഞ്ചസര, തേയില തുടങ്ങിയ കാർഷിക ഉത്പ്പന്നങ്ങളുടെ കാര്യത്തിൽ താരതമ്യേന മെച്ചമാണ് ഇപ്പോൾ ഇന്ത്യ. പക്ഷെ വളർച്ചയുടെ നിയന്ത്രണം ഇപ്പോഴും സേവന വ്യവസായ മേഖലകളിൽ എവിടെയോ ആണ്. ഇതിലെ ദേശീയ തലത്തിൽ ഇപ്പോഴും മൂന്നിൽ രണ്ട് തൊഴിലവസരങ്ങളും കാർഷിക മേഖലയിൽ തന്നെ എന്നതാണ് ഏറ്റവും ശ്രദ്ധേയമായ വസ്തുത. ദോഹ ഉച്ചകോടിക്കു മുമ്പായി കാർഷിക വ്യാപാര നയം രൂപീകരിക്കുന്നതിനായി 2001 നവംബറിൽ ലോക വാണിജ്യ സംഘടനയിൽ ഇന്ത്യ നടത്തിയ ആലോചനകളും ചർച്ചകളും വളരെ വിജ്ഞാന പ്രദമാണ്. കൃഷി സംസ്ഥാന വിഷയമാകയാൽ ഇക്കാര്യത്തിൽ ഒരു കരാർ ഉണ്ടാക്കുന്നതിനെ കുറിച്ച് സന്ധിസംഭാഷണം നടത്താൻ കേന്ദ്ര ഗവൺമെന്റിന് അധികാരമില്ല എന്ന് ഉറുഗ്വേ ഉച്ചകോടിയുടെ സമാപനത്തിൽ നിരവധി സംസ്ഥാന ഗവൺമെന്റുകൾ എതിർപ്പു പ്രകടിപ്പിക്കുകയും സുപ്രിം കോടതിയിൽ പരാതി സമർപ്പിക്കുകയും ചെയ്തിരുന്നു. ഇതേ തുടർന്നാണ് ദോഹ ഉച്ചകോടിക്കു മുമ്പായി കേന്ദ്ര ഗവൺമെന്റ് വിവിധ സംസ്ഥാന ഗവൺമെന്റുകളോടും പൊതുസമൂഹ പ്രതിനിധികളോടും ആലോചനകൾ നടത്തിയത്. കേന്ദ്ര ഗവൺമെന്റ് തലത്തിൽ വ്യവസായം, കൃഷി വിദേശകാര്യം എന്നീ മന്ത്രാലയങ്ങളുമായും ഇതേക്കുറിച്ച് ചർച്ചകൾ നടത്തുകയുണ്ടായി. സംസ്ഥാന - പ്രാദേശികതലത്തിൽ രാഷ്ട്രിയ പാർട്ടികളുടെയും കർഷകരുടെയും പ്രതിനിധികളുമായും ഗവൺമെന്റ് ചർച്ചകൾ നടത്തുകയും പൊതുസമൂഹത്തെയും വിദഗ്ധരേയും ഇതിലേയ്ക്ക് കൊണ്ടുവരികയും ചെയ്യുകയുണ്ടായി. തുടർന്ന് എന്തുസംഭവിച്ചു എന്നു ചോദിച്ചാൽ അമ്പരന്നു പോകും. ചില പരിഗണനകൾക്ക് ഊന്നൽ നല്കണം എന്ന മുൻ തീരുമാനത്തിന് വിപരീതമായി ഇന്ത്യയ്ക്ക് പ്രതിരോധ താല്പര്യങ്ങൾ മാത്രമല്ല, മാത്സര്യ താല്പര്യങ്ങളും ഉണ്ട് എന്ന് ഈ ചർച്ചകളിലൂടെ വ്യക്തമായി. ഗുണഭോക്താക്കളെ നയ രൂപീകരണ ചർച്ചകളിൽ ഉൾപ്പെടുത്തുക എന്നത് ശ്രമകരവും വിഭാഗീയത വർധിപ്പിക്കുന്നതുമായ പ്രവൃത്തിയാണ്. കാരണം അവർ അവരുടെ താല്പര്യങ്ങൾക്കായി മുറവിളി കൂട്ടിക്കൊണ്ടിരിക്കും. ഒപ്പം ഇത്തരം ആലോചനകൾ അപ്രതീക്ഷിതമായ സംഭവവികാസങ്ങളിലേയ്ക്കു നയിക്കുകയും ചർച്ചയിൽ പങ്കെടുക്കുന്നവർക്ക് ആഗോളതലത്തിൽ നയവിദഗ്ധർ സ്വീകരിച്ച തീരുമാനങ്ങളുടെ ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാണിക്കാൻ അവ സഹായകമായി എന്നും വരാം.

### അന്താരാഷ്ട്ര ചർച്ചകളും ലോക വ്യാപാര സംഘടനയും

സങ്കീർണമായ സമ്മർദ്ദങ്ങൾ പരിഹരിക്കാൻ ലോകവ്യാപാര സംഘടനയുമായി വികസ്വര രാജ്യങ്ങൾ നിരവധി ചർച്ചകൾ വളരെ ഫലപ്രദമായി നടത്തുന്നുണ്ട്. വിവിധ തരത്തിലുള്ള സഖ്യങ്ങളുടെ ശക്തിവഴി സംഘടിതമായിട്ടാണ് ആദ്യം വാദിച്ചത്. മുൻപ് സൂചിപ്പിച്ച ആഫ്രോ പസഫിക്ക് കരീബിയൻ സഖ്യം കൂടാതെ ഇന്ത്യയും ബ്രസീലും പോലുള്ള രാജ്യങ്ങൾ അടങ്ങുന്ന ജി - 20 ന്റെ യോഗങ്ങളിലും ഈ ചർച്ചകൾ നടന്നു. 2013 ഡിസംബറിൽ നടന്ന ലോക വ്യാപാര സംഘടനയുടെ ബാലി ഉച്ചകോടിയിൽ ഭക്ഷ്യസുരക്ഷയ്ക്ക് സബ്സിഡി അനുവദിക്കണമെന്ന ഇന്ത്യയുടെ നിലപാടിന് മറ്റൊരു സഖ്യമായ ജി 33 രാജ്യങ്ങളുടെ വൻ പിന്തുണ ലഭിച്ചു. കാർഷിക മേഖലയിലെ സബ്സിഡികളെ ഇത്തരത്തിൽ വളച്ചൊടിക്കുന്നതിന് ഇന്ത്യയെ പോലുള്ള രാജ്യങ്ങളെ അടുത്ത കാലത്ത് കൈറൻസ് സംഖ്യം നിശിതമായി വിമർശിക്കുകയുണ്ടായി. ഈ സബ്സിഡി 2001 ൽ വെറും 8.2 ബില്യൺ ഡോളറായിരുന്നു. 2014 ൽ ഇത് 37.6 ബില്യൺ ഡോളറായി ഉയർന്നു എന്നാണ് കൈറൻസ് ചൂണ്ടിക്കാണിക്കുന്നത് (ഫിനാൻഷ്യൽ ടൈംസ് -2014). രണ്ടാമതായി വികസ്വര രാജ്യങ്ങൾ ഇതുമായി ബന്ധപ്പെട്ട് സ്ഥാപനപരമായ ബന്ധങ്ങൾ വികസിപ്പിക്കുകയും അന്താരാഷ്ട്ര സംഭാഷണങ്ങൾ നടകത്തുകയും ചെയ്തു. ഇതു വഴി സേവനം, വ്യവസായം, കാർഷിക ഉത്പ്പന്നങ്ങൾ എന്നിവയ്ക്ക് പുതിയ വിപണികൾ കണ്ടെത്താൻ അവർക്കു സാധിക്കുന്നു.

### കാർഷിക വ്യാപാര കരാറുകളുടെ ഭാവി

വളർച്ചാ നിരക്ക് കുറവായതിനാൽ വികസിത രാജ്യങ്ങളെ അപേക്ഷിച്ച് വികസ്വര രാജ്യങ്ങളിൽ കാർഷിക വ്യാപാര കരാറുകൾ വളരെ സങ്കീർണമായി കൊണ്ടിരിക്കുകയാണ്. സബ്സിഡികളും ഉയർന്ന വിലനിരവാരങ്ങളും വികസിത രാജ്യങ്ങളിലേ ഉള്ളു. കാർഷിക വ്യാപാരം രാജ്യത്തിനകത്തും പുറത്തുമുള്ള കാർഷിക മേഖലയുടെ നിരവധി ആവശ്യങ്ങളുമായി ഒത്തു പോകേണ്ടതാണ്. കാർഷിക വ്യാപാര ഉദാരീകരണത്തെ വിപത്തായോ ശക്തിയായോ കണ്ടിരുന്ന കാലം കഴിഞ്ഞു.

വളരെ ശ്രദ്ധാപൂർവം വികസിത രാജ്യങ്ങളിൽ ശക്തി പ്രാപിച്ചുകൊണ്ടിരിക്കുന്ന കാർഷിക വ്യാപാര നയത്തിന് ആഭ്യന്തര തലത്തിലും ആഗോള തലത്തിലും ഫലപ്രദമായ ചർച്ചകൾ ആവശ്യമാണ്.

അന്താരാഷ്ട്ര തലത്തിൽ കാർഷിക വിപണികൾ വിട്ടുതരുവാൻ വികസിത രാജ്യങ്ങൾക്ക് താല്പര്യമില്ല. മുൻഗണനാ വ്യാപാര കരാറുകൾക്ക് വികസ്വര രാജ്യങ്ങളിൽ നിന്ന് സമ്മർദ്ദം ഉണ്ടായാൽ ഒന്നുകിൽ അവർ വികസിത രാജ്യങ്ങളെ ഒഴിവാക്കുകയോ ഉഭയകക്ഷി കരാറുകൾ കൊണ്ടുവരികയോ ചെയ്യും. ഇവിടെ വികസ്വര രാജ്യങ്ങൾക്ക് വളരെ കുറച്ച് സാധ്യതകളേ ഉണ്ടാവുകയുള്ളു.

അന്താരാഷ്ട്ര കാർഷിക വ്യാപാര മേഖലയിൽ വികസ്വര രാജ്യങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ ഒരുതരത്തിലും അവഗണിക്കാനാവില്ല. ഇത് പരമ്പരാഗത വ്യാപാരമേഖലയിലും ആധുനിക സാങ്കേതിക വിദ്യയാൽ നയിക്കപ്പെടുന്ന സേവന മേഖലയിലും ഒരു പോലെ ബാധകമാണ്. വികസ്വര രാജ്യങ്ങളെ ഒഴിവാക്കാനോ അവരോട് ധാർമികോദ്ബോധനം നടത്താനോ ഇനി വികസിത രാജ്യങ്ങൾക്ക് സാധിക്കില്ല. വികസ്വര രാജ്യങ്ങൾക്ക് അന്താരാഷ്ട്ര വ്യാപാരത്തിൽ ഫലപ്രദമായി പങ്കാളികളാകാനുള്ള അനുകൂല ഘടകങ്ങൾ തുടർന്നു വർധിച്ചുകൊണ്ടിരിക്കും.

**ജോർജ്മാസൺ യൂണിവേഴ്സിറ്റിയിൽ പ്രഫസറാണ് ലേഖകൻ**





# ഇന്ത്യൻ കാർഷിക മേഖലയും അവധി വ്യാപാരവും

സംന. എം, ഡോ. ഷാഹുൽഹമീദ്. എം

ഇന്ത്യൻ സമ്പദ് വ്യവസ്ഥയിൽ കാർഷിക മേഖലയ്ക്ക് പ്രഥമ സ്ഥാനമാണുള്ളത്. ജനസംഖ്യയുടെ അറുപത് ശതമാനത്തിലധികവും കൃഷിയിലും അനുബന്ധ പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരിക്കുന്നു. സ്വാതന്ത്ര്യ ലബ്ദിക്കുശേഷം നാളിതുവരെ കാർഷിക മേഖല പല മാറ്റങ്ങൾക്കും വിധേയമായിട്ടുണ്ടെങ്കിലും അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല. വിവിധ പഞ്ചവത്സര പദ്ധതികളിൽ കാർഷിക മേഖലയ്ക്ക് ഊന്നൽ നൽകിയിട്ടുണ്ടെങ്കിലും കർഷകരുടെ പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കപ്പെട്ടിട്ടില്ല. ഇന്ത്യയിലെ കർഷകർ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം കാർഷിക വിളകളുടെ വില വ്യതിയാനം മുഖേനയുള്ള നഷ്ടമാണ് (Price Risk). നിത്യോപയോഗ സാധനങ്ങളുടേയും പഴങ്ങളുടേയും പച്ചക്കറികളുടേയും വില കുതിച്ചുയരുകയും അതേസമയം കർഷകർക്ക് ന്യായമായ വില കിട്ടാതെ വരികയും കർഷക ആത്മഹത്യതൾ കൂടുകയും ചെയ്യുന്നു. കർഷകർ പലവിധ ചൂഷണങ്ങൾക്ക് വിധേയരാവുകയും ഇടനിലക്കാർ ലാഭം കൊയ്യുകയും ചെയ്യുന്നു. വിത്ത് വിതയ്ക്കുന്നതു മുതൽ വിളവെടുപ്പ് വരെ പലതരം ചെലവ് ചെയ്യുന്ന കർഷകർക്ക് തങ്ങളുടെ വിളയ്ക്ക് (ഉത്പ്പന്നത്തിന്) എന്ത് വില ലഭിക്കുമെന്ന് തീരുമാനിക്കാൻ കഴിയുന്നില്ല.

കർഷകരുടെ മുകളിൽ പറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശ്രമഫലമായാണ് ഉത്പന്നങ്ങളുടെ അവധി വ്യാപാരം ഉത്ഭവിച്ചത്. 1848 ൽ കർഷകരുടേയും വ്യാപാരികളേയും ഒരുമിപ്പിച്ചുകൊണ്ട് ചിക്കാഗോ ബോർഡ് ഓഫ് ട്രേഡ് (CBOT) അമേരിക്കയിൽ സ്ഥാപിതമായി. ആദ്യകാലത്ത് കാർഷിക വിളകളായ ഗോതമ്പ്, ചോളം, സോയാബീൻ തുടങ്ങിയവ വ്യാപാരം ചെയ്തിരുന്നു.

### കമ്മോഡിറ്റി ഫ്യൂച്ചേഴ്സ് കോൺട്രാക്ട് (Commodity Futures Contract)

രണ്ടു പാർട്ടികൾ തമ്മിൽ നല്ല ഗുണനിലവാരമുള്ളതും, ഒരു ന്ശ്ചിത അളവിൽ, ഒരു ന്ശ്ചിത കാലത്തേയ്ക്ക് വസ്തുക്കൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നതിനുള്ള ഉടമ്പടിയാണ് ഇത്. ഉടമ്പടി തയ്യാറാക്കുമ്പോൾ തന്നെ വിലയും നിശ്ചയിക്കുന്നു. ഇത്തരം ഉടമ്പടികളുടെ ക്രയവിക്ര

യത്തെയാണ് ഉത്പന്നങ്ങളുടെ അവധി വ്യാപാരം (Commodity Futures Trading) എന്ന് പറയുന്നത്. ഇത്തരം ഉടമ്പടികൾ എക്സ്ചേഞ്ചുകളിൽ ക്രയ വിക്രയം ചെയ്യുന്നു.

**ഇന്ത്യയിൽ അവധിവ്യാപാരത്തിന്റെ വളർച്ച**

ഇന്ത്യയിലെ ആദ്യത്തെ അവധിവ്യാപാര സ്ഥാപനമായ ബോംബെ കോട്ടൺ ട്രേഡ് അസോസിയേഷൻ സ്ഥാപിതമായത് 1875 ൽ ആണ്. 1900 ൽ ഗുജറാത്തി വ്യാപാര മണ്ഡലി സ്ഥാപിതമായതോടെ ഭക്ഷ്യ എണ്ണകളിൽ അവധി വ്യാപാരം ആരംഭിച്ചു. എന്നാൽ 1920–ലാണ് സ്വർണ്ണം അവധി വ്യാപാര രംഗത്തെത്തിയത്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയോടെ പരുത്തി, പഞ്ചസാര, കുരുമുളക്, മഞ്ഞൾ, ഉരുളക്കിഴങ്ങ് തുടങ്ങി അനേകം ഉത്പന്നങ്ങൾ അവധി വ്യാപാരത്തിലേയ്ക്ക് ആകർഷിക്കപ്പെട്ടു. സ്വാതന്ത്ര്യലബ്ദിക്കുശേഷം നേരിടേണ്ടി വന്ന വിഭവ ദൗർലഭ്യം (Scarsity) ഇന്ത്യാ ഗവൺമെന്റിനെ ഈ മേഖലയിൽ നിയന്ത്രണം ഏർപ്പെടുത്താൻ പ്രേരിപ്പിച്ചു. 1952–ൽ ഫോർവേഡ് കോൺട്രാക്ട് റെഗുലേഷൻ ആക്ട് പാസ്സാക്കി. ഇന്ത്യയിൽ അവധി വ്യാപാര ഉടമ്പടികൾ നിയന്ത്രിക്കുന്നത് ഈ നിയമമാണ്.തുടർന്ന് അറുപതുകളിൽ പരുത്തി, ഭക്ഷ്യ എണ്ണകൾ തുടങ്ങി ചില ഉത്പന്നങ്ങളിലെ അവധി വ്യാപാരം ഗവൺമെന്റ് റദ്ദാക്കി. ഈ മേഖലയെക്കുറിച്ച് പഠിക്കുവാനായി വിവിധ കാലയളവിൽ വ്യത്യസ്തങ്ങളായ കമ്മറ്റികളേയും ഗവൺമെന്റ് നിയോഗിക്കുയുണ്ടായി. 1966 ൽ ദാണ്ഡ്‌വാല കമ്മറ്റി, 1980 ൽ ഖുസ്റോ കമ്മറ്റി എന്നിവ അവയിൽ പ്രധാനമാണ്. എന്നാൽ ആ കമ്മറ്റികൾ അവധി വ്യാപാരത്തിന്റെ തിരിച്ചുവരവ് അനിവാര്യമാണെന്ന് വാദിച്ചു. തുടർന്ന് ഉത്പന്നങ്ങളുടെ അവധി വ്യാപാരം വീണ്ടും ആരംഭിച്ചു. ഏറ്റവും ഒടുവിൽ 2007 ൽ അഭിജിത്ത് സെൻ കമ്മറ്റി രൂപീകരിച്ച് കാർഷികോത്പ്പന്നങ്ങളുടെ വില വ്യതിയാനത്തിൽ അവധി വ്യാപാരത്തിന്റെ സ്വാധീനത്തെക്കുറിച്ച് വിശകലനം ചെയ്യുകയുണ്ടായി. 2008 മാർച്ചിൽ ഈ കമ്മറ്റി റിപ്പോർട്ട് സമർപ്പിച്ചു. കാർഷികോത്പ്പന്നങ്ങളുടെ വില നിർണ്ണയത്തിലോ വില വ്യതിയാനത്തിലോ അവധി വ്യാപാരത്തിന്റെ അമിത സ്വാധീനം ഉണ്ടായിട്ടില്ലെന്നായിരുന്നു ഈ കമ്മറ്റിയുടെ നിഗമനം. മാത്രമല്ല, അവധി വ്യാപാരത്തിൽ കർഷകരുടെ പങ്കാളിത്തം വർദ്ധിപ്പിക്കണമെന്നതായിരുന്നു പ്രധാന നിർദ്ദേശം. അതിനായുള്ള വിവിധ നിർദ്ദേശങ്ങൾ ഈ കമ്മറ്റി മുന്നോട്ട് വച്ചു.

2003 ന്റെ തുടക്കം മുതലേ അവധി വ്യാപാരം വ്യാപിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിരുന്നു. തുടങ്ങിയ ഓൺലൈൻ കമ്മോഡിറ്റി എക്സ്ചേഞ്ചുകൾ നിലവിൽ വന്നതോടെയാണ് 2003 ൽ ഓൺലൈൻ കമ്മോഡിറ്റി ഫ്യൂച്ചേഴ്സ് ട്രേഡിംഗ് ആരംഭിച്ചത്.


**അവധി വ്യാപാരത്തിന്റെ പ്രയോജനങ്ങൾ**

കർഷകർക്ക് വിളകളുടെ വില വ്യതിയാനം മുഖേനയുള്ള നഷ്ടം നികത്തുവാനുള്ള ഒരു ഉപാധി (Price Risk Management Tool) ആയിട്ടാണ് അവധി വ്യാപാരം നിലവിൽ വന്നത്. ഉല്പ്പന്നങ്ങളുടെ വില സ്ഥിതീകരിക്കൽ (Price Discovery) എന്നതാണ് പരമപ്രധാനമായ മറ്റൊരു ലക്ഷ്യം. എന്നാൽ ഈ രണ്ട് ലക്ഷ്യങ്ങളും നിറവേറ്റാൻ അവധി വ്യാപാരത്തിന് കഴിയുന്നില്ല എന്നുള്ള വാദ പ്രതിവാദങ്ങൾ സജീവമാണ്. എന്നിരുന്നാലും അവധി വിപണി തത്വത്തിൽ കർഷക സൗഹൃദ വിപണിയാണ്. ഈ വിപണിയുമായി നേരിട്ട് ബന്ധമില്ലാത്തവർക്ക് പോലും ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്.

**കർഷകർക്ക് ലഭിക്കുന്ന പ്രയോജനങ്ങൾ**

- ദേശീയ തലത്തിൽ വിശാലമായ വിപണി ലഭിക്കുന്നു
- ഇടനിലക്കാരെ ഒഴിവാക്കി, നേരിട്ട് ഉപഭോക്താവിന് വില്ക്കാൻ കഴിയുന്നു.
- രാജ്യാന്തര ദേശീയ നിലവാരങ്ങൾ അറിയാൻ കഴിയുന്നു.
- ഉത്പ്പന്നം റെഡി വിപണിയിൽ വിറ്റുകിട്ടുന്ന പണത്തിന്റെ ചെറിയൊരംശം മുടക്കി ലാഭമുണ്ടാക്കാൻ കഴിയുന്നു.
- ഉത്പന്നങ്ങൾ വെയർഹൗസിൽ സൂക്ഷിച്ച് വച്ച്, അതിന്റെ രേഖ (Warehouse Receipt) ഉപയോഗിച്ച് സാമ്പത്തികാവശ്യം നിറവേറാൻ കഴിയുന്നു.

- കമ്പ്യൂട്ടർ പരിജ്ഞാനമില്ലാത്തവർക്കും, അവധി വ്യാപാര ഏജൻസികളിലെ വിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്തി വ്യാപാരത്തിലേർപ്പെടാൻ കഴിയുന്നു.
- ഉത്പന്നങ്ങളുടെ വില സ്ഥിതീകരിക്കൽ (Price Discovery) എന്ന ലക്ഷ്യം നിറവേറ്റുക വഴി, ഉത്പന്നങ്ങൾക്ക് മികച്ച വില ലഭിക്കുവാൻ അവധി വ്യാപാരം സഹായിക്കുന്നു.
- കർഷകർക്ക് ഹെഡ്ജിംഗ്(Hedging) സാധ്യമാക്കുന്നു. അതായത് റെഡി വിപണിയിലുണ്ടായേക്കാവുന്ന നഷ്ടം നികത്താൻ അവധിയിൽ, തുല്യമായതും വിപരീത സ്വഭാവമുള്ളതുമായ ഉടമ്പടിയിൽ ഏർപ്പെടാൻ കഴിയുന്നു. ഇപ്രകാരം ഒരു വിപണിയിലെ നഷ്ടം, മറ്റൊരു വിപണിയിലെ വ്യാപാരത്തിലൂടെ നികത്താൻ കഴിയുന്നു.



**വ്യാപാരികൾക്കുള്ള പ്രയോജനങ്ങൾ**

- ☐ ഉത്പന്നവിലയുടെ പത്തു ശതമാനം(Margin Money) മാത്രം മുടക്കി വ്യാപാരം നടത്താം.
- ☐ റെഡി വിപണിയിൽ നിന്ന് വാങ്ങുന്ന ഉത്പന്നം അപ്പപ്പോൾ തന്നെ അവധി വിപണിയിൽ വിൽക്കാൻ കഴിയുന്നതിനാൽ വിലത്തകർച്ച മുഖേനയുള്ള നഷ്ടം ഒഴിവാക്കാം.
- ☐ ഉത്പന്നങ്ങൾ വെയർഹൗസുകളിൽ സൂക്ഷിച്ച് വച്ചാൽ അവിടുന്നുള്ള രേഖ (Warehouse Receipt) ഉപയോഗിച്ച് വായ്പകൾ എടുക്കാം, ഇപ്രകാരം മൂലധനം സ്റ്റോക്കിൽ കുടുങ്ങിപ്പോകാതെ ഉത്പ്പന്നം ശേഖരിച്ച് വയ്ക്കാൻ കഴിയുന്നു.

**ഉപഭോക്താവിന്(വ്യവസായികൾ, കയറ്റുമതിക്കാർ) ലഭിക്കുന്ന പ്രയോജനങ്ങൾ**

- ☐ ഉത്പ്പന്നങ്ങളുടെ ലഭ്യത മുൻകൂർ ഉറപ്പാക്കാം
- ☐ വിലയെക്കുറിച്ച് മുൻകൂർ ധാരണയുള്ളതിനാൽ ഉത്പാദനച്ചെലവ് നേരത്തെ കണക്ക് കൂട്ടാം. ആസൂത്രണം എളുപ്പമാക്കുന്നു.
- ☐ ഇടനിലക്കാരെ ഒഴിവാക്കാനാകും
- ☐ സ്വന്തം ആഫീസിൽ ഇരുന്ന് ക്രയവിക്രയങ്ങൾ ചെയ്യാം
- ☐ ഉത്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പാക്കാം
- ☐ മാർജിൻതുക മാത്രം നൽകി, ഉത്പന്നങ്ങൾ മുൻകൂട്ടി വാങ്ങി വയ്ക്കാം(മാർജിൻ തുക 6% മുതൽ 10% വരെയാണ്)

**നിയന്ത്രണാധികാരം(Regulatory Frame Work)**

ഇന്ത്യയിലെ കമ്മോഡിറ്റി എക്സ്ചേഞ്ചുകളുടെ ഭരണ നിർവ്വഹണവും നിയന്ത്രണങ്ങളും 1952 ലെ ഫോർവേഡ് കോൺട്രാക്ട്സ് റെഗുലേഷൻ ആക്ട് അനുസരിച്ചാണ്.ഈ നിയമം അനുസരിച്ച് ഫോർവേർഡ് മാർക്കറ്റ്സ് കമ്മീഷനാണ് പരമാധികാരം നൽകപ്പട്ടിരിക്കുന്നത്.

**ഫോർവേർഡ് മാർക്കറ്റ് കമ്മിഷൻ (FMC)**

ഇന്ത്യാ ഗവൺമെന്റിന്റെ, ഉപഭോക്തൃകാര്യ, ഭക്ഷ്യ പൊതുവിതരണ മന്ത്രാലയത്തിൻ കീഴിൽ പ്രവർത്തിക്കുന്ന ഫോർവേർഡ് മാർക്കറ്റ്സ് കമ്മീഷനാണ് കമ്മോഡിറ്റി എക്സ്ചേഞ്ചുകളെ നിയന്ത്രിക്കുന്നതിനുള്ള അധികാരം. ഇതിന്റെ പ്രധാന പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്.

- ☐ ഈ മേഖലയിലെ പ്രവർത്തനങ്ങളെ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ കേന്ദ്ര ഗവൺമെന്റിന് നൽകുന്നു
- ☐ ഫോർവേർഡ് മാർക്കെറ്റിനേയും ഇടപാടുകളേയും നിരീക്ഷിക്കുകയും ആവശ്യമായ നടപടികൾ എടുക്കുകയും ചെയ്യുന്നു.
- ☐ വ്യാപാരികളേയും ഇടപാടുകാരുടേയും പ്രവർത്തനങ്ങൾ നിരീക്ഷിച്ച് അമിത വ്യാപാര ഇടപാടുകൾ (Over trading) തടയുന്നു.
- ☐ വിലയിൽ അനിയന്ത്രിതമായ ഉയർച്ച താഴ്ചകൾ ഉണ്ടാകാതെ ശ്രദ്ധിക്കുന്നു.
- ☐ ഊഹക്കച്ചവടങ്ങളെ നിയന്ത്രിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നു.
- ☐ ഉത്പന്ന ദൗർലഭ്യം നേരിടുന്ന സന്ദർഭങ്ങളിൽ അടിയന്തിര നടപടികൾ എടുക്കുന്നു.
- ☐ ഇത്തരത്തിൽ പ്രാധാന്യമർഹിക്കുന്ന നിയന്ത്രണങ്ങൾ ഏർപ്പെടുത്തി അവധി വ്യാപാരത്തെ നിയന്ത്രിക്കുവാൻ FMC യ്ക്ക് കഴിയുന്നു.

**കേരളത്തിലെ അവധി വ്യാപാരം**

കേരളത്തിലെ കാർഷിക മേഖലയിൽ മുന്നിൽ നിൽക്കുന്നത് വാണിജ്യവിളകളുടെ ഉത്പാദനമാണ്. ഇതിൽ പ്രധാന വിളകളായ റബ്ബർ, ഏലം, കുരുമുളക് എന്നിവയിൽ അവധി വ്യാപാരം നടന്നുവരുന്നു. ദേശീയ രാജ്യാന്തര തലത്തിലാണ് ഇവയുടെ വിപണി. കേരളത്തിലെ അവധി വിപണി വളർച്ചയുടെ വഴിയിലാണെങ്കിലും അതു കർഷകരുടെ സ്വന്തം വിപണിയായി വികസിച്ചിട്ടില്ല. അതിന്റെ പ്രധാന കാരണം അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത തന്നെയാണ്. ചരക്ക് കൈമാറ്റത്തിനുള്ള (ഡെലിവറി) സൗകര്യക്കുറവാണ് പ്രധാന പ്രശ്നം. വില്പന നികുതി രജിസ്ട്രേഷൻ ഇല്ലാത്തവർക്ക് ചരക്ക് കൈമാറ്റം ചെയ്യാൻ സാധിക്കില്ല.

ഉദാഹരണമായി ഒരു റബ്ബർ കർഷകന് തന്റെ ഉത്പന്നം കൈറാൻ കൊച്ചിയിലെ വെയർ

ഹൗസിൽ പോകണം. അല്ലെങ്കിൽ വിൽപ്പന നികുതി രജിസ്ട്രേഷനുള്ള ഒരു കച്ചവടക്കാരനെ ക്ലിയറിംഗ് & ആന്റ് ഫോർവേഡിംഗ് ഏജന്റായി അംഗീകരിച്ച് ചരക്ക് കൊടുത്തുവിടണം. മാത്രമല്ല ചെറുകിട കർഷകർക്ക് പലപ്പോഴും ചരക്കുകളുടെ ഉടമ്പടി അളവ് (Contract Size)നേടിയെടുക്കാൻ കഴിയുന്നില്ല.

കർഷകന് ഒരു സംരക്ഷണ സംവിധാനമെന്ന നിലയ്ക്ക് ഉരുത്തിരിഞ്ഞതാണ് അവധി വിപണി യെങ്കിലും ഉത്പ്പന്ന കൈമാറ്റമില്ലാതെ വാങ്ങലും വിൽക്കലും നടത്തുന്ന ഊഹക്കച്ചവടമാണ് അവധി വിപണിയെ ചടുലവും സജീവവുമാക്കുന്നത്. ഓരോ വിളകളുടേയും അവധി വിപണി നോക്കിയാൽ രാജ്യത്തെ യഥാർത്ഥ ഉത്പന്നത്തിന്റെ എത്രയോ ഇരട്ടിയാണ് ക്രയവിക്രയം ചെയ്യപ്പെടുന്നതെന്ന് കാണാം. അവധി വിപണിയിലെ ഇടപാടിന് ചരക്കുമായി ഒരു ബന്ധവുമില്ല. വിപണിയിലെ ഗതിവിഗതികൾ നോക്കി വാങ്ങലും വിൽക്കലും നടക്കുന്നു. ഉത്പന്നമോ വിലയോ കൈമാറുന്നില്ല. പകരം ലാഭമോ നഷ്ടമോ മാത്രം കൈമാറുന്നു. ഇപ്രകാരം റെഡി വിപണിയെ അപേക്ഷിച്ച് പതിൻമടങ്ങ് വ്യാപാരം അവധി വിപണിയിൽ നടത്താൻ കഴിയുന്നു. ഇപ്രകാരം ധാരാളം നിക്ഷേപകരെ ആകർഷിക്കുന്ന ഒരു വിപണി കൂടിയാണിത്.

എന്നാൽ കർഷകനുമാത്രമായി പല പ്രയോജനങ്ങളും അവധി വ്യാപാരം പ്രദാനം ചെയ്യുന്നു. റെഡി വിപണിയുമായുള്ള താരതമ്യത്തിലൂടെ മാത്രമേ അത് മനസ്സിലാക്കാൻ കഴിയൂ. ഉത്പന്നങ്ങൾക്ക് നല്ല വില ലഭിക്കാത്തതും ഇടപാടിൽ നഷ്ടം സംഭവിക്കുന്നതുമാണ് റെഡി വിപണിയിൽ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ. കർഷകർക്ക് വില നിലവാരത്തെക്കുറിച്ചുള്ള അറിവില്ലായ്മയും വിലപേശാനുള്ള കഴിവില്ലായ്മയും പ്രാദേശിക വിപണിയിലെ പരിമിതികളും ഇടനിലക്കാർ മുതലെടുത്ത് കർഷകരെ ചൂഷണം ചെയ്യുന്നു. കർഷകർക്ക് മികച്ച വില കിട്ടില്ലെന്ന് മാത്രമല്ല വിപണിയിലെത്തിച്ച ഉത്പ്പന്നം തിരികെ കൊണ്ടുപോകാനുള്ള വൈഷമ്യം കൊണ്ട് നഷ്ടത്തിൽ ഇടപാട് നടത്താൻ നിർബന്ധിതരാകുന്നു. ഈ ദുരവസ്ഥ ഒഴിവാക്കാനും കർഷകന് തന്റെ ഉത്പന്നത്തിന് ന്യായമായ വില നേടിയെടുക്കാനും വേണ്ടിയാണ് അവധി വിപണി പ്രവർത്തിക്കുന്നത്. അവധി വിപണിയിൽ ചരക്കുകൾ കൈമാറ്റം നടത്തേണ്ടത് അവധിയായി നിശ്ചയിച്ച കാലാവധി തീരുമ്പോൾ മാത്രമാണ്. കർഷകൻ ഉത്പന്നം വെയർഹൗസിൽ എത്തിച്ചാൽ മതി. അവിടെ നിന്നാണ് കൈമാറ്റം. റെഡി വിപണി പോലെ ചരക്കെത്തിച്ചുകഴിഞ്ഞാൽ കിട്ടിയ വിലയ്ക്ക് വിറ്റഴിക്കേണ്ട ഗതികേട് ഉണ്ടാകുന്നില്ല. വിറ്റു വച്ച ചരക്ക് അവധിക്കാലാവധി കഴിയും മുമ്പ് തിരിച്ചുവാങ്ങി വട്ടമെത്തിക്കുകയോ, വാങ്ങിയ ചരക്ക് കാലാവധിക്ക് മുമ്പ് വിറ്റ് കണക്കുതീർക്കുകയോ ചെയ്യുന്ന പക്ഷം ചരക്ക് കൈമാറ്റേണ്ടതില്ല. അല്ലാത്ത പക്ഷം വാങ്ങിയ ആൾ വില നൽകി ഉത്പ്പന്നം കൈപ്പറ്റണം, വിറ്റയാളാണെങ്കിൽ കാലാവധി തീരുന്ന മുറയ്ക്ക് ചരക്ക് വെയർ ഹൗസിലെത്തിച്ച് ഇടപാട് തീർക്കണം. ഇപ്രകാരം അനേകം അവസരങ്ങൾ കർഷകർക്ക് മുന്നിൽ ലഭ്യമാക്കുന്നതാണ് അവധി വിപണി.

അവധി വിപണിയിലെ അവസരങ്ങളെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും കർഷകർക്ക് ശരിയായ അവബോധം ലഭിച്ചാൽ, കർഷകർക്കായി ആരംഭിച്ച ഉത്പന്നങ്ങളുടെ അവധി വിപണിയുടെ ഗുണഫലങ്ങൾ ആസ്വദിക്കാനാകും. കർഷക കൂട്ടായ്മകളുടേയും, ഗവൺമെന്റിന്റെയും കൂട്ടായ പ്രവർത്തനം ആവശ്യമായി വരും. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതകൾ പരിഹരിച്ച് കർഷകർക്ക് ആവശ്യമായ വിവരങ്ങൾ യഥാസമയം നൽകാൻ കഴിഞ്ഞാൽ മറ്റൊരു കാർഷിക വിപ്ലവം സാധ്യമാകും എന്നതിൽ സംശയമില്ല. അവധി വിപണിയിൽ ഇപ്പോൾ നിലനില്ക്കുന്ന അപാകതകൾ പരിഹരിച്ച് കർഷക പങ്കാളിത്തം വർദ്ധിപ്പിച്ചാൽ കർഷകരെ ചൂഷണത്തിൽ നിന്നും മുക്തരാക്കാനാകും. ഈ മേഖലയെക്കുറിച്ച് നിലനില്ക്കുന്ന വാദപ്രതിവാദങ്ങളുടേയും ഊഹാപോഹങ്ങളുടേയും നിജസ്ഥിതി കർഷകർക്ക് ബോദ്ധ്യപ്പെടുത്തുവാനും സർക്കാർ ബാദ്ധ്യസ്ഥരാണ്. അഭിജിത്ത് സെൻ കമ്മറ്റി റിപ്പോർട്ട് നടപ്പില്ക്കിയാൽ പല പ്രശ്നങ്ങളും പരിഹരിക്കാനാകുമെന്ന് മനസിലാക്കാം. കേരളത്തിലേതന്നല്ല ഇന്ത്യൻ കാർഷിക മേഖലയെ ഉയർച്ചയിലേയ്ക്ക് നയിക്കാൻ അവധി വ്യാപാരത്തിനാകുമെന്ന് പ്രത്യാശിക്കാം.

# ഇന്ത്യയുടെ വിഭവശേഷി നിർമ്മാണം

അജയ് ഷാ

**രാഷ്ട്രീയ ലക്ഷ്യങ്ങൾക്ക് തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ തീരുമാനങ്ങൾ ആവശ്യമാണ്. തെരഞ്ഞെടുപ്പുകളോട് ഉത്തരവാദിത്വമുള്ളവരെന്ന നിലയിൽ രാഷ്ട്രീയ തീരുമാനങ്ങളെടുക്കുന്നതിനും വിവിധ താല്പര്യക്കാരുടെ പരാതികൾ ശ്രവിക്കുന്നതിനും യോജിച്ചവർ രാഷ്ട്രീയക്കാർ തന്നെ.**

രാജ്യത്തിന്റെ ഭരണ നിർവ്വഹണം കാര്യക്ഷമമല്ല എന്ന വലിയ ഉത്ക്കണ്ഠയാണ് ഇന്ന് ഇന്ത്യയിൽ നിലനില്ക്കുന്നത്. ലക്ഷ്യങ്ങളെയും അതു നടപ്പാക്കുന്ന രീതിയെയും വേറിട്ട് കാണുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ചിന്തിക്കുന്ന മനുഷ്യർക്ക് പല കാര്യങ്ങളെകുറിച്ചും അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകാം- ഉദാഹരണത്തിന്, ഇന്ത്യാ ഗവൺമെന്റ് നടപ്പാക്കി വരുന്ന തൊഴിലുറപ്പു പദ്ധതിയുടെ പ്രയോജനം, മൂലധന നിയന്ത്രണ സംവിധാനം, ഇലക്ട്രോണിക് മീഡിയയുടെ മേലുള്ള നിയന്ത്രണം, നഗരപാതകളിലെ ട്രാഫിക് ലൈറ്റുകൾ തുടങ്ങി എത്രയോ വിഷയങ്ങളുണ്ട് നമുക്ക് ചർച്ച ചെയ്യാൻ. ഇവയുടെ നന്മ-തിന്മകൾ പരിഗണിക്കാതെ, ഈപറഞ്ഞ ലക്ഷ്യങ്ങളിൽ നിന്നു നാം ആഗ്രഹിക്കുന്ന ഫലം സ്വായത്തമാക്കാനുള്ള ശേഷി ഉണ്ടായിരിക്കണം എന്ന കാര്യത്തിൽ നമുക്കു യോജിക്കാൻ സാധിക്കും. നിയന്ത്രണങ്ങൾ എടുത്തുകളയാനും, ലൈസൻസുകൾ ഇല്ലാതാക്കാനും, വ്യവസായ നയംതന്നെ അവസാനിപ്പിക്കാനുമായിരുന്നു പതിറ്റാണ്ടുകൾക്കു മുമ്പ് ഊന്നൽ കൊടുത്തിരുന്നത്. അന്ന് ഏതു വ്യവസായം അഥവാ സാങ്കേതിക വിദ്യയാണ് മെച്ചപ്പെട്ടത് എന്നു നിശ്ചയിച്ചിരുന്നത് ഗവൺമെന്റായിരുന്നു. തെറ്റായ ലക്ഷ്യങ്ങളിലേയ്ക്കു നയിക്കുന്ന ഇത്തരം സമീപനങ്ങളിൽ നിന്നു സമഗ്രമായ ഒരു തിരിച്ചുപോക്ക് ആവശ്യമായി വന്നിരിക്കുന്നു. നിലവിലുള്ള ഭരണ സംവിധാനത്തെ തകർത്ത്, നിയമങ്ങൾ നിരാകരിച്ച് പരിഷ്കാരങ്ങൾ നടപ്പാക്കുക എന്നതല്ല ഇന്നു നേരിടുന്ന വെല്ലുവിളി. പൗരന്മാരുടെ സുരക്ഷിതത്വം പോലുള്ള കാതലായ സേവന രംഗങ്ങളിൽ നിന്ന് ഒരിക്കലും രാജ്യത്തിന് ഒഴിഞ്ഞുമാറാൻ സാധിക്കില്ല. രാഷ്ട്രത്തിനു മാത്രമെ നീതി-ന്യായ വ്യവസ്ഥയും, ശിക്ഷാനിയവും, പ്രതിരോധ ശേഷിയും, അന്താരാഷ്ട്ര ബന്ധങ്ങളും പരിപാലിയ്ക്കാൻ സാധിക്കുകയുള്ളു. പ്രധാനപ്പെട്ട പൊതുമുതലുകൾ സൃഷ്ടിക്കാൻ രാജ്യത്തിനേ കഴിയൂ. വിപണിയിലെ പ്രധാന പ്രശ്നങ്ങളായ കമ്പോളശക്തി, ബാഹ്യ ഇടപെടലുകൾ, ദുഷ്പ്രചാരണങ്ങൾ എന്നിവയെ നേരിടാൻ രാഷ്ട്രത്തിനു മാത്രമെ സാധിക്കൂ. ഇവിടെയാണ് കാര്യശേഷിയുള്ള ഭരണത്തിന്റെ ആവശ്യം. എല്ലാ പരിഷ്കൃത സമൂഹങ്ങളിലും പൗരന്മാരുടെ സ്വാതന്ത്ര്യത്തിൽ കൈകടത്താതെ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് കഴിവുള്ള ഒരു രാഷ്ട്രസംവിധാനം ഉണ്ടാകും. രാഷ്ട്രത്തിന്റെ വിഭവങ്ങളെ എങ്ങനെ ഫലപ്രദമായി പൊതുസ്വത്തായി പരിവർത്തനം ചെയ്യാം എന്നതാണ് വെല്ലുവിളി. ഗവൺമെന്റ് ഇക്കാര്യത്തിൽ എന്തു ചെയ്യണം എന്നതിനെ കുറിച്ച് ഇന്ത്യയ്ക്ക് വ്യക്തമായ കാഴ്ച്ചപ്പാടും നയപരമായ തീരുമാനങ്ങളും ഉണ്ട്. പക്ഷെ അഭിലാഷങ്ങളെയും വിഭവങ്ങളെയും ഫലപ്രാപ്തിയിലേയ്ക്ക് എത്തിക്കാനുള്ള

കഴിവ് എന്ന് നാം നിർവചിക്കുന്ന രാഷ്ട്രത്തിന്റെ ശേഷിയാണ് ഇപ്പോഴത്തെ പ്രതിബന്ധം. ചൂണ്ടിക്കാണിക്കുന്ന പോലെ, ഇന്ത്യ ഇന്ന് ഒരു പീഡിത രാഷ്ട്രമാണ്. തലപ്പത്ത് ദേശീയ നിലവാരമുള്ള ഉന്നത സ്ഥാപനങ്ങളും പ്രവർത്തനങ്ങളുമുണ്ട്. എന്നാൽ ഈ ശിരസിന് അതിന്റെ കരങ്ങളുമായി ഒരു നാഡീബന്ധമില്ല തന്നെ. രാജ്യത്തെ ബാധിക്കുന്ന നടപടികൾ സംബന്ധിച്ച എല്ലാ പൊതു നയചർച്ചകളിലും നമ്മുടെ എല്ലാ ഔദ്യോഗിക വക്താക്കൾക്കും യോജിക്കാൻ സാധിക്കണം. ഉദാഹരണത്തിന്, അടിസ്ഥാന സൗകര്യ വികസന മേഖലയുടെ കാര്യം എടുക്കുക. ഇതിനെ കുറിച്ചുള്ള പഴയ തർക്കം അടിസ്ഥാനവികസന സേവനം സ്വകാര്യ മേഖലയാണോ പൊതുമേഖലയാണോ നടപ്പിലാക്കേണ്ടത് എന്നതു സംബന്ധിച്ചായിരുന്നു. അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കാനും അത് നടത്താനും സ്വകാര്യ സംരംഭകർക്കു സാധിച്ചേക്കാം. എന്നാൽ ഉപഭോക്താക്കൾ ആഗ്രഹിക്കുന്ന തരത്തിലുള്ള ഫലം ലഭിക്കണമെങ്കിൽ ഗവൺമെന്റു തലത്തിൽതന്നെ ഇത്തരം സൗകര്യങ്ങൾ കൈകാര്യം ചെയ്യേണ്ടിയിരിക്കുന്നു. ഇന്ത്യയിലെ അടിസ്ഥാന സൗകര്യ മേഖലയിലെ മിക്കവാറും പ്രശ്നങ്ങളുടെ കാരണം അന്വേഷിച്ചു പോകുമ്പോൾ നാം കാണുന്നത് ആസൂത്രണത്തിലും കരാറിലും നിയന്ത്രണങ്ങളിലും രാജ്യത്തിനു സംഭവിച്ച പിഴവാണ്. ആസൂത്രണത്തിലോ കരാറിലോ നിയന്ത്രണങ്ങളിലോ അനുമാനങ്ങൾ ഉണ്ടാകുമ്പോൾ പൊതു -സ്വകാര്യ - പങ്കാളിത്ത ഇടപാടുകളുടെ ഫലം തീർച്ചയായും പൊതുമേഖല നേരിട്ടു നടപ്പാക്കുന്നതിനെക്കാൾ മോശമായിരിക്കും. മുട്ടയുടെയും മാംസത്തിന്റെയും വിതരണ ശ്രൃംഖലയിൽ ഭക്ഷ്യ വിഷബാധ ഒഴിവാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്ന കാര്യത്തിൽ ആർക്കും വിയോജിപ്പുണ്ടാവില്ല. എന്നാൽ ഒരിക്കൽ ഈ കാര്യത്തിൽ യോജിപ്പ് ഉണ്ടാവുകയും അതിനാവശ്യമായ വിഭവങ്ങൾ ലഭ്യമാക്കുകയും ചെയ്തുകഴിഞ്ഞാൽ പിന്നെ ഉയരുന്ന ചോദ്യം എങ്ങനെ ഗവൺമെന്റ് ഈ വിഭവങ്ങളെ ലക്ഷ്യ സാക്ഷാത്ക്കാരത്തിനായി ഉപയോഗിക്കും എന്നതാണ്. ഇതാണ് ഇപ്പോൾ ഇന്ത്യ നേരിടുന്ന വിഷമപ്രശ്നം. എങ്ങനെ രാജ്യത്തിന്റെ വിഭവ ശേഷി സ്വരൂപിക്കാം എന്നതിനെ കുറിച്ചാണ് ഈ ലേഖനത്തിൽ ചിന്തിക്കുന്നത്.

**തെരഞ്ഞടുപ്പ്, നിയമനിർമ്മാണം, നീതിന്യായ നിർവ്വഹണം എന്നിവയിലൂടെ ഉത്തരവാദിത്വം**

ഏതു ജനാധിപത്യ വ്യവസ്ഥയിലും തെരഞ്ഞെടുപ്പ്, നിയമനിർമാണം, നീതിന്യായ നിർവഹണം എന്നിവയിലൂടെ കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഉത്തരവാദിത്വത്തിന്റെ നീണ്ട വഴിയുണ്ട്. ഭരണസംവിധാനത്തിന് പൊതു തെരഞ്ഞെടുപ്പിനോടാണ് ഉത്തരവാദിത്വം. നിയമനിർമാണ സഭയാണ് ഭരണനിർവഹണത്തിന്റെ സന്തുലിതാവസ്ഥ പരിശോധിക്കുകയും ഉറപ്പു വരുത്തുകയും ചെയ്യുന്നത്. കോടതികളും നീതിന്യായവ്യവസ്ഥയും കൃത്യമായി ക്രോഡീകരിക്കപ്പെട്ട നിയമങ്ങളിലൂടെ രാജ്യത്ത് നിയമ വാഴ്ച്ച ഉറപ്പു വരുത്തുന്നു. നിയമനിർമ്മാണ സഭയുടെയും നീതിന്യായ കോടതികളുടെയും പ്രവർത്തനത്തിലെ മികവ് അവയുടെ ഉത്തരവാദിത്വവും അതുവഴി രാഷ്ട്രത്തിന്റെ വിഭവശേഷിയും വർധിപ്പിക്കുമെന്നതിൽ തർക്കമില്ല. ഇവിടെ ഊന്നൽ നല്കി പരാമർശിക്കുന്നത് നിയമനിർമാണ സഭയുടെയും നീതിന്യായ കോടതികളുടെയും പ്രവർത്തനങ്ങൾ, പൊതുഭരണ നയങ്ങൾ എന്നിവയ്ക്കാണെങ്കിലും ഈ ആശയങ്ങൾ നിയമനിർമ്മാണം, നിർവഹണം, നീതിന്യായ കോടതികൾ എന്നിവയ്ക്കെല്ലാം ഒരുപോലെ ഉപകാരപ്രദമായിരിക്കും.

**കടമകളും ഉത്തരവാദിത്വങ്ങളും സംബന്ധിച്ച തത്വങ്ങൾ**

ഗവൺമെന്റ് വകുപ്പുകൾക്കപ്പുറത്തുള്ള വിഷമംപിടിച്ച പ്രസ്താവനകൾ പരമാവധി വിശദീകരിക്കുക. ഉത്തരവാദിത്വങ്ങൾ മെച്ചപ്പെടുത്തുന്നതിന്, വിഷമം പിടിച്ച പ്രസ്താവനകളുടെ മൂർച്ച കൂട്ടുക. ഉദാഹരണത്തിന്, നിയമത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം ശുദ്ധിയിലും മർദ്ദത്തിലും 24 മണിക്കൂറും ജലവിതരണം നടത്തുക എന്ന ഒരു പ്രസ്താവന ജലം ഉപയോഗിക്കുന്ന പൗരനും ജലവിതരണം നടത്തുന്ന ഭരണകൂടവും തമ്മിലുള്ള ബന്ധമാണ് സൃഷ്ടിക്കുന്നത്. പൗരന് അടുത്ത തെരഞ്ഞെടുപ്പിൽ ജയിക്കേണ്ട ആവശ്യമൊന്നും ഇല്ല. ഇവിടെ ഒരു വിഷയമേ ഉള്ളു. ആ പ്രശ്നം പരിഹരിക്കുക എന്ന ഉത്തരവാദിത്വം മാത്രം. ഇത്തരത്തിലുള്ള ശക്തമായ പ്രസ്താവനകളോട് പൊതു സ്ഥാപനങ്ങൾ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ പ്രതി

കരിക്കും. ഉദാഹരണത്തിന് നാലു ശതമാനം പണപ്പെരുപ്പം നിയന്ത്രിക്കാൻ സെൻട്രൽ ബാങ്ക് ലക്ഷ്യമിടുന്നു എന്നു കരുതുക. ഇവിടെ സൃഷ്ടിക്കപ്പെടുന്നത് ഉത്തരവാദിത്വമാണ്. മറിച്ച് സെൻട്രൽ ബാങ്കിന്റെ ഈ ലക്ഷ്യം പ്രാധാന്യമൊന്നും ഇല്ലാതെ നിർദ്ദേശിക്കപ്പെട്ടാൽ അത് പരാജയത്തിന്റെ സാഹചര്യങ്ങളായിരിക്കും സൃഷ്ടിക്കുക. മാനേജ്മെന്റിന്റെ അടിസ്ഥാനതത്വം തന്നെ ഏതു പ്രവർത്തിക്കും ഒരു ലക്ഷ്യം ഉണ്ടായിരിക്കണം, അത് വിലയിരുത്തപ്പെടണം, അപ്പോൾ വിജയത്തിനും പരാജയത്തിനും ഫലങ്ങൾ ഉണ്ടാവും എന്നതാണ്. ഇത് ഗവൺമെന്റ് ഘടനയ്ക്കുള്ളിൽ അപ്രായോഗികമായിരിക്കും. ഗവൺമെന്റിന്റെ മുഖ്യഘടനയ്ക്കുള്ളിലെ തന്ത്രം സാധ്യതയുള്ള എല്ലാ ഉപപ്രശ്നങ്ങളും കണ്ടെത്തുക എന്നതായിരിക്കണം. ഇവിടെ കരാറുകൾ സ്വകാര്യ സ്ഥാപനത്തെയോ പൊതു സ്ഥാപനത്തെയോ ഏല്പ്പിക്കാം. ഒരു പരിധി വരെയുള്ള പ്രശ്നങ്ങൾ ഇതിലൂടെ പരിഹരിക്കപ്പെട്ടേക്കും. അതു സാധ്യമല്ലാത്തപ്പോൾ പ്രശ്നങ്ങൾ ഗവൺമെന്റു തന്നെ കൈകാര്യം ചെയ്യുക, ദീർഘമായ നമ്മുടെ ഉത്തരവാദിത്വത്തിന്റെ പാതയിൽതന്നെ.

### ഉടമ്പടികൾക്കു മുമ്പായി രാഷ്ട്രീയ തീരുമാനങ്ങൾ ഉണ്ടാവണം

രാഷ്ട്രീയ ലക്ഷ്യങ്ങൾക്ക് തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ തീരുമാനങ്ങൾ ആവശ്യമാണ്. തെരഞ്ഞെടുപ്പുകളോട് ഉത്തരവാദിത്വമുള്ളവരെന്ന നിലയിൽ രാഷ്ട്രിയ തീരുമാനങ്ങളെടുക്കുന്നതിനും വിവിധ താല്പര്യക്കാരുടെ പരാതികൾ ശ്രവിക്കുന്നതിനും യോജിച്ചവർ രാഷ്ട്രിയക്കാർ തന്നെ. ഈ തീരുമാനങ്ങൾ ഒഴിഞ്ഞുമാറാൻ പാടില്ലാത്തവിധം മന്ത്രിസഭയോട് വളരെ ചേർന്നു നിന്നാണ് ഉണ്ടാവേണ്ടത്. സൂക്ഷ്മമായി നിർദ്ദേശിക്കപ്പെടുകയും നിർദ്ദേശിക്കപ്പെടുന്ന ലക്ഷ്യങ്ങൾ നടപ്പിലാക്കാൻ സാങ്കേതിക ഘടകങ്ങൾ മാത്രം ആവശ്യമുള്ളവയുമാകുന്നു, സർക്കാർ ഉദ്യോഗസ്ഥരും സാങ്കേതിക വിദഗ്ധരും രാഷ്ട്രിയക്കാരുടെ ജോലിയോ, രാഷ്ട്രിയക്കാർ സർക്കാർ ഉദ്യോഗസ്ഥരുടെയോ സാങ്കേതിക വിദഗ്ധരുടെയോ ജോലികളോ ഏറ്റെടുത്ത് ചെയ്യാൻ തുനിയരുത്.

പഞ്ചായത്തിൽപോലും നിയമ വാഴ്ച്ചയ്ക്ക് വേണ്ടത് കൃത്യമായ ലക്ഷ്യങ്ങളും ലഘുവായ അധികാരങ്ങളുമാണ്.

ഫ്യൂഡൽ ചുറ്റുപാടുകളിൽ വിവിധ താല്പര്യക്കാർ സഹായം ലഭിക്കുന്നതിനായി രാഷ്ട്രവുമായി ഉപശാലാ കൂടിയാലോചനകൾ നടത്തും. രാഷ്ട്രത്തിന്റെ അധികാരങ്ങൾക്ക് പരിധിയില്ലല്ലോ. രാഷ്ട്ര ഘടനക്ക് പ്രത്യേക അധികാരവുമുണ്ട്. ഒരു വ്യക്തി പഞ്ചായത്ത് യോഗത്തിലെത്തി ഗ്രാമമൂപ്പന്മാരുടെ മുമ്പിൽ ഒരു പരാതി നല്കിയാൽ പഞ്ചായത്ത് അയാളെ സഹായിക്കുന്നതിനായി അതിന്റെ അധികാരങ്ങൾ ഉപയോഗിക്കണമോ എന്ന് ആദ്യം തീരുമാനിക്കും.

പൊതു താല്പര്യ വീക്ഷണത്തിൽ നോക്കുമ്പോൾ ഉദ്യോഗസ്ഥരും രാഷ്ട്രീയക്കാരും സ്വാർത്ഥമതികളാണെന്ന് നമുക്കു കാണാൻ സാധിക്കും. ലക്ഷ്യവും അധികാരവും അവ്യക്തമാകുമ്പോൾ, പ്രവർത്തിക്കാതിരിക്കാനുള്ള വേദി ഒരുങ്ങുന്നു. അവിടെ സന്ദിഗ്ധത വ്യക്തി താല്പര്യങ്ങൾ അവലംബിക്കാൻ ഉപയോഗിക്കപ്പെടുന്നു. ഒരു ഫ്യൂഡൽ മുതലാളിക്ക് മറ്റ് ആരുടെ താല്പര്യത്തേക്കാളും ഉപരി തന്റെ ഇഷ്ടങ്ങളായിരിക്കും മുന്നിൽ. ഉദാഹരണത്തിന് ഒരു സ്ഥാപനം അല്ലെങ്കിൽ ഒരു കമ്പനി മത്സരസമ്മർദ്ദം നേരിടുന്നു എന്നു വിചാരിക്കുക. ഇന്ത്യയിൽ ആരായാലും, ഈ സന്ദർഭത്തിൽ സഹായത്തിനായി ഗവൺമെന്റിനെയാണ് സമീപിക്കുക. സുഹൃത്തുക്കളുടെയും മറ്റ് അഭ്യുദയ കാംക്ഷികളുടെയും സഹായം ലഭിക്കാൻ എല്ലാവരും ആഗ്രഹിക്കുക സ്വാഭാവികമാണല്ലോ. പുതിയ സാങ്കേതികവിദ്യമൂലം ഉണ്ടാകുന്ന മത്സരങ്ങളിൽ പിടിച്ചു നില്ക്കാൻ ക്ലേശിക്കുന്ന വ്യവസായങ്ങൾക്ക് ഗവൺമെന്റുകൾ നിയമത്തിൽ ചില ഇളവുകൾ നല്കുക സാധാരണമാണ്. ഇതൊക്കെയാണ് ഫ്യൂഡൽ രീതികൾ. ഇതാണ് പഞ്ചായത്ത് സംവിധാനങ്ങളും. ഇവ മത്സരാധിഷ്ഠിത വിപണണിയുടെ പ്രവർത്തനത്തിൽ ഇടപെടും. പക്ഷെ, അവയ്ക്ക് ആധുനിക ഇന്ത്യയിൽ സ്ഥാനമില്ല. പൊതു ഭരണ സംവിധാനം നടപ്പിലാക്കിയതിലൂടെ, സഹായാഭ്യർത്ഥനയുമായി വരുന്നവരെ നേരിട്ടു സഹായിക്കുന്ന രീതി അതിന്റെ അധികാരം ഉപയോഗിച്ച് എടുത്തുകളഞ്ഞു എന്നതാണ് നിയമവാഴ്ച്ചയുടെ സവിശേഷത. ഇതിന് കൃത്യമായ ലക്ഷ്യങ്ങളോടെ, ഉചിതമായ രീതിയിൽ ക്രോഡീ

കരിക്കപ്പെട്ട നിയമങ്ങൾ ആവശ്യമാണ്. ഈ ലക്ഷ്യ ങ്ങൾ നേടുന്നതിന് ഒരു പരിധിവരെ ഭീഷണിയുടെ ശൈലിയിലുള്ള അധികാരവും ആവശ്യമാണ്.

കുറ്റമറ്റ രീതിയിൽ ക്രോഡീകരിക്കപ്പെട്ട പുതിയ നിയങ്ങൾക്കൊപ്പം ഉദ്യോഗസ്ഥർക്ക് പര മാവധി കുറഞ്ഞ അധികാരങ്ങളും കൂടി നല്കിയാൽ മാത്രമെ കൃത്യമായ ലക്ഷ്യങ്ങൾ നേടാൻ സാധിക്കുകയുള്ളു. അപ്പോൾ ഉദ്യോഗസ്ഥ രുടെ പ്രവൃത്തികൾക്ക് അവർ തന്നെ ഉത്തരവാദി കളുമായിരിക്കും. വലിയ അധികാരങ്ങളുള്ള ആളാണ് ഉദ്യോഗസ്ഥൻ എന്ന കാഴ്ച്ചപ്പാടു തന്നെ മാറേണ്ടതുണ്ട്. അതായത് നിയമവാഴ്ച്ചയ്ക്കു വിധേയമായി നിർദ്ദിഷ്ട ലക്ഷ്യങ്ങളെ ഫലസിദ്ധി യിലെത്തിക്കുക എന്ന ഉത്തരവാദിത്വമാണ് അയാൾക്കുള്ളത് എന്ന് മനസിലാക്കണം.

**പൊതു സ്ഥാപനങ്ങളെ സംബന്ധിക്കുന്ന തത്വങ്ങൾ**

എല്ലാ പൊതു സ്ഥാപനങ്ങൾക്കും ലക്ഷ്യ ങ്ങൾ വേണം. അതു സംബന്ധിച്ച് വ്യക്തതയും വേണം. ഒരേ സ്ഥാപനത്തിൽ തന്നെ ഒരേ പ്രശ്ന ത്തിന്റെ ഉപ പ്രശ്നങ്ങൾ ഉചിതമായ രീതിയിൽ അവതരിപ്പിക്കപ്പെട്ടാൽ, ഒരു ലക്ഷ്യം അടുത്തലക്ഷ്യ ത്തിനു മേൽ ആധിപത്യം പുലർത്തുന്നതായാൽ അവിടെ ഉത്തരവാദിത്വം ഇല്ലാതാകാൻ സാധ്യത യുണ്ട്. ഒരു ലക്ഷ്യം നേടാനുള്ള ശ്രമത്തിനിടയിൽ രണ്ടാമത്തെ ലക്ഷ്യം നേടുന്നതിൽ പരാജയപ്പെട്ടു എന്ന് അവകാശപ്പെടാനും സാധിക്കും. ഉദാഹരണ ത്തിന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് ധനകാര്യ നയം, ഗവൺമെന്റിനുവേണ്ടി നിക്ഷേപ സ്വീകര ണം, ബാങ്കിംങ്ങിൽ നിയന്ത്രണങ്ങൾ തുടങ്ങിയ ലക്ഷ്യങ്ങൾ നല്കിയെന്നു കരുതുക. ഈ നടപടി മൂലം താല്പര്യങ്ങളുടെ സംഘർഷം ഉണ്ടാവാം. നിക്ഷേപ സമാഹരണം നന്നായി നടന്നു എന്നു കരുതുക. പക്ഷെ അപ്പോൾ ബാങ്കിംങ് നിയന്ത്രണ ങ്ങളും ധനകാര്യ നയവും സംബന്ധിച്ച ലക്ഷ്യ ങ്ങൾ നേടാൻ സാധിച്ചു എന്നു വരില്ല. ധനകാര്യ നയം എന്ന ലക്ഷ്യത്തിൽ വിജയിക്കുമ്പോൾ മറ്റു രണ്ടു തലങ്ങളിലും പരാജയം സംഭവിക്കാം. ഇവി ടെയാണ്, ഉത്തരവാദിത്വം നഷ്ടപ്പെടുന്നത്. പണ പ്പെരുപ്പം തടയാൻ സാധിക്കാത്തിന്റെ കാരണങ്ങൾ വിശദീകരിക്കാൻ സാധിച്ചേക്കാം. അപ്പോഴും മറ്റു ലക്ഷ്യങ്ങൾക്കായി ശ്രമം തുടരുകയായിരിക്കും. ഒരേ പ്രശ്നംതന്നെ വിവിധ ഗവൺമെന്റ് സംവി ധാനങ്ങൾ ഒന്നിച്ച് ഉന്നയിക്കുമ്പോൾ പ്രശ്നങ്ങൾ വീണ്ടും വിപരീതമായി വരും. ചട്ടങ്ങളും നിയമ ങ്ങളും ക്രമരഹിതമാകും. സ്വകാര്യമേഖലയ്ക്ക് നിയമപരമായ ഭീഷണി ഉണ്ടാകും. ഗവൺമെന്റ് സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് ഇത്തരം പ്രശ്നങ്ങൾ ഒഴിവാക്കുന്നതാണ് ബുദ്ധി.

അതിനാൽ രണ്ടു വ്യത്യസ്ഥമായ കാഴ്ച്ചപ്പാ ടുകൾ ആവശ്യമാണ്. ഗവൺമെന്റ് തലത്തിൽ സമ്പത്തിന്റെയും കമ്പോള പരാജയങ്ങളുടെയും മൊത്തം ലക്ഷ്യം സൂക്ഷ്മമായ ഉത്തരവാദിത്വ ത്തോടെ ഉടമ്പടിവയ്ക്കാവുന്ന വ്യക്തമായ പ്രശ്ന ങ്ങളാക്കി പരാവർത്തനം ചെയ്യുക. നടപ്പാക്കുന്ന ഏജൻസിയുടെ തലത്തിൽ ഒന്നിൽ കൂടുതൽ ലക്ഷ്യങ്ങൾ മുന്നോട്ടു വയ്ക്കപ്പെടുമ്പോൾ സ്ഥാപ നത്തിന്റെ ലക്ഷ്യങ്ങളും ഉത്തരവാദിത്വങ്ങളും വ്യക്തമായി പ്രഖ്യാപിക്കപ്പെടുന്നു എന്ന് ഉറപ്പു വരു ത്തേണ്ടിയിരിക്കുന്നു.

**പൊതുസ്ഥാപനങ്ങളുടെ പ്രവർത്തനത്തിന് സൽഭരണ തത്വങ്ങൾ പ്രയോഗിക്കുക**

സ്വകാര്യമേഖലയിൽ നല്ല ഭരണത്തിന് മൂന്ന് അടിസ്ഥാന തത്വങ്ങളാണ് ഉള്ളത്. ഒന്ന് – അധി കാരം ബോർഡിനാണ്. ബോർഡ് ഒരിക്കലും കാഴ്ച്ച വസ്തുവല്ല. പ്രധാനപ്പെട്ട എല്ലാ തീരുമാനങ്ങളും ബോർഡിന്റേതായിരിക്കണം. ഓഹരിഉടമകളെ സ്ഥാപനത്തിന്റെ പ്രവർത്തനത്തിൽ അനാവശ്യ മായി ഇടപെടാൻ അനുവദിക്കരുത്. പക്ഷെ ബോർഡ് അംഗങ്ങളുടെ നിയമനം, ബോർഡിന്റെ പ്രവർത്തനം തുടങ്ങിയ വിഷയങ്ങളിൽ ഇടപെടാൻ അവർക്ക് അധികാരമുണ്ട്. രണ്ട് – അകത്തുള്ളവ രുടെ പരിധിവിട്ട സ്വാധീനത്തെ തടയാൻ ശക്തി യുള്ള സ്വതന്ത്രരായ ഡറക്ടർമാർ വേണം ബോർഡിൽ ഉണ്ടായിരിക്കാൻ. മൂന്ന് – ഔപചാരി കമായി വോട്ടിനിട്ട് വേണം എല്ലാ തീരുമാനങ്ങളും ബോർഡ് സ്വീകരിക്കാൻ. നാല് – ബോർഡിന്റെ എല്ലാ നടപടിക്രമങ്ങളും സുതാര്യമായിരിക്കണം. ഈ നാലു നിയമങ്ങളും പ്രയോഗത്തിൽ വരുത്തു മ്പോൾ പൊതു സ്ഥാപനങ്ങൾക്കും ഉയർന്ന തലത്തിൽ ചിന്തിക്കാനും പ്രവർത്തിക്കാനും സാധി ക്കും.

**പൊതു സ്ഥാപനങ്ങളുടെ പ്രവർത്തന സ്വാതന്ത്ര്യം**

ഇന്ത്യയിൽ എല്ലാ പൊതു സ്ഥാപന

ങ്ങൾക്കും പ്രവർത്തന സ്വാതന്ത്ര്യം വളരെ കുറവാണ്. എല്ലാ സ്ഥാപനങ്ങളിലും മനുഷ്യവിഭവശേഷിയുടെ മേൽ നിയന്ത്രണങ്ങളാണ്. എല്ലായിടത്തും മന്ത്രാലയങ്ങളുടെ വക പിൻസീറ്റ് ഡ്രൈവിങ്ങാണ് നടക്കുന്നത്. വർത്തമാനകാല സാഹചര്യത്തിൽ പൊതു സ്ഥാപനങ്ങളുടെ പ്രവർത്തനത്തിലുള്ള കാർക്കശ്യമില്ലായ്മ വലിയ തർക്ക വിഷയങ്ങളാണ്. ഒരു വശത്ത് പൊതു സ്ഥാപനങ്ങളുടെ നേതൃത്വം പ്രവർത്തനത്തിനുള്ള സ്വാതന്ത്ര്യം ഇല്ല എന്നും തന്മൂലം അവരുടെ മികവും കഴിവും നശിക്കുന്നു എന്നും വാദിക്കുന്നു. മറുവശത്ത് ലക്ഷ്യങ്ങളും ഉത്തരവാദിത്വവും കൃത്യമായി നിർവചിക്കാത്തതിനാൽ തെരഞ്ഞെടുക്കപ്പെടാത്ത ഉദ്യോഗസ്ഥരുടെ കൈകളിലുള്ള സ്വതന്ത്ര്യം വലിയ ഭീഷണിയായി നിലനില്ക്കുന്നു. ഒരു തൊഴിൽ സുരക്ഷയുമില്ലാത്ത ഒരാൾ നേതൃത്വം നല്കുന്ന മന്ത്രാലയവും, ജോലിയെക്കുറിച്ച് യാതൊരു ആശങ്കയുമില്ലാതെ ഇരിക്കുന്ന തെരഞ്ഞെടുക്കപ്പെടാത്ത ഒരു ഉദ്യോഗസ്ഥൻ ഭരിക്കുന്ന പൊതു സ്ഥാപനവും തമ്മിൽ പ്രവർത്തനത്തിൽ വലിയ അന്തരമുണ്ട്. ചിലർ വാദിക്കുന്നത് രാഷ്ട്രീയക്കാരെ കർശനമായി നിയന്ത്രിക്കണം എന്നാണ്. അതെ സമയം ഈ അധികാരങ്ങൾ ദുർവിനിയോഗം ചെയ്യാനുള്ള എല്ലാ അപകട സാധ്യതയും നിലനില്ക്കുന്നത് ഉത്തരവാദിത്വമില്ലായ്മ മൂലവുമാണ്. ലക്ഷ്യങ്ങൾ വ്യക്തമാണെങ്കിൽ അധികാരങ്ങൾ നിയന്ത്രിതമാണെങ്കിൽ, ഉത്തരവാദിത്വം വേണ്ടത്രയുണ്ടെങ്കിൽ പിന്നെ പ്രവർത്തനത്തിന് പരിമിതികൾ ആവശ്യമില്ല.

പരിഹരിക്കാൻ സാധിക്കുന്നവയും സാധിക്കാത്തവയുമായ എല്ലാ ഉപ പ്രശ്നങ്ങളും മന്ത്രാലയങ്ങൾ വ്യവഛേദിക്കണം. മന്ത്രാലയം വ്യാപകമായ ഉത്തരവാദിത്വങ്ങളുടെ മേഖലയാകുന്നു. ഗവൺമെന്റ് വകുപ്പുകളുടെ പ്രവർത്തനത്തിന് നിയമനങ്ങൾ, നഷ്ടപരിഹാരം, കരാറിനുള്ള അധികാരം, സംഭരണ നടപടികൾ തുടങ്ങിയ കാര്യങ്ങളിൽ വിശാലമായ നിയമങ്ങൾ ആവശ്യമാണ്. മെച്ചപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾ വ്യക്തമായ ലക്ഷ്യമുള്ളവയായിരിക്കും. അവയ്ക്ക് അധികാരങ്ങൾ പരിമിതമായിരിക്കും. പക്ഷെ ഉത്തരവാദിത്വങ്ങൾ കൂടുതലായിരിക്കും, പ്രവർത്തന സ്വാതന്ത്ര്യവും കൂടുതലായിരിക്കും.

### ചില പ്രശ്നങ്ങളിൽ പൊതു സ്ഥാപനത്തിന് മാത്രമെ ഏജന്റാവാൻ സാധിക്കൂ

ചില സാഹചര്യങ്ങളിൽ പ്രത്യേകിച്ച് സാമ്പത്തിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ടി വരുന്ന സന്ദർഭങ്ങളിൽ സ്വകാര്യ സ്ഥാപനങ്ങളെ ആ ഉത്തരവാദിത്വം ഏല്പ്പിക്കുക പ്രയാസമാണ്. അങ്ങനെ ചെയ്യുമ്പോൾ അതിന്റെ മേൽനോട്ടത്തിനും മറ്റുമായി വേറെ ഏർപ്പാടുകൾ വേണ്ടിവരും.

ഒരു ഉദാഹരണം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ പ്രവർത്തനമാണ്. ഇവർ ചെയ്യുന്ന ജോലി സ്വകാര്യ സ്ഥാപനത്തെ ഏല്പ്പിക്കാനാവില്ല. ഫലം പരിശോധിച്ച് മികവ് രേഖപ്പെടുത്താൻ സാധിക്കുന്ന മറ്റു ചില പ്രവർത്തനങ്ങളിൽ ( ഉദാഹരണത്തിന് റോഡുകളുടെ നിർമ്മാണം, വൈദ്യുതി വിതരണം, ക്ലാസ്മുറികളിലെ അധ്യാപനം) സ്വകാര്യ ഏജൻസിക്ക് ആ ഉത്തരവാദിത്വം നല്കാം.

### ഉപസംഹാരം

ഇന്ത്യയുടെ ഏറ്റവും വലിയ പ്രശ്നം രാജ്യത്തിന്റെ വിഭവശേഷി നിർമാണമാണ്. ഇന്ത്യയുടെ ഇപ്പോഴത്തെ ഘടന ഒരു കോളനിവാഴ്ച്ചയുടെ പശ്ചാത്തലമാണ്. ഒപ്പം കമ്പോള സമ്പദ്‌വ്യവസ്ഥയിൽ പങ്കാളിത്ത ജനാധിപത്യത്തിന്റെ സമ്മർദ്ദവും, കുറെ സാമൂഹ്യ ലക്ഷ്യങ്ങളുടെ അമിത ഭാരവും.

സ്വകാര്യ സ്ഥാപനങ്ങൾക്കോ പൊതു സ്ഥാപനങ്ങൾക്കോ പരിഹരിക്കാൻ സാധിക്കുന്ന ഉപ വിഷയങ്ങൾ വകുപ്പുകൾ, തന്നെ കണ്ടെത്തണം. ഊന്നൽ നിയമ ഉപകരണങ്ങളുടെ ക്രോഡീകരണത്തിലായിരിക്കണം എന്നു മാത്രം. അവ ഉത്തരവുകളാകാം, നിയമങ്ങളാകാം, ഉടമ്പടികളാകാം എന്നാൽ ഒരിക്കൽ ഈ ഉടമ്പടികൾ പ്രാബല്യത്തിലായാൽ അത് ഏറ്റെടുക്കുന്ന സ്ഥാപനം കൃത്യമായ സാങ്കേതിക ലക്ഷ്യങ്ങളോടെ ഉത്തരവാദിത്വത്തോടെ അതിന്റെ ഫലത്തിനായി പ്രവർത്തിക്കണം എന്നു മാത്രം.

**ഡൽഹിയിലെ മാക്രോ ഫിനാൻസ് ഗ്രൂപ്പിൽ സാമ്പത്തിക വിദഗ്ദ്ധനാണ് ലേഖകൻ**

## പ്രത്യേക ലേഖനം

# ബലാത്സംഗവും അതിനുള്ള ശിക്ഷയും

പ്രതീക്ഷാ ബക്ഷി

**ലൈംഗിക കുറ്റകൃത്യം എന്ന നിലയിൽ ബലാത്സംഗത്തിനും സമാന അക്രമണങ്ങൾക്കുമെതിരെ സമൂഹം രൂക്ഷമായ വിമർശനമാണ് ഉയർത്തിയത്. ബലാത്സംഗ സംസ്കാരത്തിന്റെ സാമാന്യവത്ക്കരണത്തെതന്നെ പ്രതിഷേധക്കാർ അപലപിച്ചു. സമൂഹം പലപ്പോഴും ബലാത്സംഗത്തെ ആഘോഷിക്കുകയാണെന്നു വിമർശകർ ചൂണ്ടിക്കാട്ടി. ഇവിടെ വിസ്മരിക്കപ്പെടുന്നത് പീഡിതരുടെ നിലവിളികളാണ്.**

2013 ഡിസംബർ മാസത്തിലെ ഒരു രാത്രി, ഡൽഹി നഗരത്തിൽ ഓടിക്കൊണ്ടിരുന്ന ബസിൽ കൂട്ട ബലാത്സംഗത്തിനിരയായ 23 കാരി ഫിസിയോതെറാപ്പിസ്റ്റ്. നമുക്ക് അവളെ നിർഭയ എന്നോ, ധീരഹൃദയ എന്നോ, ധാമനി എന്നോ വിളിക്കാം. ഗുരുതരമായ മുറിവുകളുമായി രണ്ട് ആഴ്യോളം അബോധാവസ്ഥയിൽ കിടന്ന ശേഷം അവൾ വിധിക്കു കീഴടങ്ങി. ലൈംഗീക കുറ്റകൃത്യങ്ങൾക്കെതിരെ സമൂഹത്തിന്റെ വൻ മുന്നേറ്റമുണ്ടായ സംഭവമായിരുന്നു ഈ പെൺകുട്ടിക്കെതിരെ നടന്ന ലൈംഗീകാക്രമണം. ബലാത്സംഗം എന്ന നീചമായ കുറ്റകൃത്യത്തിനെതിരെ രാഷ്ട്രിയ തലത്തിലുണ്ടായിട്ടുള്ള നടപടികളുടെ ചരിത്രത്തിലെ ഏറ്റവും ബൃഹത്തായ അധ്യായമാണ് ഈ അപ്രതീക്ഷിത ജന മുന്നേറ്റം. അത് സ്ത്രീകൾ തമ്മിലുള്ള സംഭാഷണമോ, നിയമവിദഗ്ധർ തമ്മിലുള്ള ചർച്ചയോ മാത്രമായി ഒതുങ്ങിയില്ല, മറിച്ച് പൊതു സമൂഹത്തിൽ നിർണായകമായ ചർച്ചാവിഷയമായി. ബലാത്സംഗം അധികാരത്തിന്റെ കടന്നാക്രമണമാണ്, അല്ലാതെ വെറും ലൈംഗിക കുറ്റകൃത്യം മാത്രമല്ല എന്ന് പ്രതിഷേധിച്ചവർ വൻശബ്ദത്തിൽ കലഹമുണ്ടാക്കി. ലൈംഗിക കുറ്റകൃത്യം എന്ന നിലയിൽ ബലാത്സംഗത്തിനും സമാന അക്രമണങ്ങൾക്കുമെതിരെ സമൂഹം രൂക്ഷമായ വിമർശനമാണ് ഉയർത്തിയത്. ഈ എതിർപ്പിനെ തുടർന്നാണ് നിത്യവും രാജ്യമെമ്പാടും നടക്കുന്ന ലൈംഗീക പീഡനങ്ങളിലേയ്ക്കും, സ്ത്രീകൾക്കെതിരെ നടക്കുന്ന ലിംഗപരമായ അക്രമണങ്ങളിലേയ്ക്കും പൊതു സമൂഹത്തിന്റെ ശ്രദ്ധ തിരിഞ്ഞത്. ഈ എതിർപ്പ് ഒറ്റപ്പെട്ട സംഭവമായിരുന്നില്ല. ബലാത്സംഗത്തിനു നല്കുന്ന ശിക്ഷ കൂടുതൽ കർക്കശമാക്കുന്നതിന് നിയമത്തിൽ തന്നെ മാറ്റം ഉണ്ടാവണമെന്ന് വിവിധ കോണുകളിൽ നിന്ന് ആവശ്യം ഉയർന്നു. ലോകത്തിന്റെ പലഭാഗങ്ങളിലും നിന്ന് ഇത്തരമൊരു മാറ്റത്തിനു മുറവിളി ഉണ്ടായി. ബലാത്സംഗ സംസ്കാരത്തിന്റെ സാമാന്യവത്ക്കരണത്തെ തന്നെ പ്രതിഷേധക്കാർ അപലപിച്ചു. സമൂഹം പലപ്പോഴും ബലാത്സംഗത്തെ ആഘോഷിക്കുകയാണെന്നു വിമർശകർ ചൂണ്ടിക്കാട്ടി. ഇവിടെ വിസ്മരിക്കപ്പെടുന്നത് പീഡിതരുടെ നിലവിളികളാണ്.

### വധശിക്ഷ

ഡൽഹിയിൽ നടന്ന ബഹുജന പ്രതിഷേധങ്ങൾക്കിടയിൽ വിവിധ തരത്തിലുള്ള പൊതു പ്രവർത്തകരുടെ അവതാരങ്ങൾ നാം കണ്ടു. ബലാത്സംഗ കേസിലെ പ്രതികൾക്ക് വധശിക്ഷ നല്കണമെന്നും അവരെ ഷണ്ഡന്മാരാക്കണമെന്നും പ്രതിഷേധക്കാർ ആവശ്യപ്പെട്ടു. ന്യായവിധി നടപ്പാക്കണമെന്ന് ആവശ്യപ്പെട്ട പൊതു ജനത്തിനെ

തിരെ പലരും പ്രസംഗിക്കുകയും എഴുതുകയും ചെയ്തു. പ്രതികളെ തൂക്കിക്കൊല്ലണമെന്ന മുറവിളി ജനക്കൂട്ടത്തിന്റെ രോഷത്തിൽ നിന്ന് ഉയർന്ന വികാര പ്രകടനമായിരുന്നു. ഇത്തരത്തിലുള്ള വധശിക്ഷ ഇരകളെ ഒരു തരത്തിലും സഹായിക്കുകയില്ല. എത്രയോ ബലാത്സംഗ, കൊലപാതക കേസുകളിൽ പ്രതികൾക്ക് വധശിക്ഷ ലഭിച്ചിരിക്കുന്നു. സമൂഹത്തിൽ ഒരു മാറ്റവും ഉണ്ടായിട്ടില്ല. ശിക്ഷ ലഘൂകരിക്കാനാണ് എപ്പോഴും ന്യായാധിപന്മാർക്ക് താല്പര്യം. അതിനുമുപരി എല്ലാ ബലാത്സംഗ കേസിലും പ്രതികൾക്ക് വധശിക്ഷ തന്നെ നല്കുകയാണെങ്കിൽ ഇനിയും കൂടുതൽ സ്ത്രീകൾ ബലാത്സംഗത്തിനു ശേഷം കൊല്ലപ്പെടാം, പിച്ചിച്ചീന്തപ്പെടാം, അഗ്നിക്കിരയാക്കപ്പെടാം.

ബലാത്സംഗത്തിനു വധശിക്ഷ നല്കണമെന്ന വാദത്തിന് അടിസ്ഥാനം, ഇരയായ സ്ത്രീയുടെ പിന്നീടുള്ള നാളുകൾ മരണതുല്യമായിരിക്കും എന്നതാണ്. ഒരിക്കൽ ബലാത്സംഗത്തിന് ഇരയായ സ്ത്രീയെ സമൂഹം എന്നും അങ്ങിനെ മാത്രമെ കാണുകയുള്ളു. ബലാത്സംഗത്തിനിരയായ ശേഷം രക്ഷപ്പെട്ട സ്ത്രീക്ക് ഒരു ഭാവിയുമില്ല എന്നതാണ് സമൂഹത്തിന്റെ മനോഭാവം. ഇത്തരത്തിലുള്ള സ്ത്രീയെ വിവാഹം ചെയ്യാൻ ഒരു പുരുഷനും തയാറായി എന്നു വരില്ല. മരണശിക്ഷ നിർബന്ധമാക്കാൻ നിർദ്ദേശിക്കുന്നതിനു കാരണം പീഡനത്തിനു ശേഷം രക്ഷപ്പെടുന്ന സ്ത്രീകൾക്ക് സമൂഹം മാന്യത നല്കുന്നില്ല. അതിനാലാണ് ബലാത്സംഗത്തിന് ഏറ്റവും കുറഞ്ഞത് വധശിക്ഷയെങ്കിലും നല്കണമെന്ന് ആവശ്യപ്പെടാൻ കാരണം. വധശിക്ഷയ്ക്കു വേണ്ടി വാദിക്കുന്നതിനുപരി ഇവർക്കു ജീവിക്കാൻ സുരക്ഷിതമായ സാഹചര്യങ്ങൾ ഒരുക്കുകയാണു വേണ്ടത്.

**ഷണ്ഡീകരണം**

ലൈംഗീക കുറ്റകൃത്യങ്ങൾക്ക് എതിരെ നേരത്തെ ഉണ്ടായിട്ടുള്ള പ്രതിഷേധങ്ങളിലൊന്നും കാണാത്ത പ്രതികാര മനോഭാവത്തോടെയുള്ള പ്രചാരണമാണ് ഷണ്ഡീകരണത്തിനു വേണ്ടി ഡൽഹിയിൽ നടന്നത്. പരോളോ പിഴയോ ഇല്ലാതെയുള്ള ജീവപര്യന്ത തടവിനോ വധശിക്ഷയ്ക്കോ പകരമായി എങ്ങനെ നാം ഷണ്ഡീകരണത്തെ അന്വേഷിച്ചു കണ്ടുപിടിച്ചു. ലൈംഗിക കുറ്റകൃത്യങ്ങൾക്ക് ശിക്ഷയായി കായികമായോ രാസഔഷധ പ്രയോഗത്തിലൂടെയോ ഉള്ള നിർബന്ധിത ഷണ്ഡീകരണം ശിപാർശ ചെയ്യുക എന്നത് പല കാരണങ്ങളാലും പരിഷ്കൃത സമൂഹത്തിനു യോജിച്ചതല്ല. അന്താരാഷ്ട്ര ഭരണഘടനാ നിയമമനുസരിച്ച് ഇത് കാടത്തമാണ്, ക്രൂരമാണ്. മരുന്നുകൾ പ്രയോഗിച്ച് ഇത്തരം ശിക്ഷ നടപ്പിലാക്കിയാൽ പിന്നീട് ജീവശാസ്ത്രപരമായി പുരുഷനല്ലാതായ കുറ്റവാളി പല തരത്തിലുള്ള അക്രമസ്വഭാവം പ്രകടിപ്പിക്കാം. കാമാർത്തി പൂണ്ട ഇത്തരം പുരുഷന്മാർ വീണ്ടും ലൈംഗിക അതിക്രമങ്ങളിലൂടെ സ്ത്രീകൾക്കു നല്കുന്ന സന്ദേശം അവരെ ഒരു പാഠം പഠിപ്പിക്കും എന്നതാണ്. ലൈംഗീക അതിക്രമത്തിന് പകരം ഷണ്ഡീകരണം നടത്തുന്നതിനു പല പാരമ്പര്യങ്ങളുമുണ്ട്. ലൈംഗിക കുറ്റകൃത്യങ്ങൾ തടയാൻ എന്ന വ്യാജേന യഹൂദരെ ഇല്ലായ്മ ചെയ്യുന്നതിനായി ജർമ്മനിയിലെ കുപ്രസിദ്ധമായ നാസി തടങ്കൽ പാളയങ്ങളിൽ നിർബന്ധിത ഷണ്ഡീകരണം നടപ്പാക്കിയിരുന്നു എന്ന് ചരിത്രം.

ഇന്ത്യയിൽ അടിയന്തരാവസ്ഥക്കാലത്ത് പുരുഷന്മാരെ നിർബന്ധിത വന്ധ്യംകരണത്തിനു വിധേയരാക്കിയിരുന്നതിന്റെ ഓർമകൾ ഇപ്പോഴും ഉത്തരേന്ത്യൻ ഗ്രാമങ്ങളിൽ നിലനിൽക്കുന്നുണ്ടാവും. എമ്മാ ടാർലോയുടെ – **അൺസെറ്റിംങ് മെമ്മറീസ് നരേറ്റിവ്സ് ഓഫ് എമർജൻസി ഇൻ ഡൽഹി** എന്ന പുസ്തകത്തിൽ അടിയന്തരാവസ്ഥക്കാലത്ത് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ജനസംഖ്യ കുറയ്ക്കുന്നതിന് പുരുഷ്ന്മാരുടെ പ്രത്യുത്പാദന ശേഷി ഇല്ലാതാക്കിക്കൊണ്ട് അരങ്ങേറിയ സമാന സംഭവങ്ങൾ വിവരിക്കുന്നു. മനുഷ്യ ശരീരത്തിന്മേൽ രാഷ്ട്രം നടത്തിയ അധിനിവേശത്തിന്റെ ക്രൂര കഥകൾ. ഉന്നതകുലജാതകളായ സ്ത്രീകളുമായി ലൈംഗീക ബന്ധം പുലർത്തുകയോ, അവരെ ബലാത്സംഗം ചെയ്യുകയോ ചെയ്ത ദളിത് പുരുഷന്മാരെ സമൂഹത്തിൽ അപമാനിക്കുന്നതിനായി നല്കിയിരുന്ന ശിക്ഷയായിരുന്നു ഷണ്ഡീകരണം എന്ന് മനുസ്മൃതി പോലുള്ള പുരാതന കൃതികളിൽ പറയുന്നു. ഈ കൃതികളിലെല്ലാം ഷണ്ഡീകരണത്തിന്റെ വംശാവലിയിന്മേലുള്ള ചർച്ചകളും പരാമർശങ്ങളും തേടി പോയാൽ ലൈംഗിക കുറ്റങ്ങൾക്കുള്ള ലിംഗപരവും ജാതിപരവുമായ ശിക്ഷയായിരുന്നു ഇത് എന്നതിന് വളരെ

വ്യക്തമായ തെളിവുകൾ കാണുന്നു. ബ്രാഹ്മണരുടെ ആധിപത്യ കാലത്ത് ലൈംഗീക കേന്ദ്രീകൃതമായിരുന്നു എല്ലാം. ഉയർന്ന ജാതിക്കാർ ആധിപത്യവും ഭീഷണിയും ഉപയോഗിച്ച് താഴ്ന്ന ജാതിക്കാരായ സ്ത്രീകളുടെ മേലുള്ള ലൈംഗിക അതിക്രമങ്ങളെ സാമാന്യവത്ക്കരിക്കുകയും, അതേസമയം ഉന്നതകുലക്കാരായ സ്ത്രീകളുടെ നേർക്ക് താഴ്ന്ന ജാതിക്കാരായ പുരുഷന്മാർ ഇത്തരത്തിലുള്ള അക്രമം നടത്തിയാൽ അവർക്ക് കനത്ത ശിക്ഷ നല്കുകയും ചെയ്തിരുന്നതായി കാണാം.

### കന്യാചർമ്മ പരിശോധന നിരോധനം

2013 വരെ നിരവധി ഉപക്ഷേപങ്ങൾ പാർലമെന്റിൽ നടത്തിയിട്ടു പോലും കൊളോണിയൽ കാലഘട്ടത്തിന്റെ അവശിഷ്ടമായി നിലനിന്നിരുന്ന, ബലാത്സംഗഇരയുടെ രഹസ്യഭാഗ പരിശോധന എന്ന ക്രൂരമായ നടപടി അവസാനിപ്പിക്കാൻ ഒരു ഗവൺമെന്റും ഇതുവരെ നടപടി സ്വീകരിച്ചില്ല. ബലാത്സംഗത്തിനിരയായ സ്ത്രീയുടെ കന്യാചർമ്മ പരിശോധന എന്ന പ്രാകൃതമായ നടപടിയാണ് ഇതിൽ ഏറ്റവും ഹീനം. കന്യാചർമ്മത്തിനു സ്ഥാനഭ്രംശം സംഭവിച്ചിട്ടുണ്ടോ എന്നു പരിശോധിച്ചാണത്രെ ഇര മുമ്പും ലൈംഗിക വേഴ്ച്ചയിൽ ഏർപ്പെട്ടിട്ടുണ്ടോ എന്ന് ഡോക്ടർമാർ നിർണയിക്കുക. മുമ്പ് നടത്തിയിട്ടുള്ള ലൈംഗികവേഴ്ച്ചകളുടെ വിശദാംശങ്ങൾ ബലാത്സംഗ കേസുകളുടെ വിചാരണയിൽ 2003 മുതൽ അനുവദനീയമല്ല.

വിവിധ കോടതികളുടെ വിധിന്യായങ്ങളും മെഡിക്കൽ റിപ്പോർട്ടുകളും വിദഗ്ധരുടെ അഭിപ്രായങ്ങളും പരിശോധിച്ചശേഷം കന്യാചർമ്മ പരിശോധനാ നിയമം ചവറ്റുകുട്ടയിൽ തള്ളണമെന്ന് ഹ്യൂമൺ റൈറ്റ്സ് വാച്ചിന്റെ ഡിഗ്നിറ്റി ഓൺ ട്രയൽ എന്ന റിപ്പോർട്ട് 2010 ൽ ഗവൺമെന്റിനോട് ശിപാർശ ചെയ്തു. ഈ പരിശോധനയിൽ ഒരു ശാസ്ത്രീയതയും ഇല്ലെന്നും ഒരു സ്ത്രീ തന്റെ സ്വകാര്യ ജീവിതം വെളിപ്പെടുത്തിയാലല്ലാതെ, അവൾ മുമ്പ് ലൈംഗികവേഴ്ച്ചയിൽ ഏർപ്പെട്ടിട്ടുണ്ടോ എന്ന് ഒരു ഡോക്ടർക്കും കന്യാചർമ്മ പരിശോധനയിലൂടെ നിർണയിക്കാൻ സാധിക്കില്ല എന്നും റിപ്പോർട്ടിൽ പറയുന്നു. ഈ നിർദ്ദേശം കൂടി കണക്കിലെടുത്ത് 2013 ൽ സുപ്രിം കോടതി ഇപ്രകാരം നിരീക്ഷിച്ചു – ബലാത്സംഗ കേസുകളിലെ വൈദ്യപരിശോധനാ നടപടികൾ മനുഷ്യത്വപരമായിരിക്കണം. അത് ക്രൂരമോ, നിലവാരം കുറഞ്ഞതോ ആയിരിക്കരുത്. ഇരയുടെ ശാരീരികവും മാനസികവുമായ ആരോഗ്യസ്ഥിതി മാത്രമായിരിക്കണം വൈദ്യപരിശോധനയിൽ മുഖ്യമായി പരിഗണിക്കേണ്ടത്. ലൈംഗിക പീഡനത്തിന് ഇരയായവർക്ക് ഇത്തരം സേവനങ്ങൾ ലഭ്യമാക്കുന്നതിൽ ഗവൺമെന്റിന് ഉത്തരവാദിത്വമുണ്ട്. അവരുടെ സുരക്ഷ ഉറപ്പു വരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം, അവരുടെ സ്വകാര്യതകളിൽ ഏകപക്ഷീയമായോ നിയമവിരുദ്ധമായോ ഇടപെടാനുള്ള ഒരു അവകാശവും ഭരണകൂടത്തിന് ഇല്ല തന്നെ. പരമോന്നത കോടതിയുടെ ഈ നിരീക്ഷണത്തിന്റെ വെളിച്ചത്തിൽ കന്യാചർമ്മ പരിശോധനയും അതിന്റെ വ്യാഖ്യാനങ്ങളും ഇരയുടെ വ്യക്തിപരമായ അവകാശങ്ങളുടെ ലംഘനമാണ്. കന്യാചർമ്മ പരിശോധന ഭരണഘടനാവിരുദ്ധമാണെന്ന് ചൂണ്ടിക്കാണിച്ചെങ്കിലും 2014 മാർച്ച് വരെ ഗവൺമെന്റ് അത് നിരോധിച്ചിട്ടില്ല. കേന്ദ്ര ഗവൺമെന്റ് ദേശീയതലത്തിൽ സ്വീകരിക്കുന്ന നിലപാടു തന്നെയാണ് സംസ്ഥാന ഗവൺമെന്റുകളും സ്വീകരിക്കുക. ഇക്കാര്യത്തിലും അതിനു മാറ്റമില്ല.

### ക്രിമിനൽ ശിക്ഷാനിയമ ഭേദഗതി 2013

ഡൽഹി കൂട്ടമാനഭംഗക്കേസിന്റെ വിചാരണയുടെ പശ്ചാത്തലത്തിൽ ബലാത്സംഗത്തിന് വധശിക്ഷ തന്നെ നല്കണമെന്ന പൊതുജനങ്ങളുടെ ആവശ്യത്തെ തുടർന്ന്, ഇന്ത്യൻ ക്രിമിനൽ ശിക്ഷാനിയമ ഭേദഗതി 2013 ലൈംഗീകാക്രമണത്തെ സാധാരണ കുറ്റകൃത്യമായി നിർവചിക്കാനുള്ള ശ്രമം ഉപേക്ഷിച്ചു. കാരണം പ്രായപൂർത്തിയായ പുരുഷന്മാർക്കും ലൈംഗിക ന്യൂനപക്ഷങ്ങൾക്കും എതിരെയുള്ള ആക്രമണങ്ങളെ കുറിച്ച് നിയമത്തിൽ പരാമർശമില്ല. മാത്രവുമല്ല അനുമതി എന്ന വാക്കിനെ വിശാലമായി നിർവചിക്കുകയും ബലാത്സംഗ കേസുകളിലെ എതിർപ്പ് പ്രകടിപ്പിക്കാത്ത അവസ്ഥയെ അനുമതി എന്ന് വ്യാഖ്യാനിക്കുകയും ചെയ്തിരിക്കുന്നു. 2013 ലെ നിയമഭേദഗതിയിൽ അനുമതി എന്നാൽ ഉഭയകക്ഷി സമ്മതമാ

ണ്. അതായത് സ്ത്രീ വാക്കിലൂടെയോ ആംഗ്യത്തിലൂടെയോ, മറ്റ് ഏതെങ്കിലും തരത്തലുള്ള ആശയവിനിമയത്തിലൂടെയോ ലൈംഗികവേഴ്ച്ചയ്ക്കു നല്കുന്ന സമ്മതം. സ്ത്രീകൾ അവരുടെ പുരുഷന്മാരുടെ ലൈംഗിക സ്വത്താണ്. സ്വകാര്യ സ്വത്തിന്റെ നേർക്കുള്ള ആക്രമണം എന്നനിലയിൽ അപ്പോൾ ബലാത്സംഗം ഒരു കുറ്റകൃത്യമല്ലേ? ഒരു പരിധി വരെ, എന്നാൽ പൂർണമായി അല്ല. ദാമ്പത്യത്തിലും ബലാത്സംഗം ഉണ്ട്. അത് കുറ്റവത്ക്കരിക്കപ്പെട്ടിട്ടില്ല. അതിനാൽ 15 വയസിനു മുകളിൽ പ്രായമുള്ള ഭാര്യമാരെ ബലാത്സംഗം ചെയ്യുന്നത് കുറ്റമല്ലത്രെ! വേർപിരിഞ്ഞ ഭാര്യയുടെ നേർക്കുള്ള ബലാത്സംഗം കുറ്റകൃത്യം തന്നെ. 1993ലെ ഭേദഗതിയനുസരിച്ച് കോടതിയിലൂടെ വിവാഹമോചിതയായ ഭാര്യയാണോ എന്ന് ഒന്നും ഇതിനു പരിധി വച്ചിട്ടില്ല. അതായത് 15 വയസിനുമുകളിലുള്ള ഭാര്യമാരുടെ കാര്യത്തിൽ ബലാത്സംഗ നിയമം ബാധകമല്ല. എന്നാൽ 15 –18 പ്രായത്തിലുള്ള ഭാര്യമാരുടെ കാര്യത്തിൽ ലൈംഗികാതിക്രമ നിയമം 2012 ബാധകവുമാണ്. അതായത് സമ്മതം നല്കുന്നതിനുള്ള പ്രായപരിധി18 വയസാക്കി ഉയർത്തിയിരിക്കുന്നു. 16 –18 പ്രായപരിധിക്കുള്ളിൽ നടത്തുന്ന ലൈംഗിക വേഴ്ച്ച ഇപ്പോൾ നിയമപരമായി ബലാത്സംഗം തന്നെ.

2013 ൽ പുതിയ വിഭാഗങ്ങൾ കൂടി ബലാത്സംഗത്തിന്റെ പരിധിക്കുള്ളിൽ ചേർക്കപ്പെട്ടു ബന്ധു, രക്ഷകർത്താവ്, അധ്യാപകൻ, സംരക്ഷകന്റെ സ്ഥാനത്ത് നില്ക്കുന്ന ആൾ, അധികാരി തുടങ്ങിയവർ നടത്തുന്ന ലൈഗികാതിക്രമങ്ങളും ബലാത്സംഗത്തിന്റെ പരിധിയിലായി. 16 വയസിനു താഴെയുള്ള കുട്ടികളെ ബലാത്സംഗം ചെയ്യുന്നത് അതീവ ഗുതരുതരമായ കുറ്റകൃത്യമായി ഭേദഗതിയിൽ പറയുന്നു. ഇതിനുള്ള ശിക്ഷ കുറഞ്ഞത് പത്തുവർഷം വരെയുള്ള തടവോ ജീവപര്യന്തം തടവോ ആകാം. പുതുതായി വകുപ്പ് 376 എ ഇതിനോടു കൂട്ടിചേർക്കപ്പെട്ടു. ബലാത്സംഗത്തിനിടെ സ്ത്രീ കൊല്ലപ്പെടുകയോ, ശിഷ്ടകാലം ശാരീരികമായി തളർന്ന് ജീവച്ഛവം പോലെയാവുകയോ ചെയ്താൽ കുറ്റവാളിക്ക് തടവ് 20 വർഷം വരെയോ, ജീവപര്യന്തമോ ലഭിക്കാം. വേണമെങ്കിൽ വധശിക്ഷയും ലഭിക്കാവുന്ന കുറ്റകൃത്യമാണിത്. വകുപ്പ് 366 ഡി കൂട്ടബലാത്സംഗത്തിന്റെ തടവ് ശിക്ഷ 20 വർഷം വരെയോ, ജീവപര്യന്തമോ ലഭിക്കാം. ഇരയുടെ ചികിത്സാ ചെലവു മുഴുൻ പ്രതികളിൽ നിന്ന് പിഴയായി നേരിട്ട് ഈടാക്കി നല്കാം. തുടർച്ചയായി ബലാത്സംഗ കേസുകളിൽ പ്രതികളാണെങ്കിൽ വധശിക്ഷയോ ജീവപര്യന്തമോ ശിക്ഷ ലഭിക്കാം.

സ്ത്രീകളെ വസ്ത്രാക്ഷേപം ചെയ്യുക, നഗ്നരാക്കി നടത്തുക തുടങ്ങിയ കുറ്റകൃത്യങ്ങൾക്ക് മതാചാരങ്ങളുടെ പേരിൽ ആയാൽ പോലും നിയമത്തിന്റെ പിടിയിൽ നിന്ന് രക്ഷയില്ല. വർമ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ ശിക്ഷാ നിയമം 354 ബി വകുപ്പു പ്രകാരം സ്ത്രീയെ നിർബന്ധിച്ച് നഗ്നയാക്കുകയോ ജനമധ്യത്തിൽ വസ്ത്രാക്ഷേപം നടത്തുകയോ ചെയ്താൽ ഏഴു വർഷം വരെ തടവ് ശിക്ഷ ലഭിക്കാം. ഇന്ത്യൻ ശിക്ഷാ നിയമം 376, 376 എ, 376 ബി, 376 സി, 376 ഡി, 376 ഇ വകുപ്പുകൾ പ്രകാരം ഇരയെ ചോദ്യം ചെയ്യുമ്പോൾ അവർ ധാർമികമായി അധ:പതിച്ച സ്ത്രീയാണെന്നോ, മുമ്പ് പല തവണ ലൈംഗിക വേഴ്ച്ച നടത്തിയിട്ടുണ്ടെന്നോ സ്ഥാപിക്കാൻ ശ്രമിക്കരുത്. ബലാത്സംഗത്തിൽ കുറ്റവാളിയായി തെളിഞ്ഞ പ്രതി മാനസിക രോഗിയോ, വികലാംഗനോ ആണെങ്കിൽ സാക്ഷിക്ക് അസൗകര്യമില്ലെങ്കിൽ അയാളുടെ തിരിച്ചറിയൽ പരേഡ് കോടതിയുടെ മേൽ നോട്ടത്തിലായിരിക്കണം നടത്തേണ്ടത്. വകുപ്പ് 154 പ്രകാരം ബലാത്സംഗത്തിനിരയായ സ്ത്രീ നല്കുന്ന മൊഴി ഒരു വനിതാ പോലീസ് ഓഫീസറായിരിക്കണം രേഖപ്പെടുത്തേണ്ടത്. ഇര മാനസികമോ ശാരീരികമോ ആയി വെല്ലുവിളി നേരിടുന്ന വ്യക്തിയാണെങ്കിൽ, പോലീസ് ഓഫീസർ അവരുടെ വസതിയിലോ, അല്ലെങ്കിൽ അവർക്കു സൗകര്യപ്രദമായ വേറെ ഏതെങ്കിലും സ്ഥലത്തോ എത്തി അവരുടെ പരിഭാഷകന്റെ സാന്നിധ്യത്തിൽ മൊഴി രേഖപ്പെടുത്തണം.

**ഉപസംഹാരം**

നിയമ ഭേദഗതികൾ, കോടതിക്കു പുറത്തുള്ള ഒത്തു തീർപ്പുകൾ എന്ന അമ്പരപ്പെടുത്തുന്ന ചോദ്യത്തിന് ഉത്തരം നല്കുന്നില്ല. പോലീസ്, സിബിഐ, പ്രോസിക്യൂട്ടർമാർ, പ്രതിഭാഗം അഭിഭാഷകർ, ഇതര

ഗവൺമെന്റ് പ്രതിനിധികൾ എല്ലാവരും ബലാത്സംഗ കേസിൽ ഇരയോട് ആവശ്യപ്പെടുന്നത് ഒരേ ഒരു കാര്യമാണ് – ഒത്തു തീർപ്പ്. ഇതാണ് ആത്മഹത്യയിലേയ്ക്കും കൊലപാതകത്തിലേയ്ക്കും കുറ്റവിമോചനത്തിലേയ്ക്കും നയിക്കുന്നത്.

ബലാത്സംഗത്തിനിരയായ ഒരു 17 കാരി പാട്യാലയിൽ ആത്മഹത്യ ചെയ്തു. ഒത്തു തീർപ്പിനായി ഉണ്ടായ നിരന്തര ഭീഷണിയെ തുടർന്നായിരുന്നു ഈ ആത്മഹത്യ. നിയമവിരുദ്ധമാണ് എന്നറിഞ്ഞിട്ടും, ബലാത്സംഗത്തിനിരയായ സ്ത്രീകളെ എന്തുകൊണ്ട് ഒത്തു തീർപ്പിനു നിർബന്ധിക്കുന്നു എന്നതിനെ കുറിച്ച് അന്വേഷണം ഉണ്ടായില്ല.

സാധാരണയായി ബലാത്സംഗ കേസുകളിലെ വിധിപ്രസ്താവനകളിലൂടെ നമുക്ക് ലഭിക്കുന്നത് കോടതിയിൽ ഇരയുടെ നേർക്ക് ഉയർന്ന മരവിച്ച ചോദ്യങ്ങളുടെ ചിത്രങ്ങൾ മാത്രമാണ്. മേൽ കോടതികളിലെ ബലാത്സംഗ കേസുകളുടെ വിചാരണകൾക്കാകട്ടെ ഒരു തരം അശ്ലീല ഘടനയാണ് ഉള്ളത്. മഥുര വിചാരണ കഴിഞ്ഞിട്ട് 27 വർഷം കഴിഞ്ഞു. ബലാത്സംഗം ചെയ്യപ്പെട്ട സ്ത്രീശരീരത്തിന്റെ ലൈംഗിക പദാർത്ഥവത്ക്കരണം ഞെട്ടിപ്പിക്കുന്ന വിശദീകരണമായി 2007 ൽ രാജസ്ഥാൻ ഹൈക്കോടതിയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടു. ജെയ്പപൂർ ജില്ലാ കോടതിയിൽ നടന്ന വിചാരണമദ്ധ്യേ ഇരയോട് എങ്ങിനെയാണ് അവർ ബലാത്സംഗം ചെയ്യപ്പെട്ടരീതി കോടതിയെ കാണിക്കാൻ ആവശ്യപ്പെട്ടു പോൽ. കോടതിക്കുള്ളിലെ ബഞ്ചിൽ കിടന്ന്, ബലാത്സംഗം ചെയ്യപ്പെട്ടതിനു ശേഷം അവൾ എങ്ങിനെയാണ് കിടന്നത് എന്നത് ആവർത്തിക്കാൻ ആവശ്യപ്പെട്ടത്രെ.

ഏതു വിധത്തിലുള്ള ലൈംഗിക അക്രമത്തോടും ഇവിടുത്തെ പൊതു സമൂഹം അസഹിഷ്ണുത ഉയർത്തുമ്പോൾ മാത്രമെ ഇന്ത്യയിലെ ബലാത്സംഗ സംസ്കാരത്തിന്റെ സ്മാരകവത്ക്കരണത്തെ ചീന്തിയെറിയാൻ ഈ രാജ്യത്തിനു സാധിക്കുകയുള്ളു. വിപ്ലവകരമായ മാറ്റം എല്ലാ മേഖലകളിലും ഉണ്ടാകുന്നതിന് ലൈംഗിക അക്രമണത്തിനെതിരെയുള്ള കൂട്ടായ പോരാട്ടത്തിൽ നവീനമായ ധാർമിക രാഷ്ടീയ അർത്ഥം നമ്മൾ അന്വേഷിക്കണം. നമ്മുടെ പ്രതിഷേധത്തിന്റെ ശബ്ദകോശത്തെ ശക്തിയുടെ ഭാഷയ്ക്കു പകരം സഹനത്തിന്റെ ഭാഷയുടെ ഉറവിടമാക്കണം.


**–ഡൽഹിയിൽ ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ അസിസ്റ്റന്റ് പ്രഫസറാണ് ലേഖിക**




അറിവാണ് ശക്തി

യോജന

വായിക്കുക...
വരിക്കാരാവുക





# അനന്തപുരിയുടെ സ്വന്തം കുരുവികൾ

സി. റഹിം

**പട്ടണങ്ങളിൽ ധാരാളമായി കണ്ടുവന്നിരുന്ന പക്ഷികളായിരുന്നു അങ്ങാടിക്കുരുവികൾ. എന്നാൽ കഴിഞ്ഞ കുറേ വർഷങ്ങളായി ഇവയുടെ എണ്ണം ഗണ്യമായി കുറഞ്ഞുവരികയാണ്. നഗര ആവാസ വ്യവസ്ഥയുടെ അഭിവാജ്യഘടകമായ അങ്ങാടിക്കുരുവികളുടെ എണ്ണം കുറഞ്ഞുവരുന്നത് പല തരത്തിലുള്ള പരിസ്ഥിതി പ്രശ്നങ്ങൾക്കിടയാക്കുന്നുണ്ട്.**

മനുഷ്യരില്ലെങ്കിലും പ്രകൃതി ഇതുപോലുണ്ടാകും. എന്നാൽ പക്ഷികളില്ലെങ്കിൽ പ്രകൃതി ഇതുപോലെയുണ്ടാവില്ലെന്ന് പറയാറുണ്ട്. മരങ്ങളുടെയും വള്ളിപ്പടർപ്പുകളുടെയും വ്യാപനത്തിലും കീടനിയന്ത്രണത്തിനും പക്ഷികൾ ചെയ്യുന്ന മഹത്തായ സേവനത്തിലേക്കാണിത് വിരൽചൂണ്ടുന്നത്. പരാഗവിതരണത്തിൽ പക്ഷികൾ വലിയ തോതിൽ സഹായം ചെയ്യുന്നുണ്ട്. കൃഷിയുടെ സംരക്ഷകർ കൂടിയാണ് പക്ഷികൾ. കണ്ടങ്ങളിലും കൃഷിയിടങ്ങളിലും വിവധജാതി പക്ഷികളുടെ സാന്നിദ്ധ്യം എപ്പോഴും കാണാം. പുഞ്ചപ്പാടത്തും മറ്റും നീർപക്ഷികളെയാണ് കൂടുതലായി കാണുകയെന്നുമാത്രം. വെള്ളരിപക്ഷികളും കുളകൊക്കും നീർകാക്കകളും നീലക്കോഴികളും നെല്ലിക്കോഴികളും, താമരക്കോഴികളും കുളക്കോഴികളുമൊക്കെ ഇവയിൽ പ്രധാനപ്പെട്ടവയാണ്.

നെൽപ്പാടങ്ങളിൽ ഇരതേടിനടക്കുന്ന കുളകൊക്കും, വെള്ളരിപക്ഷികളുമൊക്കെ മണ്ണ് നീരോട്ടമുള്ളതാക്കി സൂക്ഷിക്കുന്നു. നീർപക്ഷികളുടെ കാഷ്ടം സസ്യങ്ങളുടെ പോഷണത്തിന് പറ്റിയവ ളമാണ്. ധാരാളം അമോണിയവും ഫോസ്ഫറസും കാൽസ്യവും മറ്റും ഇവയുടെ കാഷ്ടത്തിൽ അടങ്ങിയിട്ടുണ്ട്. കൃഷിയിടങ്ങളിൽ ചുറ്റിത്തിരിയുന്ന പക്ഷികൾ അവയുടെ ആഹാരം കണ്ടെത്തുന്നതോടൊപ്പം കൃഷിയുടെ അഭിവൃദ്ധിക്കായി സഹായിക്കുകയും ചെയ്യുന്നു. ഇവയുടെ കാഷ്ഠം രാസവളം പോലെ അപകടകാരിയല്ലതാനും. അതുപോലെ നെൽപ്പാടങ്ങളിലും മറ്റു വിളകളിലും കാണപ്പെടുന്ന മാരകമായ നിരവധി പ്രാണികളെയും പുഴുക്കളെയും പക്ഷികൾ ആഹരിക്കുന്നു. ഇതും കൃഷിയുടെ വളർച്ചയ്ക്ക് ഗുണകരമാകുന്നു. ഗ്രാമങ്ങളിലും പട്ടണങ്ങളിലും ഇതുപോലെ പക്ഷികൾ കാണപ്പെടുന്നുണ്ട്. പട്ടണങ്ങളിൽ ധാരാളമായി കണ്ടുവന്നിരുന്ന പക്ഷികളായിരുന്നു അങ്ങാടിക്കുരുവികൾ. എന്നാൽ കഴിഞ്ഞ കുറേ വർഷങ്ങളായി ഇവയുടെ എണ്ണം ഗണ്യമായി കുറഞ്ഞുവരികയാണ്. നഗര ആവാസ വ്യവസ്ഥയുടെ അഭിവാജ്യഘടകമായ അങ്ങാടിക്കുരുവികളുടെ എണ്ണം കുറഞ്ഞുവരുന്നത് പല തരത്തിലുള്ള പരിസ്ഥിതി പ്രശ്നങ്ങൾക്കിടയാകുന്നുണ്ട്. അങ്ങാടിക്കുരുവികളുടെ സംരക്ഷണാർത്ഥം 2010 മുതൽ മാർച്ച് 20 അങ്ങാടിക്കുരുവി ദിനമായി ആചരിക്കുന്നുണ്ട്.

### കുരുവിപ്പാർക്ക്

സംസ്ഥാനത്ത് അങ്ങാടിക്കുരുവികളുടെ സംരക്ഷണത്തിനായി കാര്യക്ഷമമായ നടപടികൾ

ആരംഭിച്ചത് റൈറ്റേഴ്സ് ആന്റ് നേച്ചർ ലവേഴ്സ് ഫോറം പ്രവർത്തകരാണ്. 2010 ൽ തിരുവനന്തപുരത്ത് പാളയം മാർക്കറ്റിൽ അങ്ങാടിക്കുരുവികൾക്കായി 20 ഓളം കൂടുകൾ സ്ഥാപിച്ചു. തടിയിൽ നിർമ്മിച്ചെടുത്ത കൂടുകളിൽ കുരുവികൾ കൂടൊരുക്കി തുടങ്ങിയതോടെ ഇത് വിജയകരമായി പരീക്ഷിക്കാവുന്നതാണെന്ന് തെളിഞ്ഞു. 2013-ൽ വനംവകുപ്പുമായി ചേർന്ന് തിരുവനന്തപുരം പട്ടണത്തിന്റെ വിവിധ ഭാഗങ്ങളിൽ അങ്ങാടിക്കുരുവിക്കൂടുകൾ സ്ഥാപിച്ചു. 100ഓളം കൂടുകളാണ് ചാലക്കമ്പോളത്തിനും പാളയത്തും അട്ടക്കുളങ്ങരയിലും മറ്റും സ്ഥാപിച്ചത്. എന്നാൽ കുരുവികൾ കൂടൊരുക്കികണ്ടത് പാളയത്ത് മാത്രമാണ്. ഇവിടെ സ്ഥാപിച്ച 50 ഓളം കൂടുകളിൽ 43 എണ്ണത്തിലും പക്ഷികൾ കൂടൊരുക്കുകയുണ്ടായി. ഇതിനെത്തുടർന്ന് പാളയം മാർക്കറ്റ് അങ്ങാടിക്കുരുവികളുടെ പാർക്കായി നാമകരണം ചെയ്യാൻ റൈറ്റേഴ്സ് ആന്റ് നേച്ചർ ലവേഴ്സ് ഫോറവും വനം വകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി വിഭാഗവും ചേർന്നു തീരുമാനിച്ചു. ഏപ്രിൽ 21, 22 തീയതികളിലായി തലസ്ഥാന നഗരിയിൽ 'അങ്ങാടിക്കുരുവി സർവ്വേ' നടത്തുകയുണ്ടായി. 246 ഓളം അങ്ങാടിക്കുരുവികളെയാണ് തലസ്ഥാനനഗരിയിൽ കണ്ടെത്താനായത്. മെയ് 7ന് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ കുരുവിപാർക്ക് എന്ന് നാമകരണം നടത്തുകയും ചെയ്തു. ചടങ്ങിൽ മേയർ കെ ചന്ദ്രിക, കൗൺസിലർ പാളയം രാജൻ, പ്രിൻസിപ്പാൾ ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്റ്റി) ബി. എസ് ഖോറി, സോഷ്യൽ ഫോറസ്ട്രി അസി. കൺസർവേറ്റർ ജയകുമാർ ശർമ്മയും റൈറ്റേഴ്സ് ആന്റ് നേച്ചർ ലവേഴ്സ് ഫോറം പ്രസിഡന്റ് എന്ന നിലയിൽ ഞാനും പങ്കെടുക്കുകയുണ്ടായി. പാളയം മാർക്കറ്റ് കേന്ദ്രീകരിച്ച് കുരുവിപ്പാർക്കിന്റെ ഭാഗമായി തീറ്റപ്പുരകളും കുരുവികൾക്ക് ഇഷ്ടപ്പെട്ട പനവിഭാഗത്തിലെ മരങ്ങളും വെച്ചുപിടിപ്പിക്കാനുള്ള നടപടികളും നടപ്പാക്കണമെന്നാണ് ആഗ്രഹം. സംരക്ഷണ പ്രവർത്തനങ്ങൾക്കൊപ്പം അങ്ങാടിക്കുരുവികൾ നഗരങ്ങളിൽനിന്ന് അപ്രത്യക്ഷമാകുന്നതെന്തുകൊണ്ട് എന്ന ചോദ്യവും വളരെ പ്രസക്തമാണ്.




നമ്മുടെ ചന്തകളുടെ സ്വഭാവത്തിൽ അടുത്ത കാലത്ത് വന്ന മാറ്റങ്ങളാണ് ഒരു കാരണം. ഓടിട്ട കെട്ടിടങ്ങൾ ഏതാണ്ടില്ലാതായിക്കഴിഞ്ഞു. ധാന്യങ്ങളും മറ്റും തുറന്നുവയ്ക്കുന്ന രീതിയും മാറി. ഇപ്പോൾ എല്ലാ പായ്ക്കറ്റുകളിലാണ്. അതുപോലെ പ്രധാനപ്പെട്ടകാര്യമാണ് കൂടൊരുക്കാൻ ഇടമില്ലാതായി എന്നത്. ധാന്യങ്ങളിലും കീടനാശിനികളുടെ പ്രയോഗം കൂടിവന്നതോടെ കുരുവികളുടെ ജീവനും ഭീഷണിയായിത്തീർന്നു. മൊബൈൽ ടവറുകളിൽ നിന്നുള്ള വൈദ്യുതകാന്തിക തരംഗങ്ങൾ കുരുവികളുടെ പ്രജനനത്തെ പ്രതികൂലമായി ബാധിക്കുന്നതായും ചില പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നുണ്ട്. പകർച്ചവ്യാധികൾ പരത്തുന്ന കീടങ്ങളെയും കൊന്നൊടുക്കിയിരുന്ന അങ്ങാടിക്കുരുവികൾ പട്ടണങ്ങളിൽ നിലനിൽക്കേണ്ടത് മനുഷ്യർക്ക് ആവശ്യമുണ്ട്. ഇവ കാട്ടിലും പുൽമേട്ടിലും കാണപ്പെടാറില്ലെന്നോർക്കുക. മനുഷ്യരുടെ കൂടെ കാണപ്പെടുന്ന പക്ഷിയാണ് അങ്ങാടിക്കുരുവികൾ. House Sparrow എന്ന് ഇംഗ്ലീഷിൽ വിളിക്കുന്നു. Passer domesticus എന്നാണ് ശാസ്ത്രീയനാമം.

**എഴുത്തുകാരനും പരിസ്ഥിതി പ്രവർത്തകനുമാണ് ലേഖകൻ**

# നല്ല ശീലങ്ങൾ

## പ്രകാശം പരത്തും നിബിഡവനങ്ങൾ

ഛത്തീസ്ഗഡിലെ അച്നാകമർ കടുവാ സങ്കേതമുൾപ്പെടുന്ന 557.55 ചതുരശ്ര കി.മീ വിസ്തൃതിയുള്ള നിബിഡവനത്തിൽ വന്യമൃഗങ്ങൾക്കൊപ്പം നിരവധി മനുഷ്യരും വസിക്കുന്നു. സന്ധ്യയോടെ വന്യമൃഗങ്ങൾ ഇറങ്ങാൻ തുടങ്ങിയാൽ ഇവർ വീടുകളിൽ അഭയം പ്രാപിക്കുന്നു. അടഞ്ഞ വാതിലിനു ഇരുപുറവും പൊതുവായിട്ടുള്ളത് ഇരുട്ട് മാത്രമാണ്. ഈ കുഗ്രാമങ്ങളിൽ വൈദ്യുതി ഇനിയും എത്തിയിട്ടില്ല.

കടുവാ സങ്കേതത്തിനോടു ചേർന്ന ഗ്രാമങ്ങളിൽ ഒന്നായ ദാംഹാനി കടുത്ത അന്ധകാരത്തിന്റെ ദിനങ്ങളിൽ നിന്നും ഇപ്പോൾ ഏറെ മുന്നോട്ടു പോയിരിക്കുന്നു. അവിടെ ബൾബ് പ്രകാശിക്കുന്നു, മൊബൈൽ ഫോണുകൾ ചാർജ് ചെയ്യുന്നു, ഫ്രിഡ്ജ്, മോട്ടോർ പമ്പുകൾ എന്നിവ സർവ്വസാധാരണമായി കഴിഞ്ഞിരിക്കുന്നു. സർക്കാർ സർക്കാർ ഇതര സംരംഭങ്ങളാണ് ഈ വനമേഖലയിലെ നിശബ്ദ വിപ്ളവത്തിന് വഴിതെളിച്ചത്. ഗ്രാമവാസികൾ സ്വാഭാവിക പ്രകാശ സ്ത്രോസ്സ് ഫലപ്രദമായി ഉപയോഗിക്കുന്നു.

*'ജനസ്വസ്ത്യസഹയോഗ്'* എന്ന ഗവൺമെന്റേതര സംഘടനയാണ് കഴിഞ്ഞ മൂന്നു വർഷങ്ങളായി ഇവിടെ സോളാർ ലൈറ്റുകൾ വിതരണം ചെയ്യുന്നത്. കൂടാതെ, ഗ്രാമങ്ങളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ ഊർജ്ജം ഗവൺമെന്റിന്റെ ഊർജ്ജ മന്ത്രാലയം വഴി ലഭിക്കുന്നുണ്ട്. മിക്കവാറും എല്ലാ ഗ്രാമങ്ങളിലും തെരുവു വിളക്കുകളും ഗാർഹികാവശ്യത്തിനുള്ള വിളക്കുകളും പ്രകാശിക്കുന്നത് സൗരോർജ്ജത്തിൽ നിന്നാണ്.

'രാത്രി കാലങ്ങളിൽ കൃഷിസ്ഥലത്തേക്കുള്ള ഭക്ഷണം പാകം ചെയ്യുന്നതിനും മറ്റുമായി കുറഞ്ഞ അളവിലെങ്കിലും പ്രകാശം എപ്പോഴും ആവശ്യമായി വരുന്നു. വൈദ്യുതി ഇല്ലാത്തതും നീണ്ടു നിൽക്കുന്ന പവർകട്ടുകളും ദൈനംദിന ജീവിതത്തിൽ വെല്ലുവിളി സൃഷ്ടിക്കുന്നുണ്ട്. ആരോഗ്യസംരക്ഷണത്തെയും വൈദ്യുതിക്ഷാമം നേരിട്ട് ബാധിക്കുന്നുണ്ട്.

സർക്കാരിന്റെ വൈദ്യുത വകുപ്പിന് വില്ലേജിൽ സ്വന്തമായി സോളാർ പ്ലാന്റ് ഉണ്ടെങ്കിലും അത് പ്രവർത്തനക്ഷമമല്ല. വർഷകാലത്ത് പകൽ സമയം ദിവസങ്ങളോളം സൂര്യപ്രകാശം ലഭ്യമല്ലാത്തതിനാൽ ഇവ മിക്കപ്പോഴും സ്വിച്ച് ഓഫ് ആയിരിക്കും. എന്നാൽ ഈ സമയത്താണ് യഥാർത്ഥത്തിൽ ജനങ്ങൾക്ക് കൂടുതൽ ഊർജ്ജം ആവശ്യമായി വരുന്നത്. ആദിവാസികൾ വെറും നിലത്തു കിടന്നാണ് മിക്കവാറും ഉറങ്ങുന്നത്. അതിനാൽ തന്നെ പാമ്പ്, തേൾ എന്നിവയുടെ കടിയേൽക്കാനുള്ള സാദ്ധ്യത വളരെയേറെയാണ്. സൗരോർജ്ജ വെളിച്ചം ലഭ്യമാണെങ്കിൽ ഈ വിപത്തിൽ നിന്ന് രക്ഷനേടാനാകും.

നിബിഡ വനമുൾപ്പെടുന്ന മനോഹരമായ ചിരായ്ഗോഡ ഗ്രാമത്തിൽ മരങ്ങൾ കൊണ്ടുണ്ടാക്കിയ വീടുകളാണ് ഉള്ളത്. ഓരോ വീടും പരസ്പരം വളരെ അകലെയാണ്. ഈ ഗ്രാമം ഉറാവുൻ ആദിവാസികളുടേതാണ്. ഇവർക്ക് സോളാർ ബൾബിന്റെ പ്രകാശത്തിൽ ധാന്യവിത്തുകൾ ഉണക്കാൻ പറ്റുന്നു. പലപ്പോഴും വന്യമൃഗങ്ങളെ അകറ്റുന്നതിനായി ഇവർ സോളാർ വിളക്കുകൾ വൃക്ഷങ്ങളിൽ തൂക്കിയിടാറുണ്ട്.

*ജന സ്വാസ്ത്യസഹയോഗ്* സൗരോർജ്ജ പ്ലാന്റ് വാങ്ങിയത് മുബെയിലുള്ള ഒരു കമ്പനിയിൽ നിന്നാണ്. ഇതിന് ഒരു വർഷത്തെ ഗ്യാരന്റിയുണ്ട്. എന്തെങ്കിലും കേടുപാടു സംഭവിച്ചാൽ കമ്പനി പുതിയ പ്ലാന്റ് നൽകുകയോ റിപ്പയർ ചെയ്തു തരുകയോ ചെയ്യുന്നതാണ്. ഭാവിയിൽ ഇവ റിപ്പയർ ചെയ്യുന്നതിനായി ഒരു മെക്കാനിക്കിനെ പഠിപ്പിച്ചെടുക്കണമെന്നാണ് ആഗ്രഹം'' ഗ്രാമത്തിലെ ശാന്തറാം പറഞ്ഞു. പരിസ്ഥിതി സൗഹൃദമായ ഈ പുതിയ സാങ്കേതിക വിദ്യയിൽ ഗ്രാമീണർ തികച്ചും സംതൃപ്തരാണ് - ശോഭനമായ ഒരു ഭാവി അവർക്കു മുന്നിൽ പ്രകാശ പൂരിതമായി നിലകൊള്ളുന്നു.

# നിങ്ങൾക്കറിയാമോ?

## ഹാർട്ട്ബ്ളീഡ് ബഗ്

കംപ്യൂട്ടർ സോഫ്റ്റ്വെയറിൽ കടന്നു കയറി ഇന്റർനെറ്റിലുള്ള യൂസർനെയിംസും പാസ്‌വേർഡുകളും അനധികൃതമായി കൈയേറുന്ന വൈറസുകളാണ് ഹാർട്ട്ബ്ളീഡ് ബഗ്. വെബ്സൈറ്റുകൾ, സന്ദേശങ്ങൾ, ഇ-മെയിൽ എന്നിവ വഴി ആശയവിനിമയം സാദ്ധ്യമാക്കുന്ന ക്രിപ്റ്റോഗ്രാഫിക് സോഫ്റ്റുവെയറുകളിലാണ് ഈ വൈറസുകൾ കാണപ്പെട്ടത്. എസ്.എസ്.എല്ലിന്റെ ഒരു സവിശേഷത ഹാർട്ട്ബീറ്റ് എന്നാണ് അറിയപ്പെടുന്നത്. കംപ്യൂട്ടറിൽ ഒരറ്റത്തുനിന്ന് മറ്റേ അറ്റത്തേക്ക് സിഗ്നലുകൾ നൽകുന്നത് ഈ സവിശേഷതയാണ്. ഈ പ്രത്യേകതയാണ് ഹാർട്ട്ബ്ളീഡ് വൈറസുകൾ അനധികൃതമായി വിദൂരത്തുള്ള കംപ്യൂട്ടറുകൾ ഉപയോഗിച്ച് കൈവശപ്പെടുത്തുന്നത്. സോഫ്റ്റുവെയർ സുരക്ഷാകവചം ദുർബലപ്പെടുത്തി മിക്കവാറും കമ്പനികളുടെ വിവരങ്ങൾ കറ്റാസ്ട്രോഫി വൈറസുകൾ എന്നപേരിൽ അറിയപ്പെടുന്ന ഈ അതിവിപത് വൈറസുകൾ കൈവശപ്പെടുത്തിയിട്ടുണ്ട്. വെബ്-സെർവറിന്റെ സ്വകാര്യതയും യൂസർ-പാസ്‌വേർഡുകളും ഇതോടെ കൈയേറ്റക്കാരന് പ്രാപ്യമാകുന്നു. ഹാർട്ട്ബ്ളീഡ് ബഗ് പല ഇന്ത്യൻ വെബ്സൈറ്റുകളെയും ആക്രമിച്ചിട്ടുണ്ട്. 611 വെബ്സൈറ്റുകളെങ്കിലും ആക്രമണ ഭീഷണി നേരിടുന്നവയാണ്. റെഡ് ഹെറിങ് എന്ന പേരിൽ അറിയപ്പെടുന്ന ഒരു സാങ്കേതികത ഗവേഷകർ വികസിപ്പിച്ചെടുത്തിട്ടുണ്ട്. അനധികൃതമായി കൈയ്യേറ്റം നടത്തുന്ന ഹാക്കർമാരിൽ നിന്ന് സർവറുകളെ രക്ഷപ്പെടുത്താൻ ഇത് ഉപകരിക്കും. ഇത് യഥാർത്ഥ വെബ്സർവറാണെന്ന് ഹാക്കറെ തെറ്റിദ്ധരിപ്പിച്ച് അവയുടെ പ്രഭവസ്ഥലത്തുനിന്നും ഹാക്കറെ പിടികൂടാൻ സഹായകമാകും.

ഈ വൈറസിൽ നിന്നും രക്ഷനേടാനുള്ള ഏകമാർഗ്ഗം ശക്തമായ പാസ്‌വേർഡുകൾ ഉപയോഗിക്കുക എന്നതാണ്. ഇവ യഥാസമയം പുതുക്കുകയും വേണം.

## എം. വാലറ്റ്


മൊബൈൽ വാലറ്റിന്റെ ചുരുക്കംപേരാണ് എം. വാലറ്റ്. മൊബൈൽ ഫോൺ വഴി പണമിടപാട് നടത്തുന്നതാണ് എം. വാലറ്റ്. ക്രെഡിറ്റ് കാർഡ്, ഡബിറ്റ് കാർഡ് മറ്റ് ഇലക്ട്രോണിക് സംവിധാനങ്ങൾ എന്നിവ വഴിയുള്ള പണമിടപാടുകൾ ഇപ്പോൾ സർവ്വസാധാരണമാണ്. അതുപോലെ എം - വാലറ്റ് ഉപയോഗിച്ച് മൊബൈൽ ഫോണിൽ നിന്നോ ടാബ്‌ലറ്റ് വഴിയൊ പണമിടപാടുകൾ നടത്താവുന്നതാണ്.







പ്രീ-പെയ്ഡ് കാർഡുകളെപോലെ ഉപയോഗിക്കാവുന്നവയാണ് എം വാലറ്റുകൾ. പണത്തിന്റെ എല്ലാ സുരക്ഷയും മൊബൈലിൽ തന്നെ ഉണ്ടായിരിക്കുന്നതാണ്. ബാങ്കിൽ നിന്നോ മറ്റ് സംവിധാനങ്ങളിൽ നിന്നൊ എം-വാലറ്റ് ആവശ്യമായ തുകയ്ക്ക് ടോപ്-അപ്പ് ചെയ്യേണ്ടതുണ്ട്. ഉദ്യോഗസ്ഥർക്ക് അവരുടെ ശമ്പളം ബാങ്ക് ട്രാൻസ്ഫർ സംവിധാനത്തിലുടെ എം-വാലറ്റ് ചെയ്യാവുന്നതാണ്. ഉപഭോക്താക്കൾക്ക് വളരെ പ്രയോജനപ്രദമായ ഒരു സംവിധാനമാണ് എം-വാലറ്റ്.

സ്വന്തമായി ബാങ്ക് അക്കൗണ്ടില്ലാത്ത ഗ്രാമീണർക്ക് തങ്ങളുടെ ഫോണിലൂടെ പണമിടപാടുകൾ നടത്താവുന്നതാണ്. വളരെ ലളിതമായ ഉപയോഗക്രമമായതിനാൽ പണം അയയ്ക്കുന്നവർക്കും അത് കൈപറ്റുന്നവർക്കും പ്രീപെയ്ഡ് കാർഡ് ഉപയോഗിക്കുന്നതിനേക്കാൾ എളുപ്പം എം-വാലറ്റുകൾ ഉപയോഗിക്കുന്നതാണ്. എം-വാലറ്റ് ഉപയോഗിക്കുന്നത് 2016-ൽ 1.15 ബില്യൺ ആയി ഉയരുമെന്ന് കണക്കു കൂട്ടുന്നു. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയും മൊബൈൽ പണമിടപാടുകളെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ഒരാൾക്ക് ഒരു ദിവസം 50,000 രൂപവരെയുള്ള ഇടപാടുകൾ എം-വാലറ്റ് ഉപയോഗിച്ച് നടത്താവുന്നതാണ്.







# HOME LIBRARY SCHEME



## A call for book lovers to become life members under the Scheme

**Main features of the scheme :**

1. Life membership fee is Rs.100 (non-refundable).
2. Three-year subscribers of any of the Division's journals will get 50% concession and will pay only Rs.50 as membership fee.
3. 20% discount on purchase of books worth Rs.100 or more (after discount).
4. On purchase of books worth Rs.500 or more (after discount) in a year, members will get in-house books/journals worth Rs.25 free.
5. A catalogue of Publications Division's books will be given free of cost to all members.
6. The scheme is operational within geographical boundaries of India only on a pilot basis.
7. Publications Division reserves the right to terminate the scheme any time by giving one month's notice through advertisement in newspapers.






For membership form and any other query please contact:
**Business Manager**
Publications Division
Soochna Bhawan, CGO Complex
Lodhi Road, New Delhi-110003

Tel:011-24365610, 011-24367260
FAX: 011-24365609
e-mail: dpd@sb.nic.in, dpd@mail.nic.in
website: www.publicationsdivision.nic.in

**Yojana (Malayalam) June 2014 Rs. 10 RNI. 22588/72 Postal Regn. KL/TV (S) 29/2012-14**
Licensed to post without pre-payment : KL/TV(S) WPP/172/2012-14
Published on 1-6-2014
Posted on 1-2- June 2014




ഇന്ത്യാ ഗവൺമെന്റിന്റെ പബ്ലിക്കേഷൻസ് ഡിവിഷനുവേണ്ടി അഡീഷണൽ ഡയറക്ടർ ജനറൽ ഇറാ ജോഷി
സെന്റ് ജോസഫ്സ് പ്രസിൽ അച്ചടിച്ച് തിരുവനന്തപുരത്തെ ഗവ. പ്രസ് റോഡിൽ നിന്ന് പ്രസാധനം ചെയ്യുന്നത്.
ചീഫ് എഡിറ്റർ - രാജേഷ് കെ. ഝാ, എഡിറ്റർ - ആർ.കെ.പിള്ള